Reg. M. No. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 ആഗസ്റ്റ് 17—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 ചിങ്ങം 1 | ലക്കം 2

## ഈശ്വരനെ ആരു കണ്ടു?

[ഫാദർ തോമസ് മണക്കാട്ടു്]

പഞ്ചേന്ദ്രിയങ്ങൾക്കു് വിഷയീഭൂതമാകാത്തവ വിശ്വസിക്കുന്നതു് കേവലം മൗഢ്യമാണെന്നു് പ്രഖ്യാപിക്കുന്ന ഒരു ലോകത്തിന്റെ മുമ്പിലാണു് നാം ഇന്നു ജീവിക്കുന്നതു്. ഇന്ദ്രിയങ്ങൾക്കു വിഷയമാകാത്തവയെല്ലാം വെറും ഭാവനാപരം മാത്രമാണു്, അവ അന്ധവിശ്വാസത്തിന്റെ ഒരു സമാഹാരമാണു് എന്നും മററുമാണു് ചില ആധുനികപണ്ഡിതന്മാരുടെ അഭിപ്രായവും ആശയഗതിയും. ആധുനികലോകത്തിൽ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ് സിദ്ധാന്തം അതിനു് വളവും തണലും നൽകിക്കൊണ്ടിരിക്കുന്നു. മനുഷ്യനും മൃഗവും തമ്മിൽ സാരമായ വ്യത്യാസങ്ങളൊന്നുമില്ലെന്നും മരണാനന്തരജീവിതം സംബന്ധിച്ച തത്വങ്ങൾ കേവലം ഭാവനാസൃഷ്ടങ്ങൾ മാത്രമാണെന്നും അവർ വാദിക്കുന്നു. അതിനു് അവർ കൊണ്ടുവരുന്ന ന്യായം മൃത്യുശേഷമുള്ള കാര്യങ്ങളൊന്നും ഇന്ദ്രിയഗോചരങ്ങളല്ലെന്നും അതിനാൽ അതിൽ വിശ്വസിച്ചിട്ടോ അതിനെ ലക്ഷ്യംവച്ചു ജീവിച്ചിട്ടോ ആവശ്യമില്ലെന്നുമാണു്. ചിന്താശീലന്മാരല്ലാത്തവർക്കും ലൗകികപ്രലോഭനങ്ങളിൽ മുഴുകിയവർക്കും പ്രസ്തുത ന്യായങ്ങൾ ശരിയാണെന്നു് തോന്നിയേക്കാം. കാരണം, മരണാനന്തരമുള്ള കാര്യങ്ങളെപ്പററി ഓരോരുത്തർക്കും അനുഭവമാകത്തക്കവിധം ഒരറിവും നമുക്കു നേരിട്ടു ലഭിക്കുന്നില്ല. പക്ഷെ, അതുകൊണ്ടുമാത്രം, നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കു് അനുഭവവേദ്യമാകാത്തതുകൊണ്ടുമാത്രം, ഒരു വസ്തു ഉണ്ടോ, ഇല്ലയോ എന്നു തീർച്ചപ്പെടുത്തുക സാദ്ധ്യമല്ല. ജീവിതത്തിൽ നാം അറിയുകയും വിശ്വസിക്കയും ചെയ്യുന്ന മിക്ക കാര്യങ്ങളും നാം നേരിട്ടു കാണുകയോ, ഇന്ദ്രിയഗോചരമാകുകയോ ചെയ്തിട്ടല്ലെന്നുള്ളതു് തീർച്ചയാണു്. അമേരിക്കയിൽ ന്യൂയോർക്കു പട്ടണമുണ്ടെന്നും ഐസൻഹോവർ അവിടത്തെ പ്രസിഡണ്ടാണെന്നും നാം അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മിൽ എത്രപേർ അദ്ദേഹത്തെ കണ്ടിട്ടുണ്ടു്, ആ പട്ടണം ദർശിച്ചിട്ടുണ്ടു്? വിശ്വസ്തരും, അവിടെപ്പോയി അതെല്ലാം കണ്ടവരുമായ ആളുകളുടെ പ്രസ്താവനയല്ലേ നമ്മുടെ വിശ്വാസത്തിന്റെ ആധാരം. അതുപോലെ, നമ്മുടെ മരിച്ചുപോയ പൂർവ്വപിതാക്കന്മാരെ നാം കണ്ടിട്ടുണ്ടോ? എങ്കിലും അവരുണ്ടായിരുന്നെന്നും അവരിൽനിന്നാണു് നാമും നമ്മുടെ പിതാക്കന്മാരും സംജാതരായതെന്നും നാം വിശ്വസിക്കുന്നില്ലേ? ഭൂമി ഉരുണ്ടതാണെന്നും അതു സൂര്യനെ ചുററുന്നു എന്നും നാം വിശ്വസിക്കുന്നു. പക്ഷെ, നമ്മിൽ ആരു് അതു കണ്ടിട്ടുണ്ടു്? എന്തിനു് ഉദാഹരണങ്ങൾ വർദ്ധിപ്പിക്കുന്നു. നാം കാണാത്തതും കേൾക്കാത്തതും നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കു അനുഭവമാകാത്തതുമായ പലതും പണ്ഡിതന്മാരും വിശ്വസ്തന്മാരുമായ ചരിത്രകാരന്മാരും, ശാസ്ത്രജ്ഞന്മാരും, താത്വികരും പറഞ്ഞു നാം വിശ്വസിക്കുകയല്ലേ ചെയ്യുന്നതു്! അതിനാൽ പഞ്ചേന്ദ്രിയങ്ങൾക്കു വിഷയമാകാത്തവയിലും നാം വിശ്വസിച്ചുവരുന്നു എന്നു നിസ്തർക്കം തെളിയുന്നു. ഈശ്വരനെ നാം നേരിട്ടു കണ്ടിട്ടില്ലെങ്കിലും ഉണ്ടെന്നു വിശ്വസിക്കുന്നവരാണു് നൂറിൽ തൊണ്ണൂറെറാൻപതു ശതമാനവും. ബുദ്ധിയുള്ള മനുഷ്യനു് കാര്യകാരണസഹിതം അതു തെളിയിക്കുവാൻ സാധിക്കും. യുക്തിയിൽനിന്നുള്ള തെളിവിനുപുറമേ, ഈശ്വരനെപ്പററിയുള്ള ജ്ഞാനം വെളിപാടുകൾ മുഖേനയും ഈശ്വരാവതാരംമൂലവും നമുക്കു പ്രത്യക്ഷമാക്കി തന്നിട്ടുണ്ടു്. അവയെല്ലാം അവിശ്വസനീയങ്ങളാണെന്നും മററു ജ്ഞാനങ്ങളെല്ലാം വിശ്വസനീയങ്ങളാണെന്നും പറയുന്നതു് സത്യവിരുദ്ധമല്ലേ! മനുഷ്യകുലത്തിന്റെ ആരംഭം മുതൽ സമസ്തജാതിജനങ്ങളുടെ ഇടയിലും പ്രബലമായി വളർന്നുകൊണ്ടിരിക്കുന്ന ഒരു വിശ്വാസം ഇന്നു തെററാണു്, അബദ്ധമാണു് എന്നു തെളിവുകൂടാതെ ഖണ്ഡിക്കുവാൻ ശ്രമിക്കുന്നതു് എത്ര ബുദ്ധിഹീനമാണു്. ലോകഭോഗങ്ങളിൽ മുങ്ങിപ്പൊങ്ങി മൃഗങ്ങളെപ്പോലെ സർവ്വസ്വതന്ത്രരായി ജീവിക്കുവാനുള്ള മനുഷ്യന്റെ മൃഗീയാംശത്തിന്റെ നിരന്തരപ്രേരണകൊണ്ടാണു് ഈശ്വരവിശ്വാസം നശിപ്പിക്കുവാൻ ചിലർ ശ്രമിക്കുന്നതു്. മനുഷ്യനെ മൃഗത്തിൽനിന്നും വേർതിരിക്കുന്ന ബുദ്ധിയുടെയും മനസ്സാക്ഷിയുടെയും പ്രചോദനങ്ങൾ അവന്റെ മൃഗീയജീവിതത്തിനു് വിലങ്ങുതടിയായി നില്ക്കുന്നുണ്ടു്. അതിനെ വലിച്ചെറിഞ്ഞു യാതൊരു നിയന്ത്രണവുമില്ലാതെ ജീവിക്കുവാനാണു് അവൻ ശ്രമിക്കുന്നതു്. തന്മൂലം അവന്റെ ജീവിതത്തിൽ അനുഭവമാകുന്ന ദുരന്തദുരിതങ്ങളും മനഃക്ലേശങ്ങളും അവർണ്ണനീയങ്ങളാണു്. പക്ഷെ, അതേപ്പററി അവനൊരു ചിന്തയുമില്ല. നാഥനില്ലാത്ത രാജ്യംപോലെ, ചുക്കാനില്ലാത്ത വഞ്ചിപോലെ, നിയന്ത്രണമില്ലാത്ത ജീവിതവും നാശോന്മുഖമാകും. ലോകാനുഭവംതന്നെ അതിനു തെളിവുതരുന്നുണ്ടു്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ അസ്വസ്ഥതയും, കലഹവും, കലാപവും നമുക്കു് അറിവുള്ളതാണല്ലോ. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയാണവിടെ. അന്നന്നുള്ള ശക്തനായ ഭരണാധിപന്റെ നിഷ്ഠൂരമായ കരബലത്തിലമർന്നു് സ്വാതന്ത്ര്യത്തേയും ജീവനേയും ഭയന്നുള്ള അടിമത്തപൂർണ്ണമായ ജീവിതമാണവിടെ. മനുഷ്യന്റെ സ്വൈരജീവിതത്തിനു് ആവശ്യമായ നിയമമോ, നീതിയിലും സത്യത്തിലും അധിഷ്ഠിതമായ ഒരു ഭരണക്രമമോ അവിടെ ഇല്ല. ഈശ്വരവിശ്വാസവും ഈശ്വരദത്തങ്ങളായ പ്രകൃതിനിയമങ്ങളും മാററിവച്ചു് ഈശ്വരന്റെ സ്ഥാനവും അധികാരവും മനുഷ്യൻ ഏറെറടുത്തതിന്റെ ഭീകരഫലങ്ങളാണു് ഇന്നു് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നാം കാണുന്നതു്. ഈ യാഥാർത്ഥ്യം ശരിക്കു മനസ്സിലാക്കിയ ലോകപ്രസിദ്ധനായ മഹാത്മജി ഊന്നിപ്പറഞ്ഞിട്ടുള്ള വാക്കുകൾ ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്. അദ്ദേഹം പറയുന്നു: "നാം രണ്ടുപേരും ഇരിക്കുന്നുണ്ടെന്നതിനെക്കാൾ ഏറെ വിശ്വാസം അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ എനിക്കുണ്ടു്. വായുവും വെള്ളവും കൂടാതെ ഞാൻ ജീവിച്ചേക്കാം, എന്നാൽ അദ്ദേഹത്തെ (ഈശ്വരനെ) കൂടാതെ എനിക്കു ജീവിക്കുവാൻ കഴിയുകയില്ലെന്നുംകൂടി എനിക്കു പറയുവാൻ കഴിയും."

പ്രാചീനരും അർവ്വാചീനരുമായ ഈരേറിയ മഹാപുരുഷന്മാരെല്ലാംതന്നെ ഈശ്വരാസ്തിക്യത്തെ സശിരഃകമ്പം സമ്മതിച്ചു പറഞ്ഞിട്ടുള്ളവരാണു്. ലേഖനദൈർഘ്യം ഭയന്നു് അവരിൽ ചിലരുടെ പ്രസ്താവനകൾ മാത്രം താഴെ ചേർത്തുകൊള്ളുന്നു.

പ്രാചീനലോകത്തിലെ മഹാചരിത്രകാരനായ പ്ളൂട്ടാർക്ക്: "നിങ്ങൾ ഭൂമിമുഴുവൻ പര്യടനം ചെയ്യുന്ന പക്ഷം കോട്ടകളാൽ സുരക്ഷിതമല്ലാത്തവയോ, നാണയങ്ങളും നിയമങ്ങളുംനടപ്പിലില്ലാത്തവയോ, സ്ഥിരമായ വസതികളില്ലാത്തവയോ ആയ നഗരങ്ങൾ കണ്ടെത്തിയേക്കാം. എന്നാൽ, ദേവാലയങ്ങളും ദേവന്മാരുമില്ലാത്ത, പ്രാർത്ഥനകളും ബലികളുമർപ്പിക്കാത്ത നഗരങ്ങൾ കാണുകയില്ല."

പ്രസിദ്ധതാത്വികനായ പ്ലേറേറാ: "ഭൂമിയുംസൂര്യനും നക്ഷത്രങ്ങളും എന്നുവേണ്ട പ്രപഞ്ചം മുഴുവനും



**സെൻറ് മേരീസ് കപ്പേള, പുതുവേലി**

പുതുവേലി കവലയിൽ പണിതീർത്തിരിക്കുന്ന ഈ കപ്പേള ഫെബ്രുവരി 7-ാംനു കോട്ടയംമെത്രാൻ തിരുമനസ്സുകൊണ്ടു ആശീർവ്വദിച്ചു.

ആത്മകഥാകഥനം

# എല്ലൻ ഗോമറി

[എം. കന്നത്തു]

(“മുപ്പതു വർഷങ്ങൾക്കു് മുമ്പു് ഇല്ലിനോയിസ് സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിനി എന്നെ സമീപിച്ചു. അവളുടെ സത്യാന്വേഷണപരിശ്രമങ്ങളിൽ സഹായമഭ്യർത്ഥിച്ചുകൊണ്ടു്. മഹാമനസ്കതയും ദൃഢനിശ്ചയവും അവൾക്കു വേണ്ടുവോളമുണ്ടായിരുന്നു. കത്തോലിക്കാ ചൈതന്യം നിറഞ്ഞൊഴുകുന്ന ഒരു കുടുംബത്തിന്റെ അധിപയാണു് അവളിന്നു. പരമാർത്ഥതയോടും ആദ്ധ്യാത്മികാനുഭൂതിയോടുംകൂടി അവൾ തന്റെ കഥ പറയുകയാണു്.” — ഫാദർ ഓബ്രിയന്റെ “Paths to Christ” എന്ന ഗ്രന്ഥത്തിൽനിന്നു്.)

സ്വന്തമായി ഒരു കഥ പറയാൻ എല്ലാവർക്കുമുണ്ടാകും. നിഗൂഢമായൊരു ജീവിതത്തിൽപോലും ശ്രദ്ധേയമായ പലതും സംഭവിച്ചേക്കാം. അതു നാല്ക്കവലയിൽ വച്ചുള്ള ഒരു യാദൃച്ഛിക കൂട്ടിമുട്ടൽ ആകാം; ടെലഫോണിൽനിന്നുള്ള “കിണികിണി”ശബ്ദമായിരിക്കാം; അവ ചിലപ്പോൾ ഒരു ജീവിതകഥ ആകപ്പാടെ പൊളിച്ചെഴുതിയെന്നും വന്നേക്കാം.

എന്റെ ഭാഗധേയത്തെ നിയന്ത്രിച്ചതു് രാവിലത്തെ മെയിലിൽവന്ന ഒരെഴുത്താണു്. എന്നെ വല്ല ബോർഡിംഗിലും ആക്കിയിട്ടു് ബിസിനസ്സു സംബന്ധിച്ചു് അകലെയെവിടെയോ പോകുവാനുള്ള അപ്പച്ചന്റെ പ്ലാൻ അതിലുണ്ടായിരുന്നു. ഒരു പുതിയ അദ്ധ്യായം എന്റെ ജീവിതത്തിൽ എഴുതിച്ചേർക്കുവാൻ പോകയാണു്. ബോർഡിംഗുജീവിതത്തിന്റെ ചിത്രങ്ങൾ എന്റെ മനസ്സിൽ വന്നു പതിയുകയും മാഞ്ഞുപോവുകയും ചെയ്തുകൊണ്ടിരുന്നു. “ക്യാററലോഗി”നുവേണ്ടി പത്രത്തിൽ കണ്ട സ്കൂളുകളിലേക്കെല്ലാം എഴുതി. വിർജീനിയായിലെ മലനാടുകളിൽനിന്നും സമുദ്രതീരത്തെ സമതലങ്ങളിൽനിന്നും എനിക്കു മറുപടികൾകിട്ടി. ഞാൻ വളരെ ചിന്തിച്ചു. അവസാനം വാർഡ്ബെൽമോണ്ടിനു (Ward Belmont) തന്നെ വോട്ടുചെയ്തു. ആ സ്കൂളിന്റെ പരസ്യം എന്നെ ആകർഷിച്ചു. സുന്ദരിയായ ഒരു പെൺകുട്ടി അശ്വാരൂഢയായി വേട്ടനായ്ക്കളെ അനുഗമിക്കുന്നതായിരുന്നു അതിന്റെ വർണ്ണശബളമായ പുറംചട്ടതന്നെ.

ഞാൻ കണ്ടുപിടിച്ച സ്ഥലം എന്റെ മാതാപിതാക്കന്മാർക്കും ഇഷ്ടമായി. അതിനു കാരണവുമുണ്ടു്. ആ കോൺവെന്റു് സ്കൂൾ നടത്തുന്ന കന്യാസ്ത്രീകളിൽ ഒരാൾ എന്റെ അപ്പച്ചന്റെ സഹോദരിയാണു്. സ്വാർത്ഥമായ ഉദ്ദേശമൊന്നുംകൂടാതെ അദ്ധ്യാപനം നടത്തുവാൻ ജീവിതം അർപ്പിച്ചിരിക്കുന്ന ബഹുമാനപ്പെട്ട സഹോദരിമാരോടു് അപ്പച്ചനു വലിയ ബഹുമാനമുണ്ടായിരുന്നു. കൂടാതെ, ഇളയമ്മ അടുത്തുതന്നെ ഉണ്ടായിരിക്കുമെന്നതു് ഒരാശ്വാസവുമാണല്ലൊ!

ഒരു പ്രോട്ടസ്റ്റന്റു് ഭവനത്തിൽ, ധാരാളം പ്രോട്ടസ്റ്റന്റു് ബന്ധുക്കളും സ്നേഹിതന്മാരുമായി ഇടപഴകി ജീവിച്ചതിനുശേഷം, കത്തോലിക്കാ അന്തരീക്ഷത്തിലേക്കുള്ള പുറപ്പാടു് എന്നെ വല്ലാതെ അലട്ടി. എന്റെ പിതാവു് ചെറുപ്പകാലത്തു് ഒരു കത്തോലിക്കനായിരുന്നു. പല കത്തോലിക്കാ ബന്ധുജനങ്ങളും ഞങ്ങളുടെ വീടു് സന്ദർശിക്കുക പതിവാണു്. ഒരു “സെക്യൂലർ യൂണിവേഴ്സിററി”യിൽ പഠിച്ച എന്റെ പിതാവു് മതകർമ്മങ്ങൾ ഉപേക്ഷിച്ചിട്ടു് കാലം വളരെയായിരുന്നു; മതത്തെക്കുറിച്ചു ഞങ്ങൾ ഒരിക്കലും സംസാരിച്ചിരുന്നില്ല. “കത്തോലിക്കാമതം” എന്നു ഞാൻ കേട്ടിട്ടുണ്ടായിരുന്നതല്ലാതെ അതിനെപ്പററി എനിക്കു യാതൊരറിവുമുണ്ടായിരുന്നില്ല ഇക്കാലത്തു്.

ഞാൻ മറെറാരു ലോകത്തിലായി. ബോർഡിംഗു് ജീവിതം ഞാൻ വിഭാവനം ചെയ്തിരുന്നതുപോലെയല്ലെന്നു് അവിടെവച്ചു എനിക്കു അനുഭവപ്പെട്ടു. ദിവസങ്ങൾ കഴിയുന്തോറും പുതിയ ജീവിതം എനിക്കു ആസ്വാദ്യമായിത്തോന്നി. ബഹുമാനപ്പെട്ട സഹോദരിമാരുടെ ജീവിതനൈർമ്മല്യവും ചൈതന്യവും എന്നെ വല്ലാതെ ആകർഷിച്ചു, ആനന്ദിപ്പിച്ചു. കത്തോലിക്കാ മതത്തിലേക്കുള്ള എന്റെ പ്രഥമ കാൽവെപ്പായിരുന്നു ഈ കോൺവെന്റു് വാസം.

അന്നൊരിക്കൽ ബ. ഇളയമ്മയുടെ ഒരെഴുത്തുകിട്ടി. കൂടെ ഒരു ചെറിയ പാഴ്സലും. എഴുത്തു ഞാൻ തുറന്നു വായിച്ചു പരിശുദ്ധ ദൈവമാതാവിനെക്കുറിച്ചു് സി. ജെയിൻ സുദീർഘമായി പ്രതിപാദിച്ചിരുന്നു ആ ലേഖനത്തിൽ. വേർഡ്സ്വെർത്തിന്റെ “പങ്കിലമായ നമ്മുടെ പ്രകൃതിയുടെ ഏകാഭിമാനം” (Our tainted nature's solitary boast) എന്ന വാക്യം എന്നെ ആകർഷിച്ചു. പാഴ്സലിൽ ഒരു ജപമാല ആയിരുന്നു ഉണ്ടായിരുന്നതു്. ആ സമ്മാനം സ്വീകരിക്കണമോ എന്നു ഞാൻ ആദ്യം സംശയിച്ചു. ഇളയമ്മ സ്നേഹപൂർവ്വം സമ്മാനിച്ചതല്ലേ! ഞാൻ സ്വീകരിച്ചു. മുമ്പൊരിക്കലും ഞാൻ കൊന്ത ജപിച്ചിട്ടില്ല; മിക്കവാറും ഇനി ജപിക്കാനും ഇടയില്ല, ഞാൻ മനസ്സിൽ കണ്ടു.

ഡിസമ്പർ അന്ത്യവാരത്തിൽ കഠിനമായ ഒരു ഇൻഫ്ളുവൻസാ എന്നെ പിടികൂടി. ഡിസമ്പർ എട്ടാംതീയതി അമലോത്ഭവജനനിയുടെ തിരുനാൾദിവസം രാവിലെ തിരുകർമ്മങ്ങൾക്കുശേഷം, ശുഭ്രവസ്ത്രധാരിണികളായ ഏതാനും സഹപാഠിനികൾ എന്റെ മുറിയിലേക്കു കയറിവന്നു. എന്റെ സുഖപ്രാപ്തിക്കായി അവർ അനുഷ്ഠിച്ച സുകൃതമഞ്ജരി എനിക്കു സമർപ്പിച്ചു. വിശുദ്ധ കർബാനസ്വീകരണം എന്ന കൃത്യം ഞാൻ പ്രത്യേകം നോട്ടുചെയ്തു.

ദിവ്യകാരുണ്യസ്വീകരണം എന്നാൽ എന്തെന്നു് എനിക്കിപ്പോഴേ മനസ്സിലായുള്ളു. കമ്മ്യൂണിയൻ സർവ്വീസുകളിൽ ഞാൻ നേരത്തെ സംബന്ധിച്ചിരുന്നുവെന്നുള്ളതു ശരിയാണു്. എന്നാൽ അതു വെറും ഒരു അനുസ്മരണമാത്രമായിരുന്നു; ദിവ്യനാഥന്റെ യഥാർത്ഥസാന്നിദ്ധ്യം അവിടെ ഉണ്ടായിരുന്നില്ല.

അന്നത്തെ പനി, ദൈവത്തിന്റെ പ്രത്യേകാനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനു് കാരണമാക്കിയെന്നു് ഇന്നു്, എന്റെ ഭൂതകാലജീവിതത്തെ പ്രത്യവലോകനം ചെയ്യുമ്പോൾ എനിക്കു ബോധ്യപ്പെടുന്നുണ്ടു്. കത്തോലിക്കാമതത്തിന്റെ മനോഹാരിത അന്നാണു ഞാൻ മനസ്സിലാക്കിയതു്.

പിന്നെയും നിഷ്പക്ഷതയിൽത്തന്നെ ഞാൻ നിലകൊണ്ടു. വസന്തകാലത്തിലെ ധ്യാനംവരെ ഞാനൊരു കൊച്ചു കോൺഗ്രഗേഷനലിസ്റ്റു് തന്നെയായിരുന്നു.

റവ. ഫാ. ജോൺ റോബിൻസൺ എസ്. ജെ. ആയിരുന്നു അക്കൊല്ലത്തെ ധ്യാനഗുരു. ആദ്ധ്യാത്മികമണ്ഡലങ്ങളിലൂടെ അദ്ദേഹം മൂന്നുദിവസം ഞങ്ങളെ നയിച്ചു, നിത്യസത്യങ്ങളുടെ സൗന്ദര്യത്തെ വിവരിച്ചുകൊണ്ടു്. പ്രായോഗികജീവിതത്തിൽ പകർത്താൻപററിയ പലതും ഞാൻ ആ ധ്യാനപ്രസംഗങ്ങളിൽനിന്നു സംഗ്രഹിച്ചു. വിശുദ്ധ കർബാന സ്വീകരിക്കുമ്പോഴുണ്ടാകുന്ന സന്തോഷവും സംതൃപ്തിയും, അതു സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും, ധ്യാനഗുരു ഹൃദയാവർജ്ജകമായി വർണ്ണിച്ചുകേൾപ്പിച്ചപ്പോൾ, ആ ദിവ്യകൂദാശ സ്വീകരിക്കുവാൻ അതിയായ ആഗ്രഹം എനിക്കുണ്ടായി; അതത്യാവശ്യമാണെന്നു എനിക്കു ബോധ്യപ്പെട്ടു.

ധ്യാനം കഴിഞ്ഞപ്പോൾ ഫാദർ റോബിൻസനെക്കണ്ടു് എന്റെ ആഗ്രഹം വെളിപ്പെടുത്തി. അനുമതിക്കായി മാതാപിതാക്കന്മാർക്കെഴുതുവാൻ അദ്ദേഹം പറഞ്ഞു. അനുവാദം കിട്ടുന്നില്ലെങ്കിൽ സ്കൂൾജീവിതം കഴിയുന്നതുവരെ കാത്തിരിക്കാനും അദ്ദേഹം എന്നെ ഉപദേശിച്ചു.

വിശദമായി, കത്തോലിക്കാമതത്തോടുള്ള അതിയായ പ്രതിപത്തിയെ പ്രകടിപ്പിച്ചുകൊണ്ടു്, അപ്പച്ചനും അമ്മച്ചിക്കും ഞാൻ വേറെവേറെ കത്തുകളെഴുതി. സി. ജയിനിനോടും ഉപദേശം ചോദിച്ചു. മറുപടികൾ വന്നുചേരുമ്പോഴേക്കും കുറെ വേദപാഠം പഠിക്കുന്നതിനും ഞാൻ തീരുമാനിച്ചു.

മറുപടിക്കത്തുകൾ വന്നുചേർന്നു: “ഞങ്ങളുടെ വീട്ടിൽ താമസിക്കുന്നിടത്തോളംകാലം ഞങ്ങൾ അനുവദിക്കുകയില്ല.” ഇന്നു്, മൂന്നു കുഞ്ഞുങ്ങളുടെ അമ്മയായപ്പോൾ മാത്രമേ എന്റെ മാതാപിതാക്കന്മാരുടെ അന്നത്തെ മനോഭാവം എനിക്കു ഗ്രഹിക്കുവാൻ കഴിയുന്നുള്ളു. പ്രശാന്തവും സന്തോഷസംദായകവുമായ കുടുംബാന്തരീക്ഷത്തിൽനിന്നു ഒരു പതിനാറുകാരി മതംമാറി കുടുംബബന്ധത്തെ വിച്ഛേദിക്കുവാൻ തുനിയുകയാണു്! മാതാപിതാക്കൾ എങ്ങനെ സഹിക്കും?

എന്റെ ബോർഡിംഗ്ജീവിതം അക്കൊല്ലത്തോടെ അവസാനിച്ചു. പിന്നത്തെ എന്റെ വിദ്യാഭ്യാസം ഒരു പബ്ലിക്ക്സ്കൂളിലായി. എന്നാലും ആ തിരുഹൃദയത്തിന്റെ കൊച്ചുചാപ്പലിൽനിന്നു കിട്ടിയ ആദ്ധ്യാത്മികാനന്ദം ഞാൻ കൈവിട്ടുകളഞ്ഞില്ല.

ഇല്ലിനോയിസിലെ കോളജിൽ ഞാൻ ഉപരിപഠനമാരംഭിച്ചു. മഠത്തിൽനിന്നു പോന്നതിനുശേഷം വിശുദ്ധ കർബാനയുടെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിനു് അന്നാണെനിക്കു അവസരം കിട്ടിയതു്. ധാരാളം കത്തോലിക്കാസ്നേഹിതകൾ അവിടെ എനിക്കുണ്ടായിരുന്നു. വിദ്യാർത്ഥികളെക്കൊണ്ടു ദൈവാലയം നിറഞ്ഞിരുന്നു ദിവസവും രാവിലെ. ഞാനും ദിവ്യബലിയിൽ അനുദിനം സംബന്ധിച്ചു. ഇക്കാലത്തു കോളേജ്ചാപ്പലിൽ പ്രസംഗങ്ങൾ നടത്തിയിരുന്ന ഫാദർ ജോൺ ഓബ്രിയനുമായി പരിചയപ്പെടുന്നതിനും മതവിഷയങ്ങളെക്കുറിച്ചു സംസാരിക്കുന്നതിനുംസാധിച്ചു. ഇന്നും ഞാൻ ആസ്വദിക്കുന്നുണ്ടു് അദ്ദേഹത്തിന്റെ വാക്കുകളുടെ മാധുര്യം.

ഞാൻ ബിരുദനേടി. അദ്ധ്യാപനത്തിൽ ഏർപ്പെടുന്നതിനുവേണ്ടി “ബ്യൂറോ”യിലേക്കെഴുതി; വളരെ പ്രാർത്ഥിച്ചു. തെക്കെ ഇല്ലിനോയിസിൽ എനിക്കു നിയമനം കിട്ടി. ഉടനെ ഞാൻ ഫാദർ ഓബ്രിയനെ സന്ദർശിച്ചു. കരുണയോടെ അദ്ദേഹമെന്നെ സ്വീകരിച്ചു. സ്കൂൾ തുറക്കുന്നതിനുമുമ്പുള്ള ചുരുങ്ങിയ സമയംകൊണ്ടു് വേണ്ടതെല്ലാം എനിക്കദ്ദേഹം പറഞ്ഞുതന്നു. കോളേജിലെ ഒരു സഹപാഠിയുടെ സാന്നിദ്ധ്യത്തിൽ ഞാൻ ജ്ഞാനസ്നാനം സ്വീകരിച്ചു. പിറേറന്നു്, വിശുദ്ധ പൗലോസിന്റെ മാനസാന്തരതിരുനാളിൽ ആദ്യമായി ദിവ്യകാരുണ്യനാഥനെ ഞാൻ ഹൃദയത്തിൽ സ്വീകരിച്ചു; ഞാൻ സംതൃപ്തയായി!

ജോലി സ്വീകരിക്കുവാൻ ഞാൻ താമസിയാതെ യാത്രയായി. ഹെഡ്മാസ്റ്ററും ഭാര്യയും എന്നെ സ്വീകരിക്കുവാൻ റെയിൽവേസ്റ്റേഷനിൽ കാത്തുനില്ക്കുന്നുണ്ടായിരുന്നു......ഞങ്ങൾ ഭക്ഷണത്തിനിരുന്നു; അന്നു് വെള്ളിയാഴ്ചയായതുകൊണ്ടു് മാംസം ഞാൻ ഉപയോഗിച്ചില്ല. ഹെഡ്മാസ്റ്റർ ചോദിച്ചു: “ഒരുപക്ഷെ നിങ്ങൾ ഒരു കത്തോലിക്കയായിരിക്കാം.” “അങ്ങനെതന്നെ” ഞാൻ മറുപടിപറഞ്ഞു. സഭയിലെ എന്റെ ശിശുത്വത്തെ മറച്ചുവയ്ക്കുവാൻ ഞാൻ ആഗ്രഹിച്ചു. അപ്രതീക്ഷിതമായിരുന്നു എന്റെ ഉത്തരം. ആ സ്കൂളിലെ സ്റ്റാഫംഗങ്ങളിൽ ഒരാൾപോലും കത്തോലിക്കനല്ല. ആ നാട്ടിൽ ആകെ ഒരു കത്തോലിക്കാകുടുംബംമാത്രവും!! ഒരു കത്തോലിക്കാ ടീച്ചറെ നിയമിച്ചതിൽ ഹെഡ്മാസ്റ്റർക്കാണു് ഉത്തരവാദിത്വം. സ്കൂൾ ഡിസിപ്ലിൻ കുറഞ്ഞുപോയെങ്കിലോ? പാവം! ഹെഡ്മാസ്റ്റർ!! ക്ലാസ്സുകൾ മുഷ്ക്കാരംഭിച്ചു. അച്ചടക്കത്തിനു് കുറവൊന്നും ഉണ്ടായില്ല! മാതാപിതാക്കന്മാരുടെ ആശങ്കകളും എതിർപ്പുകളും ക്രമേണ കുറഞ്ഞുവരികയായിരുന്നു. ഈ അവസരത്തിൽ അമ്മ എനിക്കെഴുതി: “നിന്റെ മതംമാററത്തിനുള്ള കാരണം എനിക്കു മനസ്സിലാകുന്നില്ല. ഏതായാലും നീ ഇപ്പോഴും എന്റെ കുഞ്ഞുമകൾതന്നെ. നിന്റെ എഴുത്തുകൾ കിട്ടുന്നതു് എനിക്കു സന്തോഷകരമാണു്.”

ഒഴിവുകാലമായി; ഞാൻ വീട്ടിലെത്തി. ഹൃദ്യമായൊരു സ്വീകരണംതന്നെ എനിക്കു ലഭിച്ചു.

---

ഈശ്വരനെന്നു് ഒരാൾ ഉണ്ടെന്നു ചൂണ്ടിക്കാണിക്കുന്നു.”

മഹാതാത്വികനായ അരിസ്റ്റോട്ടൽ: “മനുഷ്യകുലത്തിന്റെ ഒന്നാകെയുള്ള സാക്ഷ്യം അനുസരിച്ചു് സകല വസ്തുക്കളുടെയും ആദികാരണം ഈശ്വരനാണു്.”

മതാനുകൂലി അല്ലാതിരുന്ന പ്രസിദ്ധ പണ്ഡിതനായ ഡേവിഡ് ഹ്യൂംസ്: “പ്രകൃതിയുടെ ഘടന, ബുദ്ധിമാനായ ഒരു സൃഷ്ടികർത്താവിന്റെ ആവശ്യകതയെ പ്രസ്പഷ്ടമാക്കുന്നു.”

മഹാനായ നെപ്പോളിയൻ: “സർവ്വചരാചരവും യാതൊരാളുടെ സാന്നിധ്യത്തെ വെളിപ്പെടുത്തുന്നുവോ, ആ ദൈവത്തിൽ വിശ്വസിക്കുന്നതിനു നിങ്ങൾക്കു കഴിവില്ലയോ?”

ബിസ്മാർക്ക്: “ജർമ്മൻകാർ ദൈവത്തെയല്ലാതെ മററാരെയും ഭയപ്പെടുന്നില്ല.”

സർ ഐസക്ക് ന്യൂട്ടൻ: “നമ്മുടെ ആത്മാവു് സ്വകീയമായ ഇച്ഛാശക്തിയാൽ ശരീരത്തിന്റെ ചലനങ്ങളെ നിയന്ത്രിക്കുന്നതിൽ പ്രദർശിപ്പിക്കുന്നതിനെക്കാൾ വിശിഷ്ടമായ പ്രാബല്യത്തോടെ ഈ പ്രപഞ്ചത്തിന്റെ നാനാഭാഗങ്ങളെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ഒരു സർവ്വശക്തന്റെ ബുദ്ധിവൈഭവത്തിലും ജ്ഞാനമാഹാത്മ്യത്തിലുമാണു് ഈ ദൃശ്യപ്രപഞ്ചത്തിന്റെ ഉൽപ്പത്തിയെ നിക്ഷേപിച്ചിരിക്കുന്നതു്.”

മേൽപ്രസ്താവിച്ച ലോകമഹാരഥന്മാരാരും ദൈവത്തെ നേരിട്ടു കണ്ടിട്ടുള്ളവരല്ലല്ലോ. എങ്കിലും ആ അഗാധചിന്തകന്മാർ, ഈ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കയും ഭരിക്കയും ചെയ്യുന്ന ഒരാളുണ്ടെന്നു് യുക്തിയുക്തം തെളിയിക്കയും ഉറപ്പിച്ചു പ്രഖ്യാപനം ചെയ്കയും ചെയ്തിരിക്കുന്നു. ഇന്നത്തെ നിരീശ്വരവാദികളോ, അവരുടെ നേതാക്കന്മാരായ മാർക്സോ, ലെനിനോ, സ്റ്റാലിനോ പ്രസ്തുത മഹാപുരുഷരത്നങ്ങളുടെ മുമ്പിൽ കേവലം നിഴൽ മാത്രമാണെന്നു് നാം ഗ്രഹിക്കണം. പരമാർത്ഥം ഇതാണെങ്കിലും ഉപരിപ്ലവബുദ്ധികളും പുരോഗമനവാദികളുമായ ഇന്നത്തെ ചിലനിരീശ്വരതത്വപ്രചാരകർ ഇതൊന്നും സമ്മതിച്ചെന്നു വരില്ല. അതിൽ അത്ഭുതത്തിനു് അവകാശവുമില്ല. കാരണം, ലോകപ്രലോഭനങ്ങൾ അത്രയ്ക്കും അവരെ ആകർഷിച്ചിരിക്കയാണു്.

---



Sr. Alphonsa, I.C.

പരി. മാതാവിന്റെയും, അന്തോനീസ് പുണ്യവാളന്റെയും അനുഗ്രഹത്താലും, ബ. അൽഫോൻസാമ്മയുടെ പ്രത്യേക സഹായത്താലും വിചാരിച്ച കാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

K. A. Anthony

---

വി. റീത്തായുടെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ സഹോദരനു സൗകര്യപ്രദമായ ഉദ്യോഗം ലഭിച്ചതിനു് ഉപകാരസ്മരണ.


മിസ്സിസ് ത്രേസ്യ ജോൺ, കോഴിക്കോടു്.

---

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

# സുറിയാനി കർമ്മലീത്താ വൈദിക കലാലയശിലാസ്ഥാപനം ബാങ്കളൂരിൽ

കേരളീയസുറിയാനി കമ്മലീത്തരുടെ ചരിത്രത്തിൽ ഒരു നവീനാദ്ധ്യായം തുറക്കുകയും ഭാരതീയസഭയിൽ ചരിത്രം സൃഷ്ടിക്കുകയും ചെയ്ത ഒരു സംഭവമാണു്, ഇക്കഴിഞ്ഞ ജൂലൈ 16-ാംനു—കമ്മലനാഥാദിനത്തിൽ—ബാങ്കളൂരിൽ നടന്ന ശിലാസ്ഥാപനകമ്മം. പരിശുദ്ധ സിംഹാസനത്തിൻെറയും ബാങ്കളൂർ ആർച്ചുബിഷപ്പു് തിരുമേനിയുടേയും അംഗീകാരത്തോടെ സുറിയാനി കമ്മലീത്തരുടെ വൈദികകലാലയം ബാങ്കളൂരിൽ സ്ഥാപിക്കുന്നതിനു് സഭാധികാരികൾ നേരത്തെ പരിശ്രമങ്ങൾ നട ഭാഷകാഗ്രേസരനായകൃഷ്ണമൂത്തി, ഹൈക്കാർട്ടു ഡപ്യൂട്ടിരജിസ്റ്റാർ ശ്രീ കോര ചാണ്ടി മുതലായ പ്രമുഖന്മാരുടേയും അകമ്പടിയോടുകൂടിയാണു് ആർച്ചുബിഷപ്പു് പോത്തക്കാമുറി തിരുമനസ്സുകൊണ്ടു ശിലാസ്ഥാപനകമ്മം നിർവ്വഹിച്ചതു്. ജസ്യൂട്ടു്, ബെനഡിക്ടൈൻ, കാർമ്മലയിററു്, ഫ്‌റാൻസിസ്കൻ, റെഡംപ്‌റററിസ്റ്റു് ആദിയായ വിശ്വവ്യാപകമായ സന്യാസസഭകളെ പ്രധിനിധീകരിച്ചുകൊണ്ടു് പ്രസ്തുത സഭാംഗങ്ങളും സ്ഥലത്തെ കത്തീഡ്രൽ തുടങ്ങിയ എല്ലാ ഇടവകവികാരിമാരും, അതിരൂപതാപ്രൊക്കു



കേരളസുറിയാനി കമ്മലീത്താസഭയുടെ വൈദികകലാലയത്തിൻെറ ശിലാസ്ഥാപനം ബാംഗളൂരിൽ ആർച്ചുബിഷപ്പു് പി. തോമസ് തിരുമേനി നിർവ്വഹിക്കുന്നു.

ത്തിവരികയായിരുന്നു. കർദ്ദിനാൾസംഘാദ്ധ്യക്ഷനും പൗരസ്ത്യതിരുസംഘസെക്രട്ടറിയുമായ ടീസറൻറു് തിരുമേനിയുടെ കേരളസന്ദശനവേളയിൽ തിരുമനസ്സുകൊണ്ടുതന്നെ ഈ കലാലയത്തിൻെറ ശിലാസ്ഥാപനത്തിനുള്ള കല്ലു വെഞ്ചരിച്ചു നൽകുകയുണ്ടായി. ജൂലൈ16-ാംനു കേരളത്തിൽനിന്നും പുറത്തുനിന്നും വന്നുചേന്നകൂട്ടമെത്രാന്മാരുടെയും വന്ദ്യവൈദികരുടെയും ഊട്ടിയിലെ നിയുക്തമെത്രാൻമോൺ. ആൻറണി പടിയറ, മൈസൂർ സർവകലാശാലയുടെ വൈസ് ചാൻസലറായിരുന്ന കസ്തൂരാജ് ചെട്ടി, അഭി

റൈററർ ഫാദർ കുര്യൻ പൂത്തോട്ട അവർകളും C·B·C·I· സെക്രട്ടറി ഫാ. ബ്രഗാൻസാ അവർകളും ഈ ശിലാസ്ഥാപനത്തിൽ സംബന്ധിക്കയുണ്ടായി എന്നുള്ളതു് പ്രത്യേകം പ്രസ്താവാർഹമാണു്. തിരുമേനിമാരേയും അഭിവന്ദ്യരായ അതിഥികളേയും പ്രിയോർ ജനറാൾ സമുചിതം സ്വീകരിച്ചു് പ്രത്യേകം സജ്ജമാക്കിയിരുന്ന "ടെൻറി"ലേക്കാനയിച്ചു അനന്തരം അദ്ദേഹം അതിഥികൾക്കു് വിശിഷ്യ ആർച്ചുബിഷപ്പു് തിരുമേനിക്കു സ്വാഗതം ആശംസിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ സുറിയാനികമ്മലീത്താവിദ്യാത്ഥികൾ മംഗലാപുരം, ചെത്തിപ്പുഴ, കാൻഡി, റോം മുതലായ സ്ഥലങ്ങളിൽ അദ്ധ്യയനം നടത്തിപ്പോരുന്ന ചരിത്രത്തേയും ഭാരതത്തിൻെറ തൊടുകുറിയായ ബാങ്കളൂരിൽ തങ്ങളുടെ പൊതുപഠനാലയം സ്ഥാപിതമാകുന്നതിൻെറ ഔചിത്യത്തെയും പരിശുദ്ധസിംഹാസനവും, ബാങ്കളൂർ ആർച്ചുബിഷപ്പു തിരുമേനിയും ഇക്കാര്യത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ഔൽസുക്യത്തേയും സവിശേഷം എടുത്തുകാണിച്ചു. ആർച്ചുബിഷപ്പിൻെറ മറുപടിപ്രസംഗത്തിൽ കത്തോലിക്കാകേരളത്തിൻെറ ജീവനാഡിയായി പ്രകാശിക്കുന്ന സുറിയാനികർമ്മലീത്തരുടെ വൈദികകലാലയം ബാങ്കളൂർ അതിരൂപതയിൽ സ്ഥാപിതമാകുന്നതിൽ തനിക്കുള്ള ആനന്ദം അതിരററതാണെന്നും അതിരൂപതയ്ക്കു അതൊരു നേട്ടമായി സാഭിമാനം കരുതാവെന്നും തിരുമേനി പ്രസ്താവിച്ചു. മാർത്തോമ്മാക്രിസ്ത്യാനികളായ കേരളസുറിയാനിക്കാരുടെ പ്രശസ്തവും പാവനവുമായ പാരമ്പര്യം, വിശ്വാസസ്ഥൈര്യം, കത്തോലിക്കാചൈതന്യം ആദിയായവയെ ആർച്ചുബിഷപ്പു് പ്രകീർത്തിച്ചു. ആണ്ടുതോറും ശതക്കണക്കിനു ഈ കോളെജിൽനിന്നു പുറത്തുവരുവാൻ പോകുന്ന സുറിയാനി കമ്മലീത്താ സന്യാസിവൈദികർ കേരളത്തിനു മാത്രമല്ല ഭാരതത്തിനാകമാനം അമൂല്യമായ സമാർജ്ജനമായിരിക്കുമെന്നുദീരണം ചെയ്തുകൊണ്ടും പുതിയ കലാലയത്തിനു് എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചുകൊണ്ടും തിരുമേനി പ്രസംഗം അവസാനിപ്പിച്ചു. തുടർന്നു ശിലാസ്ഥാപനം നിർവ്വഹിക്കുന്നതിനായി ആർച്ചുബിഷപ്പു തിരുമേനിയെ പ്രിയോർ ജനറാൾ ക്ഷണിക്കുകയും സദസ്യരുടെ ഹസ്തതാഡനമദ്ധ്യേ സ്ഥാനവസ്ത്രവിഭൂഷിതനായി തിരുമേനി ആ കമ്മം നിർവ്വഹിക്കയും ചെയ്തു. ഈ ശിലാസ്ഥാപനചടങ്ങു ഇത്ര ഭംഗിയായി കഴിഞ്ഞുകൂടുന്നതിനു അതിരൂപതാ പ്രൊക്കുറേററർ ഫാദർ കുര്യൻ പൂത്തോട്ട അവർകളും ഹൈക്കോർട്ടു ഡപ്യൂട്ടിരജിസ്റ്റാർ ശ്രീ കോര ചാണ്ടി അവർകളും ശ്രീ മൂലയിൽ ജോസഫ് തരകൻ അവർകളും ഉള്ളഴിഞ്ഞു പരിശ്രമിച്ചു.

---

അപ്പനും എതിരൊന്നും പറഞ്ഞില്ല, മതപരിവത്തനത്തിൽ.

ദൈവാനുഗ്രഹത്താൽ സമത്ഥനായ ഒരു കത്തോലിക്കായുവാവിനെ വിവാഹംചെയ്യാൻ എനിക്കു സാധിച്ചു. കാലം കടന്നുപോകുന്തോറും ഞങ്ങളുടെ കത്തോലിക്കാജീവിതത്തിൽ മാതാപിതാക്കന്മാർ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടു്. കത്തോലിക്കാസഭയിൽ എനിക്കു കിട്ടിയ അനുഗ്രഹങ്ങൾക്കു് ഞാൻ എന്നെന്നും കൃതജ്ഞയാണു്. അന്ധകാരത്തിൽക്കൂടി എന്നെ നയിച്ച സാന്ത്വനപ്രകാശമേ! നിന്നെ ഞാൻ നമിക്കുന്നു.

# പഴയ നിയമത്തിലെ ക്രിസ്തു

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

(തുടർച്ച)

## പ്രതീക്ഷാകേന്ദ്രം

യഹൂദജനം, പ്രത്യേകിച്ചും അവരുടെ ആപൽക്കാലങ്ങളിൽ, ഈ രക്ഷകൻ എത്രയുംവേഗം വന്നുചേരുന്നതിനായി തീക്ഷ്ണതാപൂർവ്വം പ്രാത്ഥിച്ചിരുന്നു. "നിന്നിൽനിന്നു ഞങ്ങൾ മാറുകയില്ല. പിന്നെയോ ഞങ്ങളെ ജീവിപ്പിക്കുക...കത്താവേ, ശക്തനായ ദൈവമേ, ഞങ്ങളെ നൽവഴിക്കു തിരിച്ചു നിൻെറ മുഖം പ്രകാശിപ്പിക്കുക. അപ്പോൾ ഞങ്ങൾ രക്ഷിക്കപ്പെടും"(1) എന്നാണു രാജദീർഘദശിയായ ദാവീദു പ്രാത്ഥിക്കുന്നതു്. "അങ്ങു് ആകാശങ്ങളെ പിളന്നു് ഇറങ്ങിവന്നിരുന്നെങ്കിൽ! അങ്ങേ സാന്നിദ്ധ്യത്തിൽ മലകൾ ഉരുകിപ്പോകുമായിരുന്നു."(2)

"ആകാശങ്ങളേ, നിങ്ങൾ മുകളിൽനിന്നു മഞ്ഞുപൊഴിക്കുവിൻ. മേഘങ്ങൾ നീതിമാനെ വർഷിക്കട്ടെ. ഭൂമി പിളന്നു് ഒരു രക്ഷകനെ പുറപ്പെടുത്തട്ടെ. നീതിയും ഒരുമിച്ചു ഉയന്നുവരട്ടെ. കത്താവായ ഞാനാണു് അവനെ സൃഷ്ടിച്ചതു്"(3) "കത്താവേ, ലോകാധിപതിയായ കുഞ്ഞാടിനെ മരുഭൂമിയിലെ പേത്രായിൽനിന്നു്, സീയോൻപുത്രിയുടെ പവ്വതത്തിലേക്കയക്കുക."(4) "യാക്കോബിൻെറ ഭവനമേ നീ വരിക; കത്താവിൻെറ പ്രകാശത്തിലൂടെ നമുക്കു നടക്കാം."(5)

"അങ്ങു് എൻെറ പ്രാത്ഥന കേട്ടു. എനിക്കു അങ്ങു രക്ഷകനായതുകൊണ്ടു ഞാൻ അങ്ങേക്കു

(1) സങ്കീ: 79: 19, 20
(2) ഏശയ്യാ: 64: 1
(3) ഏശയ്യാ: 45: 8
(4) ഏശയ്യാ: 16: 1
(5) ഏശയ്യാ II, 5

സ്തോത്രം പാടും. പണിക്കാർ തള്ളിക്കളഞ്ഞ ഈ കല്ലു പണിക്കു മൂലക്കല്ലായിത്തീന്നു. ഇതു കത്താവിൽനിന്നു സംഭവിച്ചു. ഞങ്ങളുടെ കണ്ണുകളിൽ ഇതു് ഒരു അത്ഭുതവുമാകുന്നു."(1)

"കണ്ടാലും, ദൈവമായ കത്താവു ശക്തിയോടുകൂടിവരും. അവിടുത്തെ കരങ്ങൾ ഭരിക്കുകയുംചെയ്യും. കണ്ടാലും, അവിടുത്തെ പ്രതിഫലം അവിടുത്തോടുകൂടിയുണ്ടു്. അവിടുത്തെ ജോലി അവിടുത്തെ മുമ്പിലും. ഒരു ഇടയനെപ്പോലെ അവിടുന്നു തൻെറ ആടുകളെ മേയ്ക്കും. തൻെറ കരംകൊണ്ടു് കുഞ്ഞാടുകളെ അവിടുന്നു് ഒരുമിച്ചുകൂട്ടും. അവയെ തൻെറ മാറ്വിൽ വഹിക്കും. കുട്ടികളോടുകൂടിയവയെ അവിടുന്നുതന്നെ വഹിച്ചുകൊണ്ടുപോകും."(2)

"ഞാൻ എൻെറ ആട്ടിൻകൂട്ടത്തെ രക്ഷിക്കും; അതു് ഇനിമേൽ ഒരു നഷ്ടശിഷ്ടമായിരിക്കയില്ല...അവയുടെമേൽ ഞാൻ ഒരു ഇടയനെ നിയമിക്കും. അവൻ അവയെ, എൻെറ ദാസനായ ദാവീദിനെപ്പോലെ മേയിക്കും. അവൻ അവയെ മേയ്ക്കുകയും, അവയുടെ ഇടയനായിരിക്കുകയുംചെയ്യും. കത്താവായ ഞാൻ അവരുടെ ദൈവമായിരിക്കും. എൻെറ ദാസൻ, രാജാവായ ദാവീദു്, അവരുടെ മദ്ധ്യത്തിലും"(3)

"അവർ പാപംചെയ്ത എല്ലാ സ്ഥലങ്ങളിൽനിന്നും ഞാൻ അവരെ രക്ഷിക്കും. ഞാൻ അവരെ ശുദ്ധീകരിക്കും. അവർ എൻെറ ജനമായിരിക്കുകയും, ഞാൻ അവരുടെ ദൈവമായിരിക്കുകയുംചെയ്യും. എൻെറ ദാസനായ ദാവീദു് അവരുടെമേൽ രാജാവായിരിക്കും. അവക്കു ഒരിടയൻമാത്രമുണ്ടായിരിക്കും. അവർ എൻെറ വിധിയനുസരിച്ചു നടക്കുകയും എൻെറ പ്രമാണങ്ങളെ കാക്കുകയും അവയെ പ്രാവത്തികമാക്കുകയുംചെയ്യും."(4)

"കണ്ടാലും, മനുഷ്യപുത്രനെപ്പോലെ ഒരാൾ വാനമേഘങ്ങളോടുകൂടിവന്നു...അവൻ അവിടുത്തേക്കു ശക്തിയും മഹത്വവും ഒരു രാജ്യവും നൽകി. എല്ലാ ജനതകളും ജാതികളും നാവുകളും അവിടുത്തെ സേവിക്കും. അവിടുത്തെ ശക്തി, ഒരിക്കലും എടുക്കപ്പെടാത്ത അനശ്വരമായ ഒരു ശക്തിയാകുന്നു. അവിടുത്തെ രാജ്യം ഒരിക്കലും നശിപ്പിക്കപ്പെടാത്തതും."(1)

(1) സങ്കീ: 117: 21-23
(2) ഏശയ്യാ 40: 10, 11
(3) എസക്യേൽ, 34: 23
(4) എസക്യേൽ 37: 24

## അവതാരകാലം

ഇസ്രായേലിലെ പ്രവാചകന്മാർ, തങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന രക്ഷകൻ, ആഗതനാകുവാനിരിക്കുന്ന കൃത്യമായ കൊല്ലംപോലും മുൻകൂട്ടി പ്രവചിച്ചിരുന്നു. ബാബിലോണിലെ അടിമത്തത്തിൽനിന്നു് അവർ പ്രത്യാഗമിച്ചു്, ജറൂസലേം ദേവാലയം പുതുക്കിപ്പണിയുന്ന നാൾമുതൽ 490 വർഷങ്ങൾ കഴിയുമ്പോൾ ക്രിസ്തു ഭൂജാതനാകുമെന്നാണു ഡാനിയേൽ പ്രവചിച്ചിരിക്കുന്നതു്.

"നിയമലംഘനം അവസാനിപ്പിക്കുന്നതിനും പാപത്തിനു് അറുതി വരുത്തുന്നതിനും തിന്മ ഇല്ലാതാക്കുന്നതിനും അനശ്വരമായ നീതി നടപ്പാക്കുന്നതിനും ദശനവും പ്രവചനവും പൂത്തിയാക്കുന്നതിനും വിശുദ്ധരിൽ വിശുദ്ധനായവനെ അഭിഷേചിക്കുന്നതിനുംവേണ്ടി അങ്ങേ ജനത്തിനും അങ്ങേ പരിശുദ്ധ നഗരത്തിനും എഴുപതു ആഴ്ചകൾ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു ആകയാൽ നീ അറിയുകയും ശ്രദ്ധിക്കുകയും ചെയ്യുക: ജറൂസലേം പുനസ്ഥാപിക്കുന്നതിനും വീണ്ടും പണിയുന്നതിനുമുള്ള കല്പന പുറപ്പെടുന്ന തീയതി മുതൽ രാജാവായ ക്രിസ്തുവരെ ഏഴു ആഴ്ചകളും അറുപത്തിരണ്ടു ആഴ്ചകളും ഉണ്ടായിരിക്കുന്നതാണു്. എതിർപ്പുകൾക്കിടയിൽ തെരുവീഥികളും മതിലുകളും വീണ്ടും പണിയപ്പെടുന്നതാണു്.

"അറുപത്തിരണ്ടാഴ്ചകൾക്കുശേഷം ക്രിസ്തു വധിക്കപ്പെടുന്നതാണു്. അവിടുത്തെ നിഷേധിക്കുന്ന ജനത അവിടുത്തേതായിരിക്കയില്ല. ഒരു ജനത അവരുടെ നായകനോടുകൂടിവന്നു പട്ടണത്തേയും ദേവാലയത്തേയും നശിപ്പിക്കുന്നതാണു്. അതിൻെറ അവസാനം ശൂന്യതയായിരിക്കും. യുദ്ധത്തിൻെറ അവസാനത്തിനുശേഷം നിശ്ചിതമായ നാശം സംഭവിക്കുന്നതാണു്. പലരോടുമുള്ള വാഗ്ദാനം അവിടുന്നു് ഒരു ആഴ്ച പൂത്തിയാക്കുന്നതാണു്. ആഴ്ചയുടെ പകുതിക്കു ബലിയും ബലിസാധനവും അവസാനിക്കുന്നതും ദേവാലയത്തിൽ നാശത്തിൻെറ മ്ലേച്ഛത ഉണ്ടായിരിക്കുന്നതുമാകുന്നു. ഈ നാശം അവ

(1) ഡാനിയേൽ VII; 14


**THE SOUTH INDIAN BANK LTD.**

H. O. TRICHUR Estd· 1929

*—A SCHEDULED BANK—*

| | |
|---|---|
| Authorised Capital | Rs· 50,00,000 |
| Subscribed " | Rs· 25,00,000 |
| Paid up | Rs· 8 75 000 |
| Reserve & Other Funds | Rs· 5·65·408 |
| Deposits as on 31-12-'54 | Rs· 2·4,87,883 |

Government Securities bought and sold on terms which can be ascertained on application·

BRANCHES:-

ALLEPPEY, ALWAYE, COCHIN, COIMBATORE, ERNAKULAM, GOBICHETTI-PALAYAM, IRINJALAKUDA, KOLLENGODE, KOZHIKODE, KUNNAMKULAM, MADRAS, OTTAPALAM, PALGHAT, POLLACHI, PONANI, SALEM, TIRUPPUR, TRICHUR, WADAKKANCHERI

സാനംവരെ ഉടരുന്നതുമായിരിക്കും."(1)

രക്ഷകൻ അവതരിക്കുന്ന കാലത്തു് യൂദായുടെ ഗോത്രത്തിനു ഭരണാധികാരം നഷ്ടപ്പെട്ടിരിക്കുമെന്നും, സാർവ്വത്രികമായ ഒരു ശാന്തി കളിയാടുമെന്നുംകൂടി പ്രവാചകന്മാർ മുന്നറിവുനൽകിയിരിക്കുന്നു. "യൂദായിൽനിന്നു ചെങ്കോലും, അവൻെറ കാലുകളുടെ ഇടയിൽനിന്നു വ്യാഖ്യാതാവും, അതു് ആരുടേതാകുന്നുവോ അവൻ വരുന്നതുവരെ, മാറിപ്പോകയില്ല."(2) അവിടുന്നു പുറജാതികളെ വിധിക്കുകയും വളരെയാളുകളെ കുററപ്പെടുത്തുകയുംചെയ്യും. അവർ അവരുടെ വാളുകളെ കൊഴുവുകളായും, കുന്തങ്ങളെ അരിവാളുകളായും രൂപാന്തരപ്പെടുത്തും. ജാതിജാതിക്കെതിരായി ഖഡ്ഗമുയർത്തുകയില്ല. അവ മേലിൽ യുദ്ധത്തിനു പരിശീലനം നടത്തുകയുമില്ല."(3)

രക്ഷകൻെറ മാർഗ്ഗം ഋജുവാക്കുന്നതിനു് ഒരു മുന്നോടി സമാഗതനാകുമെന്നും അവർ പ്രവചിച്ചിരിക്കുന്നു: "കർത്താവിനു വഴി ഒരുക്കുവിൻ; നമ്മുടെ ദൈവത്തിനു വനാന്തരത്തിൽ മാർഗ്ഗങ്ങൾ ശരിയാക്കുവിൻ; താഴ്വരകളെല്ലാം നികത്തപ്പെടും; പർവ്വതങ്ങളും കുന്നുകളുമെല്ലാം താഴ്ത്തപ്പെടും; വളഞ്ഞതെല്ലാം നേരെയാകും; നിരപ്പില്ലാത്തതു ചൊവ്വാക്കപ്പെടും; ദൈവത്തിൻെറ മഹത്വം വെളിവാക്കപ്പെടുകയുംചെയ്യും; എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദം."(4) "ഇതാ, എൻെറ ദൂതനെ ഞാൻ അയക്കുന്നു; അവൻ എൻെറ മുൻപിൽ വഴി തയ്യാറാക്കുന്നതാണു്. ഉടൻതന്നെ നിങ്ങൾ അന്വേഷിക്കുന്ന കർത്താവും, നിങ്ങൾ അന്വേഷിക്കുന്ന വാഗ്ദാനത്തിൻെറ ദൂതനുമായുള്ളവൻ തൻെറ ദേവാലയത്തിലേക്കു വരുന്നതാണു്."(5)

## ജനനവും ബാല്യവും

പ്രതീക്ഷിതനായ രക്ഷകൻ ഒരു കന്യകയിൽനിന്നു ജനിക്കുമെന്നും അവിടുത്തെ നാമം എമ്മാനുവൽ എന്നായിരിക്കുമെന്നും പ്രവാചകന്മാർ മുൻകൂട്ടി പറഞ്ഞിട്ടുണ്ടു്. "ആകയാൽ കർത്താവുതന്നെ നിങ്ങൾക്കു് ഒരടയാളം തരും. ഇതാ, ഒരു കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. അവൻെറ പേരു് എമ്മാനുവൽ എന്നു വിളിക്കപ്പെടും...... തിന്മയെ ഉപേക്ഷിക്കുന്നതിനും, നന്മയെ തിരഞ്ഞെടുക്കുന്നതിനും (മതിയായ) അറിവു ശിശുവിനു ലഭിക്കുന്നതിനുമൻപു നീ വെറുക്കുന്ന രാജ്യം അതിൻെറ രണ്ടു രാജാക്കന്മാരുടേയും മുൻപിൽനിന്നും നീക്കപ്പെടും."(6)

പൗരസ്ത്യവിജ്ഞാനികളും രാജാക്കന്മാരും അവതീർണ്ണനായ രക്ഷകനു കാഴ്ചകൾ സമർപ്പിക്കുന്നതാണു്: "ദ്വീപുകൾ അവൻെറ മുമ്പാകെ മുട്ടുകുത്തും. അവൻെറ ശത്രുക്കൾ പൊടിനക്കും. താർസിസിലേയും ദ്വീപുകളിലേയും രാജാക്കന്മാർ അവനു കാഴ്ചകൾ കൊണ്ടുവരും. ശ്ബായിലേയും ശാബായിലേയും രാജാക്കന്മാർ കാഴ്ചകൾ സമർപ്പിക്കും. സകല രാജാക്കന്മാരും അവനെ ആരാധിക്കും. സകല ജാതികളും അവനെ സേവിക്കും."(7)

അക്കാലത്തു യൂദയായിൽ വലിയ കരച്ചിലിനു കാരണമായിത്തീരുന്ന ഒരു സംഭവം നടക്കുന്നതാണു്: "കർത്താവു ഇങ്ങനെ പറയുന്നു: പ്രലാപത്തിൻേറയും ദുഃഖത്തിൻേറയും കരച്ചിലിൻേറയും ഒരു വലിയ സ്വരം കേൾക്കപ്പെട്ടു. റാഹേൽ അവളുടെ പുത്രന്മാരെക്കുറിച്ചു കരയുന്ന സ്വരം; അവർ ഇല്ലായ്കകൊണ്ടു ആശ്വാസം പ്രാപിക്കുവാൻ അവൾക്കു മനസ്സുവരുന്നില്ല."(1)

രക്ഷകൻ ബെത്ലെഹമിലാണു ജനിക്കുന്നതെങ്കിലും അദ്ദേഹം മെസ്രേനിൽപോയി താമസിക്കുന്നതാണു്. എന്തുകൊണ്ടെന്നാൽ "ഞാൻ എൻെറ പുത്രനെ ഈജിപ്തിൽനിന്നും വിളിച്ചു."(2) എന്നു പ്രവചിക്കപ്പെട്ടിരിക്കുന്നു.

അവതീർണ്ണനാകുന്ന രക്ഷകൻ അനേകരുടെ രക്ഷയ്ക്കെന്നതുപോലെ പലരുടെ നാശത്തിനും കാരണമാകുന്നതാണു്: "അവൻ നിങ്ങൾക്കു ഒരു വിശുദ്ധീകരണമായിരിക്കും. എന്നാൽ ഇസ്രായലിൻെറ ഇരുഭവനങ്ങൾക്കും അവൻ ഒരു ഉതയ്ക്കുന്ന ഇടർച്ചക്കല്ലും തടങ്ങൽപ്പാറയും ജറൂസലേം നിവാസികൾക്കു് ഒരു കെണിയും നാശവുമായിരിക്കും. അവരിൽ വളരെയധികംപേർ ഇടറി വീഴുകയും കഷണങ്ങളായി തകരുകയും കെണിയിൽ വീഴ്ത്തി എടുക്കപ്പെടുകയും ചെയ്യും."(3)

## പരസ്യജീവിതം

രക്ഷകൻെറ പരസ്യജീവിതത്തെപ്പററിയുള്ള വളരെയധികം വിവരങ്ങൾ പ്രവാചകന്മാർ നൽകിയിരിക്കുന്നു: "ഒന്നാമതായി സബ്ലോൻദേശവും നെഫ്താലിദേശവും ലഘുവായി സ്പർശിക്കപ്പെട്ടു. അവസാനമായി പുറജാതിക്കാരുടെ ഗലീലായായ യോർദ്ദാനാനക്കരെയുള്ള കടലിലേക്കുള്ള വഴി വളരെയധികം ഭാരംചുമത്തപ്പെട്ടു. അന്ധകാരത്തിൽ ചരിച്ചിരുന്ന ജനത ഒരു മഹാ പ്രകാശം കണ്ടു. മരണനിഴലിൻെറ പ്രദേശത്തു വസിച്ചിരുന്നവർക്കു ഒരു പ്രകാശം ഉദിച്ചു."(4)

"കർത്താവിൻെറ ആത്മാവു എൻെറമേൽ ഉണ്ടു്; എന്തുകൊണ്ടെന്നാൽ കർത്താവു എന്നെ അഭിഷേചിച്ചിരിക്കുന്നു. ശാന്തന്മാരോടു പ്രസംഗിക്കുന്നതിനും, ഹൃദയാനുതാപമുള്ളവരെ സുഖപ്പെടുത്തുന്നതിനും, തടവുകാരുടെ മോചനവും, ബന്ധനത്തിലിരിക്കുന്നവരുടെ മുക്തിയും പ്രസംഗിക്കുന്നതിനും അവിടുന്നു് എന്നെ അയച്ചിരിക്കുന്നു."(5)

(1) ജറേമ്യാസ് 31: 15
(2) ഓസി XI, 1
(3) ഏശയ്യാ VIII, 14, 15
(4) ഏശയ്യാ IX, 1, 2
(5) ഏശയ്യാ 61: 1

"ഇതാ, എനിക്കു ഇഷ്ടപ്പെട്ട എൻെറ ദാസൻ. എൻെറ തിരഞ്ഞെടുക്കപ്പെട്ടവൻ. എൻെറ ആത്മാവു് അവനിൽ ആനന്ദിക്കുന്നു. എൻെറ അരൂപിയെ ഞാൻ അവനു നൽകിയിരിക്കുന്നു. അവൻ ന്യായവിധി പുറജാതികളെ അറിയിക്കും. അവൻ നിലവിളിക്കുകയില്ല; അവൻ വ്യക്തികളോടു ബഹുമാനം കാണിക്കുകയുമില്ല അവൻെറ ശബ്ദം പുറമെ കേൾക്കപ്പെടുകയുമില്ല. ചതഞ്ഞ ഞാങ്ങണ അവൻ ഒടിക്കയില്ല; പുകയുന്ന പഞ്ഞിയിലെ തീ അവൻ കെടുത്തുകയില്ല. അവൻ സത്യമായ ന്യായവിധി അറിയിക്കുന്നതാകുന്നു."(1)

"ഞാൻ ആഗ്രഹിക്കുന്നതു കരുണയാണു്, ബലിയല്ല. ബലിവസ്തുക്കളെക്കാൾ ദൈവജ്ഞാനത്തേയും ആഗ്രഹിക്കുന്നു."(2) പ്രതീക്ഷിതനായ രക്ഷകൻ നീതിമാന്മാരെക്കാൾ പാപികളെയാണു കൂടുതലായി ഇഷ്ടപ്പെടുകയും അന്വേഷിക്കുകയും ചെയ്യുകയെന്നാണല്ലോ ഇതിൻെറ അർത്ഥം.

രക്ഷകൻ തൻെറ പരസ്യജീവിതകാലത്തു ചെയ്യാനിരിക്കുന്ന അത്ഭുതങ്ങളെപ്പററിയും പ്രവാചകൻ മുൻകൂട്ടി പറയുന്നുണ്ടു്: "അപ്പോൾ അന്ധന്മാരുടെ കണ്ണുകൾ തുറക്കപ്പെടും; ചെകിടന്മാരുടെ കാതുകൾ കേൾവിയുള്ളതായിത്തീരും; അപ്പോൾ മുടന്തന്മാർ മാൻകുട്ടികളെപ്പോലെ ചാടും; ഊമന്മാരുടെ നാവു സ്വതന്ത്രമാക്കപ്പെടും. എന്തെന്നാൽ മരുഭൂമികളിൽ ജലാശയങ്ങളും വനാന്തരങ്ങളിൽ അരുവികളും തുറക്കപ്പെട്ടിരിക്കുന്നു."(3)

ഇങ്ങനെയൊക്കെയാണെങ്കിലും രക്ഷകൻെറ ദിവ്യദൗത്യത്തിൽ യഹൂദന്മാരിൽ വളരെപ്പേർ അവിശ്വാസികളായിത്തന്നെ തുടരും. "ഈ ജനത അവരുടെ വായ്കൊണ്ടു എന്നെ സമീപിക്കുകയും അധരങ്ങൾകൊണ്ടു എന്നെ മഹത്വപ്പെടുത്തുകയും ചെയ്യുന്നുവെങ്കിലും അവരുടെ ഹൃദയങ്ങൾ എന്നിൽനിന്നു വിദൂരമായിരിക്കുന്നു. മനുഷ്യരുടെ പ്രമാണങ്ങളും സിദ്ധാന്തങ്ങളുംകൊണ്ടാണു അവർ എന്നെ ഭയപ്പെട്ടിരിക്കുന്നതു്."(4)

ദേവാലയത്തെ അശുദ്ധപ്പെടുത്തുന്നവരെ അവിടുന്നു ദേവാലയത്തിൽനിന്നും ആട്ടിപ്പായിക്കുന്നതാണു്: "എൻെറ നാമം വിളിച്ചപേക്ഷിച്ചിരുന്ന ഈ ഭവനം, അപ്പോൾ, നിങ്ങളുടെ കണ്ണുകളിൽ കള്ളന്മാരുടെ ഒരു ഗുഹയായിത്തീർന്നിരിക്കുന്നുവോ? ഞാൻ, ഞാനാണു് അവൻ, ഞാൻതന്നെ അതു കണ്ടിരിക്കുന്നു...നിങ്ങളുടെ സഹോദരന്മാരെ ഞാൻ പുറന്തള്ളിയതുപോലെ, നിങ്ങളേയും എൻെറ മുൻപാകെനിന്നു് ഞാൻ പുറന്തള്ളുന്നതാണു്."(1)

(തുടരും)

(1) ഏശയ്യാ 42: 1-3
(2) ഓസി VI, 6
(3) ഏശയ്യാ 35: 5, 6
(4) ഏശയ്യാ 29: 13

(1) ജറേമ്യാസ് VII 11, 15

(1) ഡാനിയൽ IX, 24-27
(2) സൃഷ്ടി 49: 10
(3) ഏശയ്യാ II, 4
(4) ഏശയ്യാ 40: 3-5
(5) മലാഖി III, 1
(6) ഏശയ്യാ VII 14, 16
(7) സങ്കീ: 71: 9-11

# ഒരു യാക്കോബായ സഹോദരൻെറ സംശയങ്ങൾ

[ഒരു കത്തോലിക്കൻ]

(തുടർച്ച)

4. ക്രിസ്തുവിൻെറ അനുയായികളാണു് ക്രിസ്ത്യാനികൾ. എന്നാൽ റോമ്മാക്കാർ ക്രിസ്തുവിൻെറ അനുഗാമികളല്ല; പാപ്പായുടെ അനുഗാമികളാണു്. ആ കാര്യത്തെ മറയ്ക്കുന്നതിനുവേണ്ടിയല്ലേ അവർ കത്തോലിക്കർ എന്ന നാമം സ്വയം സ്വീകരിച്ചുവരുന്നതു്?


ഈ ചോദ്യം അല്പം പ്രകോപനപരമാണു്. അതു് ഒരു കത്തോലിക്കാ വിശ്വാസിക്കു ന്യായമായ അമർഷം ഉളവാക്കി എന്നുവരാം. എങ്കിലും പ്രശാന്തമനോഭാവത്തോടുകൂടിത്തന്നെ അതിനുത്തരം പറഞ്ഞുകൊള്ളാം.

റോമ്മാക്കാർ എന്ന പദത്താൽ നമ്മുടെ യാക്കോബായസഹോദരർ ഉദ്ദേശിക്കുന്നതു് റോമ്മാനഗരത്തിൽ വസിക്കുന്ന പത്രോസിൻെറ പിൻഗാമിയുടെ പരമാധികാരത്തെ അംഗീകരിക്കുന്നവരായ വിവിധദേശങ്ങളിലെ കത്തോലിക്കരെയാണെന്നു വിശ്വസിക്കുന്നു. അങ്ങനെയുള്ള പദപ്രയോഗം കത്തോലിക്കാസഭയ്ക്കു തെല്ലും യോജിക്കുന്ന പേരല്ല. റോമാക്കാർ എന്ന പദത്തിൻെറ അർത്ഥം റോമ്മയിൽ വസിക്കുന്നവർ എന്നാണു്. വിശുദ്ധ പൗലോസ് റോമ്മാക്കാർക്കു എഴുതിയിട്ടുള്ള ലേഖനം എവരും വായിച്ചിട്ടുള്ളതാണല്ലോ. ചില പ്രോട്ടസ്റ്റൻറു മലയാളബൈബിൾ വിവർത്തകർ Romans എന്ന പദത്തിനു റോമർ എന്നു് തർജ്ജമചെയ്തു കാണുന്നതു് റോമ്മാക്കാർ എന്നു വച്ചാൽ കത്തോലിക്കരാണെന്നു് വായനക്കാർ ഗ്രഹിച്ചുപോയെങ്കിലോ എന്നു കരുതിയായിരിക്കണം. "Friends Romans, Countrymen, lend me your ears" എന്നു ഷെയിക്സ്പിയർമഹാകവി പ്രയോഗിച്ചിട്ടുള്ളതു് റോമാനിവാസികളെപ്പററിയാണെന്നു് സ്പഷ്ടമാണല്ലോ. 16-ാംശതകംതൊട്ടു ഇംഗ്ലണ്ടിലെ പൂർവ്വകത്തോലിക്കർ റോമ്മാബന്ധം വിട്ടതോടുകൂടി, കത്തോലിക്കാസഭയെ അവർ, റോമ്മാസഭ, പാപ്പാമതം എന്നിങ്ങനെയുള്ള ദുഷ്പേരുകൾ വിളിച്ചുതുടങ്ങിയതാണു്. പണ്ടേതന്നെ റോമ്മാബന്ധം വിട്ടുപേക്ഷിച്ചിരുന്ന യവുനായസഭയ്ക്കും നെസ്തോറിയൻസഭയ്ക്കും യാക്കോബായസഭയ്ക്കും ആ ദുഷ്പേരുകൾ പഞ്ചാമൃതമായിത്തീർന്നതിൽ അത്ഭുതപ്പെടുവാൻ മാർഗ്ഗമില്ലല്ലോ

എന്നാൽ ആംഗ്ലിക്കൻ, യവുനായ, നെസ്തോറിയൻ, യാക്കോബായസഭകൾ, റോമ്മാ മേല്പട്ടക്കാരൻെറ പരമാധികാരത്തിൻ കീഴിലുള്ള സാർവ്വദേശീയസഭയ്ക്കു ഇങ്ങനെ ഒരു പ്രാദേശികസഭയുടെ പേരു കൊടുത്തു കാണുന്നതു് ഒരു ദുരുദ്ദേശ്യത്തോടുകൂടിയാണു്. മേല്പറഞ്ഞ സഭകളൊന്നുംതന്നെ സാർവ്വദേശീയ സഭകളല്ലെന്നു അവരുടെ പേരുകളിൽനിന്നും സ്വയം വിശദമാണു്. ആ സ്ഥിതിക്കു് റോമ്മാ മേല്പട്ടക്കാരൻെറ കീഴിലുള്ള സഭയ്ക്കുമാത്രം സാർവ്വത്രികത്വം അഥവാ കത്തോലിക്കത്വം ഉണ്ടെന്നു സമ്മതിച്ചുകൊടുക്കുന്നതു് അവർക്കു വലിയ ക്ഷീണമാണു്. അക്കാരണത്താൽ മാത്രമാണു് അവർ സാക്ഷാൽ കാതോലികവും, റോമ്മാ കേന്ദ്രമായതും ആയ ലോകൈകസഭയെ റോമ്മാസഭ എന്നു വ്യവഹരിച്ചുവരുന്നതു. തങ്ങൾക്കില്ലാത്ത ഗുണം മററുള്ളവർക്കുണ്ടെങ്കിലും അതു വകവച്ചുകൊടുക്കാതിരിക്കുന്ന മനോഭാവം ഒട്ടും ആദരണീയമല്ലെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. അല്പമെങ്കിലും മാനം മര്യാദ ഉള്ളവർക്കു യോജിച്ച നയമല്ല ഇതു്. ആകയാൽ ഇപ്പോൾ "റോമൻ കത്തോലിക്കർ" എന്നുള്ള നാമമാണു് സാമാന്യം മാന്യതയുള്ള അകത്തോലിക്കർ ഉപയോഗിച്ചുവരുന്നതു്. അതിൽ കത്തോലിക്കർ വളരെയധികം പരിഭവിക്കാറുമില്ല; കാരണം, റോമ്മാ മേല്പട്ടക്കാരൻെറ പരമാധികാരബന്ധം അവരുടെ കത്തോലിക്കത്വത്തിനു ഹാനികരമല്ലെന്നവർക്കറിയാം. എന്നാൽ റോമൻകത്തോലിക്ക ശബ്ദംമൂലം സഭയുടെ പ്രാദേശികത്വമാണു് ആരെങ്കിലും സങ്കല്പിക്കുന്നതെങ്കിൽ അതു് തികച്ചും അയഥാർത്ഥവും ആയിരിക്കും. യവുനായസഭ ഗ്രീക്കുകാരുടെയും, ആംഗ്ലേയസഭ ഇംഗ്ലീഷുകാരുടെയും അർമ്മീനിയൻസഭ തദ്ദേശീയരുടെയും ജാതീയസഭകൾ ആയിരിക്കുന്നതുപോലെ റോമൻ കത്തോലിക്കസഭ റോമ്മാ നിവാസികളുടെ ദേശീയമതമാകുകയില്ല.

റോമൻ കത്തോലിക്കർ ക്രിസ്തുവിൻെറ പിൻഗാമികളല്ലെന്നും അവർ പാപ്പായുടെ പിൻഗാമികളാണെന്നും നമ്മുടെ യാക്കോബായസഹോദരൻ പറഞ്ഞതു് കുറെ സങ്കടമായിപ്പോയി. അതുപോലെതന്നെ, യാക്കോബായക്കാർ ഹോംസിലെ പാത്രിയർക്കീസിൻെറ പിൻഗാമികളാണെന്നും ഓർത്തഡോക്സ്കാർ കാതോലിക്കാബാവായുടെ പിൻഗാമികളാണെന്നും, അല്ലാതെ അവരാരും ക്രിസ്തുവിൻെറ പിൻഗാമികളല്ലെന്നും കത്തോലിക്കർക്കു പ്രതിവചിച്ചുകൂടയോ? കണ്ണാടിക്കൊട്ടാരത്തിൽ വസിക്കുന്നവർ അടുത്തുള്ളവരെ കല്ലെറിയുന്നതു സൂക്ഷിച്ചുവേണം. പത്രോസിനാണു് ക്രിസ്തുവിൻെറ കുഞ്ഞാടുകളെയും പെണ്ണാടുകളേയും മേയിക്കുവാനുള്ള അധികാരം കിട്ടിയതെന്നും, ആ പത്രോസു് റോമ്മിൽ പോയി ഭരിച്ചു മരണമടഞ്ഞുവെന്നും, അ

(ശേഷം 7-ാംപേജിൽ)



(8-ാംപേജ് തുടർച്ച)

പിതാവ് 82-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ ആഗസ്റ്റ് 3-ാംനു നിര്യാതനായിരിക്കുന്നു.

**പൂവരണി:** പൈകനരിതുക്കിൽ (കല്ലുങ്കൽ പുരയിടത്തിൽ) ഔസേപ്പ് കുഞ്ഞൻ തൻെറ 52-ാമത്തെ വയസ്സിൽ ആഗസ്റ്റ് 5-ാം തീയതി വെള്ളിയാഴ്ച പകൽ 9 മണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം പല ബ. വൈദികരുടെയും സഹകരണത്തിൽ എളങ്കുളം പള്ളി സിമിറററിയിൽ നടത്തപ്പെട്ടു. പരേതൻ അമേരിക്കയിൽ ഉപരിപഠനാർത്ഥം പോയിരിക്കുന്ന റവ. ഫാദർ ആൻറണി ടി. ഒ. സി. ഡി. എം. എ. യുടെ ജ്യേഷ്ഠസഹോദരനാണ്.

R. I. P.

## ഇടവകവാർത്തകൾ

**അർത്തുങ്കൽ:** സ്ഥലം സെൻറ് ഫ്രാൻസീസ് അസീസി ഹൈസ്കൂളിനുവേണ്ടി പണിതീർത്ത പുതിയ രണ്ടുനില കെട്ടിടത്തിൻെറ വെഞ്ചരിപ്പുകർമ്മം ആഗസ്റ്റ് 10-ാംനു ബുധനാഴ്ച കാലത്ത് 10 മണിക്കു ആലപ്പുഴമെത്രാൻ റൈററ് റവ. ഡോ. മൈക്കൾ ആറാട്ടുകുളം തിരുമനസ്സുകൊണ്ട് നിർവഹിച്ചു. മെത്രാൻ തിരുമേനിയെ അനുമോദിക്കുന്നതിനു കൂടിയ പൊതുയോഗത്തിൽ റവ. ഫാദർ ഡെന്നിസ് എം. എ. ബി. ടി. അനുമോദനപ്രസംഗം നടത്തി. തിരുമേനിയുടെ മറുപടിപ്രസംഗത്തെതുടർന്നു ശ്രീ കെ. പി. റെയിനോൾഡ് കൃതജ്ഞതപറഞ്ഞു. ഇടയ്ക്കിടെ ബാലികമാരുടെ വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് 3-30നു് കുട്ടികൾക്കു ഒരു ചായസല്ക്കാരം നടത്തുകയുണ്ടായി.

അഖിലകേരള ബാലജനസഖ്യത്തിൻെറ സ്ഥലത്തെ സെൻറ് സേവിയേഴ്സ് ശാഖയുടെ പ്രഥമവാർഷികം ജൂലൈ മാസാവസാനത്തിൽ നടത്തി. ശ്രീ പി. ജെ. ബഞ്ചമിൻ അവർകളായിരുന്നു അദ്ധ്യക്ഷൻ. ശ്രീ മാത്തൻ B. A. പ്രസംഗിച്ചു. സെക്രട്ടറി, ഖജാൻജി, ലീഗ് ഓഫ് പീററി ഓഫീസർ എന്നിവരെ തിരഞ്ഞെടുത്തശേഷം യോഗം സമംഗളം പര്യവസാനിച്ചു. കൂടാതെ "ബാലാക്കൻ" എന്ന ഒരു കൈയെഴുത്തുമാസിക സഖ്യത്തിൻെറ വകയായി നടത്തുന്നതിനും തീരുമാനിച്ചു.

**പരിയാരം:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സെൻറു വിൻസെൻറു ഡി പോൾ സംഘത്തിൻെറ പൊതുയോഗം കഴിഞ്ഞ ഞായറാഴ്ച പള്ളി വികാരി ജോർജ്ജ് അക്കരയുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു.

**നസ്രാത്ത്:** "കത്തോലിക്കസേവാസമാജം" എന്ന പേരിൽ ഈ ഇടവകയിൽ പുതുതായി രൂപം കൈക്കൊണ്ട ക്രൈസ്തവസംഘടനയുടെ ഉൽഘാടനകർമ്മം ഈ പള്ളിയിലെ അസിസ്റ്റൻറായ റവ. ഫാ. ജോസഫ് പൂമ്പനയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽവച്ചു നടത്തപ്പെട്ടു. സമാജത്തിൻെറ ആത്മീയോപദേഷ്ടാവായി അദ്ദേഹത്തെതന്നെ തിരഞ്ഞെടുത്തു യോഗത്തിൽ പി. ററി. ബാപ്പു ആശാൻ, കെ. ജെ. ഏലിയാസ് എന്നിവർ പ്രസംഗിച്ചു. B. R. ജോസഫിൻെറ കൃതജ്ഞതാപ്രകാശനത്തിനുശേഷം "മരിയഗൊരേററി"യുടെ ജീവചരിത്രത്തെ ഉപജീവിച്ചു ശ്രീമാൻ ജോസഫ് പാപ്പുക്കുട്ടി മാടമാക്കൽ ആൻറു പാർട്ടിയുടെ കഥാപ്രസംഗവും നടന്നു.

**കൊളമ്പ്:** കേരളസിലോൺ കത്തോലിക്കാ അസോസ്യേഷൻെറ ആരംഭകാലംമുതൽ സേവനം ചെയ്തിരുന്ന ശ്രീമാൻ, സി. വി. വാറുകുട്ടി അദ്ദേഹത്തിൻെറ റെയിൽവേ ഉദ്യോഗത്തിൽനിന്നും പെൻഷ്യൻ പററി കഴിഞ്ഞ ജൂലൈ 25-ാംനു സ്വദേശമായ അരണാട്ടുകരയ്ക്കു പോകുന്ന അവസരത്തിൽ റെയിൽവെ സ്റ്റേഷനിൽ വച്ച് അനൗപചാരികമായ ഒരു യാത്രഅയപ്പു നൽകുകയുണ്ടായി. ശ്രീമാൻ വാറുകുട്ടി സഭയ്ക്കും സമുദായത്തിനും ത്യാഗപൂർവ്വം സേവനം ചെയ്തിട്ടുണ്ടെന്നു് സിക്രട്ടറി അനുസ്മരിപ്പിച്ചു. അകത്തോലിക്കരായ കേരളീയരുടെ മാനസാന്തരവിഷയത്തിലും കാര്യമായ സേവനം അദ്ദേഹം ഇവിടെവച്ചു നിർവ്വഹിച്ചിട്ടുണ്ട്.

**മററക്കര:** സ്ഥലം തിരുക്കുടുംബപ്പള്ളി വികാരിയായിരുന്ന റവ. ഫാദർ ജോർജ്ജ് കല്ലുക്കാട്ടിൽ മുത്തോലപുരം പള്ളിയിലേക്കു സ്ഥലംമാറിപ്പോയിരിക്കുന്നു. മനോഹരമായ ഇവിടത്തെ പുതിയ ദേവാലയവും ഹൈസ്കൂളും പല ഭക്തസംഘടനകളും അദ്ദേഹത്തിൻെറ നിസ്തന്ദ്രമായ ദീർഘകാലപരിശ്രമത്തിൻെറ ഫലമായി രൂപം പ്രാപിച്ചിട്ടുള്ളവയാണ്. യാത്ര അയപ്പു പ്രമാണിച്ചു ഓഗസ്റ്റ് 5-ാംനു. വെള്ളിയാഴ്ച സെൻറ് ജോസഫ്സ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ച് അദ്ധ്യാപകരദ്ധ്യേതാക്കളുടെയും രക്ഷകർത്താക്കളുടേയും വകയായും പിറേറദിവസം പള്ളിമേടയിൽവച്ച് ഇടവകക്കാരുടെ വകയായും യാത്രയയപ്പു സമ്മേളനങ്ങളും ബൊക്കെസമർപ്പണങ്ങളുംമററും ഉണ്ടായിരുന്നു. സ്ഥലത്തെ അവശക്രൈസ്തവരുടെ വകയായും ഒരു ബൊക്കെ സമർപ്പിക്കപ്പെട്ടു.

# വിവിധവൃത്താന്തങ്ങൾ

## റിയോ കോൺഗ്രസ്സ്

### സമാപനസമ്മേളനം

റിയോ ഡി ജെനെയിറോവിൽ സമ്മേളിച്ച സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ് ജൂലൈ 24-ാംനു ഞായറാഴ്ച സമംഗളം സമാപിച്ചു. പേപ്പൽപ്രതിനിധി അത്യുന്നത കർദ്ദിനാൾ അലോയിസി മസ്സെല്ലാ തിരുമേനി രാവിലെ പൊൻറിഫിക്കൽ കുർബാന അർപ്പിച്ചു. പത്തൊൻപതു കർദ്ദിനാളന്മാരും, ഇരുന്നൂറു മെത്രാപ്പോലീത്താമാരും മെത്രാന്മാരും, വൈദികരും അൽമായരും ഉൾപ്പെടെ പത്തുലക്ഷത്തിൽപരം വരുന്ന ഒരു ജനസഞ്ചയവും അതിൽ പങ്കെടുത്തു. പ്ലാററുഫോറത്തിൽ കർദ്ദിനാളന്മാർക്കുവേണ്ടി സജ്ജീകരിച്ചിരുന്ന 4 സിംഹാസനങ്ങൾ—കർദ്ദിനാൾ മിൻസെന്തി, വിഷിൻസ്കി, സ്റ്റെപ്പിനാക്ക്, ടിയെൻ എന്നിവർക്കുവേണ്ടി സജ്ജമാക്കിയവ— ഒഴിഞ്ഞുകിടന്നിരുന്നു. പൊൻറിഫിക്കൽ കുർബാനയുടെ സമയത്തു ബ്രസീൽ ജനതയുടെ അഭ്യർത്ഥനയനുസരിച്ചു ബ്രസീൽരാജ്യത്തെ ഔദ്യോഗികമായി ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയും പ്രതിഷ്ഠാപത്രം സെനററു് പ്രസിഡൻറു ഒപ്പുവച്ചു കർദ്ദിനാൾ ദെ ബാറോസ് കാമറാ തിരുമേനിയെ ഏല്പിക്കുകയും ചെയ്തു.

ഉച്ചതിരിഞ്ഞു നഗരവീഥികളിലൂടെയുള്ള ക്രിസ്തുനാഥൻെറ ജൈത്രയാത്രയായിരുന്നു കോൺഗ്രസ്സിൻെറ മുടിചൂടുന്ന അവസാനപരിപാടി. കോൺഗ്രസ്സിനുവേണ്ടി പ്രത്യേകം തയാറാക്കിയിരുന്നതും ആറടി ഉയരം വരുന്നതും നിരവധി രത്നങ്ങൾ പതിച്ചതുമായ സ്വർണ്ണഅരുളിക്കായിൽ വിശുദ്ധകുർബാന നിക്ഷേപിച്ചുകൊണ്ടു മനോഹരമായ ഒരു രഥത്തിൽ പേപ്പൽ പ്രതിനിധി തിരുമനസ്സുകൊണ്ടു അതിനെ വഹിച്ചിരുന്നു. സ്ഥാനവസ്ത്രവിഭൂഷിതരായ പത്തു വൈദികരാണു് രഥം വലിച്ചിരുന്നതു്. 4 മണിക്കു സമാരംഭിച്ച പ്രദക്ഷിണം സന്ധ്യയോടുകൂടിയാണു് മൈതാനത്തിൽ എത്തിച്ചേർന്നതു്. ബ്രസീലിയൻ പ്രസിഡൻറും കാബിനററംഗങ്ങളും രാഷ്ട്രപ്രതിനിധികളും ഭരണമേധാവികളും പേപ്പൽ പ്രതിനിധി നൽകിയ പൊൻറിഫിക്കൽ വാഴ്‌വിൽ സംബന്ധിച്ചിരുന്നു. പരിശുദ്ധമാർപ്പാപ്പാ വത്തിക്കാനിൽനിന്നും ബ്രസീലിയൻ ജനതയെ അഭിസംബോധനം ചെയ്തു പോർത്തുഗീസ് ഭാഷയിൽ ഒരു പ്രക്ഷേപണിപ്രസംഗം നിർവ്വഹിക്കുകയും കോൺഗ്രസ്സിൽ സംബന്ധിച്ച എല്ലാവരേയും ആശീർവ്വദിക്കുകയും ചെയ്തു. ബ്രസീൽരാജ്യത്തിൻേറയും ലോകത്തിൻെറ പൊതുവിലും വിശ്വാസപ്രകടനമായിരുന്ന ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ ഒരാഴ്ചത്തെ പരിപാടികൾ ഇപ്രകാരം സമംഗളം സമാപിച്ചു.

### പീഡിതരാജ്യങ്ങളുടെ പ്രകടനം

റിയോവിലെ അത്യാഡംബരപൂർവ്വകമായ കോൺഗ്രസ് പരിപാടികൾക്കിടയിൽ പീഡിതരാജ്യങ്ങളുടെ പ്രതിനിധികൾ നടത്തിയ ഒരു പ്രാർത്ഥനാപരിപാടി —"കാൽവരിപ്രദക്ഷിണം"—ഏററം ഹൃദയസ്പർശകമായ ഒരു പ്രകടനമായിരുന്നു. ഇരുമ്പുമറകൾക്കുള്ളിൽ വിശ്വാസത്തെപ്രതി കഠിനയാതനകളനുഭവിക്കുന്ന അസ്വാതന്ത്ര്യരായ അനേകലക്ഷം വിശ്വാസികളെ അനുസ്മരിച്ചും അവരെ പ്രതിനിധീകരിച്ചുമായിരുന്നു ഈ പ്രകടനം. 13 രാജ്യങ്ങളിലെ പ്രതിനിധികൾ മരക്കുരിശുകൾ വഹിച്ചുകൊണ്ടു നഗരവീഥിയിലൂടെ ഒരു നിശാപ്രദക്ഷിണം നടത്തി. ഓരോ രാജ്യക്കാരും അവരവരുടെ ദേശീയവസ്ത്രങ്ങളാണു് ധരിച്ചിരുന്നതു്. അവരവരുടെ രാജ്യത്തിൻെറ പേർ ആ രാജ്യത്തെ ഭാഷയിലും പോർത്തുഗീസ്ഭാഷയിലും ഉല്ലേഖനം ചെയ്തിരുന്ന പ്ലക്കാർഡുകൾ ഓരോ വിഭാഗത്തിൻേറയും മുമ്പിൽ പിടിച്ചിരുന്നു. അൽബേനിയാ, പൂർവ്വജർമ്മനി, ബാൾട്ടിക്ക് രാജ്യങ്ങൾ, ബൾഗേറിയാ, ചൈന, ഹംഗറി, പോളൻറു്, റുമേനിയാ, ഉത്തരകൊറിയാ, ചെക്കോസ്ലോവാക്കിയാ, യുക്രെൻ, വിയററ്നാം എന്നീ ക്രമത്തിലാണു് ജാഥാകൾ മുമ്പോട്ടുനീങ്ങിയതു്. ഓരോ വിഭാഗവും ആലക്തികദീപങ്ങളാൽ ശോഭനമാക്കപ്പെട്ടിരുന്ന കോൺഗ്രസ്സ് മൈതാനത്തിലേക്കു കടന്നു് അൾത്താരയെ സമീപിച്ചപ്പോൾ അവരിലൊരാൾ അവരുടെ രാജ്യത്തെ മതപീഡനത്തിൻെറ ഒരു ചുരുങ്ങിയ ചരിത്രം വിവരിക്കുകയുണ്ടായി. പ്രകടനം ആദ്യന്തം പ്രാർത്ഥനാനിരതവും ഹൃദയഭേദകവുമായിരുന്നു. മൈതാനത്തിൽ എല്ലാവരും എത്തിക്കഴിഞ്ഞപ്പോൾ നാടുകടത്തപ്പെട്ട ലിത്വാനിയായിലെ മെത്രാൻ ബ്രീസ്ഗീസ് തിരുമനസ്സുകൊണ്ടു മർദ്ദിതസഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന ജനക്കൂട്ടത്തിനു ചൊല്ലിക്കൊടുത്തു. ലക്ഷോപലക്ഷങ്ങൾ തുടിക്കുന്ന ഹൃദയത്തോടും ഇടറുന്ന തൊണ്ടകളോടും പൊഴിയുന്ന ബാഷ്പങ്ങളോടുംകൂടി അതേറുചൊല്ലി. "പിതാവേ, അവർ ചെയ്യുന്നതെന്തെന്നു അവരറിയുന്നില്ല; അതുകൊണ്ടു് അവരോടു ക്ഷമിക്കേണമേ" എന്നുള്ള വാക്യത്തോടുകൂടി അദ്ദേഹം പ്രാർത്ഥന സമാപിപ്പിച്ചു. പ്രകടനത്തിൽ ആദ്യന്തം സഹതാപത്തിൻേറയും പ്രാർത്ഥനയുടേയും മനോഭാവമാണു് പ്രശോഭിച്ചിരുന്നതു്; വിദ്വേഷത്തിൻേറയോ പ്രതികാരത്തിൻേറയോ യാതൊരു പ്രതീതിയും അതിൽ നിഴലിക്കുകപോലും ചെയ്തിരുന്നില്ല എന്നതു പ്രത്യേകം ശ്രദ്ധാർഹമായിരുന്നു.

### മാർപ്പാപ്പായുടെ സന്ദേശം

36-ാമത്തെ അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ് ഉപസംഹരിച്ചുകൊണ്ടു മാർപ്പാപ്പാതിരുമേനി ലോകമെങ്ങുമുള്ള കത്തോലിക്കർക്കുവേണ്ടി പ്രക്ഷേപണം ചെയ്ത സന്ദേശത്തിൽ അവിടുന്നു ഇപ്രകാരം പറഞ്ഞു:- "ലോകത്തെ അജ്ഞതയുടെ നിബിഡാന്ധകാരം മറയ്ക്കുകയും; ഉദാസീനതയുടെ മഞ്ഞു് അതിനെ ഗ്രസിക്കുകയും ചെയ്തിരിക്കുന്നു. വലിയ അഗാധതകളിൽ പലതിനെയും ശാസ്ത്രം തരണംചെയ്തുകഴിഞ്ഞിരിക്കുന്നു. പക്ഷെ നമ്മുടെ ബലിപീഠങ്ങളുടെ നിതാന്തനിശ്ശബ്ദതയിൽ, 'ദിവ്യകാരുണ്യയീശോ സ്വയം ബലിയർപ്പിച്ചുകൊണ്ടു് സ്വർഗ്ഗസ്ഥനായ പിതാവിനു് അനവരതം നൽകുന്ന അനവദ്യവും യഥാർത്ഥവുമായ മഹത്വത്തോടു തുലനം ചെയ്യുമ്പോൾ, സയൻസ്, ഇന്നത്തെക്കാൾ അതു് അനേകലക്ഷം മടങ്ങു ശക്തമായിരുന്നാൽ പോലും എത്രയോ നിസ്സാരമാകുന്നു."

തിന്മയുടെ പ്രലോഭനങ്ങളെ സധീരം ചെറുക്കുന്നതിനു് ദിവ്യകാരുണ്യകൂദാശയിൽ സന്നിധാനം ചെയ്യുന്ന മിശിഹായെക്കൊണ്ടു സ്വയം സായുധരാകണമെന്നു് കത്തോലിക്കരെ തിരുമേനി ഉദ്ബോധിപ്പിച്ചു.

## കുഷ്ഠരോഗികളുടെ അപ്പസ്തോലൻെറ

### സ്വർണ്ണജൂബിലി

ഫിജിദ്വീപുകളിൽ മക്കോഗായി എന്ന സ്ഥലത്തുവച്ചു് തിരുഹൃദയമിഷനറിസംഘാംഗവും കുഷ്ഠരോഗികളുടെ അപ്പസ്തോലനുമായ റവ. ഫാദർ യൂജിൻ ചോബ്ളററു് അദ്ദേഹത്തിൻെറ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷിച്ചിരിക്കുന്നു. ഗിൽബർട്ടുദ്വീപുകളിൽ 22 കൊല്ലത്തെ സേവനങ്ങൾക്കുശേഷം അദ്ദേഹം ഫ്രാൻസിലുള്ള സ്വദേശത്തേക്കു മടങ്ങുന്നതിനു ഒരുങ്ങിയപ്പോഴാണു് കുഷ്ഠരോഗം അദ്ദേഹത്തെ ബാധിച്ചുവെന്നു മനസ്സിലാക്കിയതു്. അനന്തരം അദ്ദേഹം ടാവരാദ്വീപിലുള്ള കുഷ്ഠരോഗകോളനിയിലേക്കു മടങ്ങി. അവിടത്തെ അദ്ദേഹത്തിൻെറ സേവനത്തെപ്പററി ബ്രിട്ടീഷ് റസിഡണ്ടു് കമ്മീഷണർ സർ ആർതർ ഗ്രീംബിൾ രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്:- "ഈ കോളനി ഒരു പുതിയ സ്ഥാപനമായിരുന്നു. ഒരു ഗ്രാമത്തിൻെറ രൂപത്തിലാണു് അതു സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതു്...... അദ്ദേഹത്തിൻെറ ആഗമനത്തിനുശേഷം ആറുമാസംകഴിഞ്ഞു് ഞാൻ ഈ കോളനി സന്ദർശിച്ചപ്പോൾ ഒന്നാമതായി ഞാൻ ദർശിച്ചതു് അവിടെ ഒരു പുതിയ ക്രമീകരണം വന്നിരിക്കുന്നുവെന്നതാണ്. എവിടെയും കൈവേലകൾ നടന്നുകൊണ്ടിരുന്നു. ചിരിയും അട്ടഹാസങ്ങളും ദൃശ്യമായി." ഫാദർ ചോബ്ളററു പറയുന്നതു്, ഈ വ്യതിയാനം ഉണ്ടാക്കുവാൻ സാധിച്ചതു് കുഷ്ഠരോഗികളുടെ ജീവിതത്തിൽ മതബോധം അദ്ദേഹം പ്രായോഗികമാക്കിയതുകൊണ്ടാണെന്നാണ്. അവരുടെയിടയിൽ 25 കൊല്ലം അദ്ദേഹം ജോലിചെയ്തു. അദ്ദേഹത്തിനു ഇപ്പോൾ 78 വയസ്സു പ്രായമുണ്ടു്. ഇപ്പോഴും കുഷ്ഠരോഗികളുടെ ചാപ്ലെയിൻ ഉദ്യോഗം അദ്ദേഹം വഹിച്ചുപോരുകയാണ്.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, AUGUST 17 || No. 2


## സമാധാനപരമായ സഹവർത്തിത്വം

സഹവർത്തിത്വാദർശത്തിനു അഭൂതപൂർവ്വകമായ ഒരു പ്രചാരം ഇന്നു കൈവന്നുകൊണ്ടിരിക്കുകയാണ്. ഏതേതു നവീനപദങ്ങൾകൊണ്ടു ഈ ആശയം വിവക്ഷിക്കപ്പെട്ടാലും അതിന്റെ സാഫല്യത്തിനു മൗലികമായ ചില തത്വങ്ങൾ അവശ്യം ദീക്ഷിക്കപ്പെടണം. അല്ലാത്തപക്ഷം അതു ഭാവനാലോകത്തിൽമാത്രം നിലകൊള്ളുന്ന ഒരു വ്യാമോഹമായിരിക്കുകയേയുള്ളു. അതുകൊണ്ടു സമാധാനപരമായ സഹവർത്തിത്വത്തെ സംജാതമാക്കുന്ന അടിസ്ഥാനതത്വങ്ങളെപ്പററി സമഗ്രമായ ഒരു ജ്ഞാനം സമ്പാദിക്കുന്നതിനു എല്ലാവരും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

വിശ്വവിഖ്യാതപണ്ഡിതനായ വിശുദ്ധ അഗ്ഗുസ്തീനോസ് പറഞ്ഞിട്ടുണ്ട്:- "ഭൂതാത്മകവസ്തുക്കളിൽ വിഭജനം സമാരംഭിക്കുന്നു; എന്നാൽ ആദ്ധ്യാത്മികചൈതന്യം സംയോജിപ്പിക്കുന്നു," എന്ന്. ആധുനികലോകത്തിൽ പ്രത്യക്ഷപ്പെടുന്ന സഹവർത്തിത്വത്തിനും ഐക്യത്തിനുമുള്ള പ്രവണത വെറും ഭൗതികതത്വാദർശങ്ങളിൽ ഒതുങ്ങിനില്ക്കുന്നതാണോ, അഥവാ ആദ്ധ്യാത്മികചൈതന്യത്തോടുകൂടിയതാണോ എന്നതാണ് ഇക്കാര്യത്തിൽ സർവ്വപ്രധാനമായ പ്രശ്നം. ധനം, പാരമ്പര്യം, സംസ്കാരം, ജാതി, മതം, പാണ്ഡിത്യം എന്നിത്യാദി വൈവിദ്ധ്യങ്ങളെ അതിശയിക്കുന്നതും, മാനവമനസ്സിനേയും ഹൃദയത്തേയും സ്നേഹബന്ധത്തിൽ സംയോജിപ്പിക്കുന്നതുമായ ഒരു ശക്തിക്കു മാത്രമേ അഭിലഷണീയമായ വിശ്വസാഹോദര്യത്തെ സൃഷ്ടിക്കുവാൻ കഴിയുകയുള്ളു. ഒന്നാമതായി ഓരോ മനുഷ്യനും പരമമായ ഒരു ജീവിതലക്ഷ്യമുണ്ടെന്നും അതിനെ പ്രാപിക്കുന്നതിനു ധാർമ്മികമായ ചില മൂല്യങ്ങളെ ആലംബമാക്കേണ്ടതുണ്ട് എന്നുമുള്ള ഒരു ബോദ്ധ്യമുണ്ടാകണം. അതാണല്ലോ മനുഷ്യത്വത്തിന്റെ മൂലക്കല്ല്.

രാഷ്ട്രീയരംഗത്തിൽതന്നേയും വികസിതവും സ്വയംപര്യാപ്തവുമായ രാജ്യങ്ങൾ ഔദ്ധത്യപൂർവ്വം സ്വന്തം മേധാവിത്വത്തിനുവേണ്ടി മർക്കടമുഷ്ടിപിടിക്കുകയാണെങ്കിൽ സമാധാനപരമായ സഹവർത്തിത്വം വെറും ഭാവനയായി നിലകൊള്ളുകയേയുള്ളു. സ്വേച്ഛാധിപത്യത്തിനു സമാധാനേച്ഛുക്കളായ ഒരു ഗണം പൗരന്മാരെ സൃഷ്ടിക്കുവാൻ സാദ്ധ്യമല്ല. സാങ്കേതികമായ പുരോഗതിയിൽ ഐശ്വര്യം ആരായുന്നവരുണ്ട്. എന്നാൽ ധാർമ്മികമൂല്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള സാങ്കേതികപുരോഗതി ഭയാനകമായ നാശങ്ങൾക്കും അസ്വാസ്ഥതകൾക്കും മാത്രമേ വഴിതെളിക്കുകയുള്ളുവെന്നു ചരിത്രം തെളിയിച്ചുകൊണ്ടിരിക്കുന്നു. മതവിശ്വാസമാണ് സകല ഭിന്നതകൾക്കും നിദാനമെന്നു കൊട്ടിഘോഷിക്കുന്നതിൽ ഔൽസുക്യം പ്രദർശിപ്പിക്കുന്ന ഒരു വിഭാഗവും ഇന്നുണ്ട്. ഇതു വെറും അന്ധമായ മൗഢ്യമാണെന്നും, മാനവസമൂഹത്തിൽ ഐക്യത്തിന്റെ എന്തെങ്കിലും കണിക അവശേഷിച്ചിട്ടുണ്ടെങ്കിൽ അതുകൂടി നാമാവശേഷമാക്കുന്നതിനുള്ള അവസാനശ്രമമാണിതെന്നും സുബുദ്ധിയുള്ള മനുഷ്യനു മനസ്സിലാക്കാൻ വിഷമമില്ലാത്തതാണ്. ആദ്ധ്യാത്മികചൈതന്യത്തെ നശിപ്പിക്കുന്ന മനുഷ്യന്റെ മതവിരുദ്ധമനോഭാവമാണ് മാനവവംശത്തിന്റെ അധഃപ്പതനത്തിനു പ്രമുഖമായ ഹേതു എന്നുള്ളതും പ്രത്യേകം ഗ്രഹിക്കേണ്ടതുണ്ട്. ഇപ്രകാരം മൗലികമായ തത്വങ്ങളെ അവഗണിച്ച് വെറും സാങ്കല്പികവും അബദ്ധജഡിലവുമായ ആദർശങ്ങളെ ആധാരമാക്കി സമാധാനദുർഗ്ഗം കെട്ടിപ്പണിയുന്നതിനുള്ള ആധുനികലോകത്തിന്റെ ബദ്ധപ്പാടാണ് അടിക്കടി അപജയത്തിലും അസ്വാസ്ഥതയിലുംചെന്നു നിപതിച്ചുകൊണ്ടിരിക്കുന്നത്.

പരിശുദ്ധപിതാവു 12-ാംപീയൂസ് മാർപ്പാപ്പാ ലോകസമാധാനത്തിനു അവശ്യാവശ്യകമായി ചൂണ്ടിക്കാണിക്കുന്ന ചില നിർദ്ദേശങ്ങൾ നിർമ്മത്സരബുദ്ധികളും സമാധാനകുതുകികളുമായ എല്ലാവരുടേയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്:— 1. മനുഷ്യവർഗ്ഗത്തിന്റെ വിശ്വസാഹോദര്യം അംഗീകരിക്കുക. എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളും, സ്വഭാവത്തിലും ജീവിതത്തിലും പരമമായ ഒരേലക്ഷ്യത്തോടുകൂടിയവരുമാണ്. അതുകൊണ്ടു മനുഷ്യവംശത്തിനുള്ള ജന്മസിദ്ധവും ദൈവദത്തവുമായ സാഹോദര്യത്തിൽ അടിയുറച്ച ബോദ്ധ്യത ഓരോ വ്യക്തിയിലും ദൃഢമൂലമാവുകയും അവന്റെ ജീവിതപ്രവർത്തനങ്ങളിൽ അതു പ്രതിഫലിക്കുകയും ചെയ്യണം. ഇതുതന്നെ പൊതുജീവിതത്തിലും രാഷ്ട്രീയബന്ധങ്ങളിലും പാലിക്കപ്പെടണം. 2. മനുഷ്യവർഗ്ഗം ഏകസമുദായമാണെന്നുള്ള അവബോധമുണ്ടാകണം. വർഗ്ഗ, വർണ്ണ, ദേശവ്യത്യാസങ്ങളെ അതിശയിക്കുന്ന ഈ ഏകസമുദായബോധം വർഗ്ഗങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും, രാജ്യങ്ങൾതമ്മിലും നിലനിന്നുപോരുന്ന ഭിന്നതകൾക്കും ശത്രുതകൾക്കും അന്തംവരുത്തുകയും പരസ്പരം സഹകരിക്കുന്നതിനും ലോകത്തിന്റെ പൊതുനന്മയെ ലക്ഷ്യംവച്ചു പ്രവർത്തിക്കുന്നതിനുംപ്രേരകമാവുകയും ചെയ്യും. 3. നീതിബോധവുംസമാധാനമനസ്ഥിതിയും പാലിക്കുക. "കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ" എന്ന കാട്ടാളമനഃസ്ഥിതി ഉപേക്ഷിച്ച വലിയവരും ചെറിയവരും തമ്മിലും, പ്രബലശക്തികളും ചെറുകിടരാജ്യങ്ങളും തമ്മിലും നീതിബോധത്തോടുകൂടി എല്ലാ കാര്യങ്ങളിലും വർത്തിക്കുക. 4. പരസ്പരം സത്യസന്ധതയോടും, ആത്മാർത്ഥതയോടും, നെറിവോടും കൂടി പെരുമാറുക. ആധുനികലോകം കൗടില്യത്തിന്റെ കേളീരംഗമായിരിക്കുകയാണെന്നു പറഞ്ഞാൽ അതു വലിയൊരതിശയോക്തിയാകുമെന്നു തോന്നുന്നില്ല. കാരണം വ്യക്തികൾ തമ്മിലുള്ള ഇടപാടുകൾ മുതൽ മഹച്ഛക്തികൾ തമ്മിലുള്ള ഉടമ്പടികൾവരെയുള്ള യാതൊന്നിലും വിശ്വസിക്കുന്നതിനു ഇന്നു സാദ്ധ്യമല്ലാത്ത ഒരു നിലയാണു അനുഭവത്തിൽ കാണുന്നത്. 5. പരസ്പരധാരണയും സ്നേഹമനോഭാവവും പാലിക്കണം. വ്യക്തികളും ജനപദങ്ങളും ഓരോന്നും അതതിന്റെ പ്രത്യേകതകളോടുകൂടിയിരിക്കുക എന്നതു സ്വാഭാവികമാണ്. ഈ സ്ഥിതിവ്യത്യാസങ്ങളെ പരസ്പരവിദ്വേഷത്തിനും ശണ്ഠകൾക്കും അവസരമാക്കാതെ പരസ്പരധാരണയോടും തമ്മിൽ തമ്മിൽ സഹായിക്കുന്നതിനും സഹകരിക്കുന്നതിനുമുള്ള ഉദാരതയോടുംകൂടി വേണം ഓരോ പ്രവർത്തനങ്ങളേയും നിയന്ത്രിക്കുവാൻ. 6. സ്വാതന്ത്ര്യബോധവും മനുഷ്യന്റെ വ്യക്തിത്വത്തെ ബഹുമാനിക്കുന്നതിനുള്ള സന്നദ്ധതയും ഉണ്ടാകണം. ഇന്നത്തെ ലോകത്തിൽ സാമാന്യമായി നടക്കുന്നതു സ്വേച്ഛാധിപത്യമോ അഥവാ മൃഗീയഭൂരിപക്ഷത്തിന്റെ വിളയാട്ടമോ ആണ്. വസ്തുതകളെ ശരിയായ വീക്ഷണകോണത്തിലൂടെ ദർശിക്കുന്നതോ മനുഷ്യന്റെ മൗലികവും ധാർമ്മികവുമായ അവകാശസ്വാതന്ത്ര്യങ്ങളെ മാനിക്കുന്നതോ ആയ ഒരു നയം തിരോഭവിച്ചിരിക്കുകയാണ്. അതുകൊണ്ടു ലോകത്തിൽ പരസ്പരസ്നേഹവും സമാധാനജന്യമായ സഹവർത്തിത്വവും സംജാതമാകണമെങ്കിൽ പരിശുദ്ധപിതാവു നിർദ്ദേശിക്കുന്ന ഈ തത്വങ്ങളെ ആത്മാർത്ഥതയോടുകൂടി ആദരിക്കുന്നതിനുള്ള ഒരു മനോഭാവം —മനസ്സിന്റേയും ഹൃദയത്തിന്റേയും ഒരു പരിവർത്തനം— അപരിത്യാജ്യമാണ്.

ഈയിടെ ജനീവായിൽവച്ചു നടന്ന "ഉച്ചകോടി"സമ്മേളനത്തെ പരാമർശിച്ച് ഇംഗ്ലണ്ടിലെ വാറിംഗ്ടൺ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഗോഡ്ഫ്റൊ തിരുമനസ്സുകൊണ്ട് ഇപ്രകാരം പ്രസ്താവിച്ചു:- "അടുത്തുനടന്ന "ഉച്ചകോടി"സംഭാഷണങ്ങളെ സംബന്ധിച്ച് ക്രിസ്തുവിന്റെ ആദർശങ്ങൾക്കനുസരിച്ച പരിഗണന നൽകപ്പെടുമെന്നാണ് നമ്മുടെ പ്രത്യാശ. ഇന്നത്തെ ലോകത്തിന്റെ രോഗവും, സമാധാനത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന മനുഷ്യബുദ്ധിയുടേയും മനസ്സിന്റേയും ഭിന്നതകളും പരമമായി ദൈവത്തിന്റെ പിതൃത്വത്തെ അവഗണിക്കുന്നതിന്റെ പരിണതഫലമാണ്. ദൈവത്തെ നിരാകരിച്ചാൽ മനുഷ്യവർഗ്ഗത്തിന്റെ സാഹോദര്യാദർശവും അവശ്യം തിരോഭവിക്കും. കഴിഞ്ഞ മഹായുദ്ധത്തിനുശേഷം നടന്നിട്ടുള്ള നിരവധികോൺഫറൻസുകളിലും കൂടിയാലോചനകളിലും ഈ മനോഭാവമാണ് പ്രകടിതമായി കഴിഞ്ഞിട്ടുള്ളത്. നമ്മുടെ ശുഭാശംസകളും പ്രാർത്ഥനകളും ലോകജനതകളുടെ ഭാവിഭാഗധേയത്തെ കരുപ്പിടിക്കുന്നതിനു പരിശ്രമിച്ചുകൊണ്ടിരിക്കുന്ന നേതാക്കന്മാരോടുകൂടിയുണ്ട്. "ബോധജ്ഞാന"ത്തിന്റെ നൽവരത്തിനായി പ്രാർത്ഥിച്ച സ്ലേമോൻ ദൈവത്തെ പ്രസാദിപ്പിച്ചു. ഉച്ചകോടിസമ്മേളനത്തിൽ ഭാഗഭാക്കായ നേതാക്കന്മാരിൽ ചിലരെങ്കിലും അവരുടെ ബോധത്തെ പ്രകാശിപ്പിക്കുന്നതിനും ക്രിസ്തുവിന്റെ സ്നേഹത്താൽ അവരുടെ ഹൃദയത്തെ ചൂടുപിടിപ്പിക്കുന്നതിനും സവിനയം ദൈവത്തെ പ്രാർത്ഥിച്ചുവെന്നു നാം വിശ്വസിക്കുന്നു. ഈ മാർഗ്ഗത്തിൽക്കൂടി മാത്രമേ അധഃപ്പതനത്തിൽനിന്നു ലോകത്തെ സമുദ്ധരിക്കുന്നതിനു സാദ്ധ്യമാവുകയുള്ളു."

പരിശുദ്ധ മാർപ്പാപ്പാ ഈ ആഗസ്റ്റു മാസത്തെ പ്രാർത്ഥനാനിയോഗമായി പ്രഖ്യാപിച്ചിട്ടുള്ളത്, "ക്രിസ്തീയതത്വങ്ങൾക്കനുസരിച്ച് രാജ്യങ്ങൾ തമ്മിൽ സമാധാനപരമായ സഹകരണം" ഉണ്ടാകുക എന്നതാണല്ലോ. പ്രചുരപ്രചാരം സിദ്ധിച്ചുകൊണ്ടിരിക്കുന്ന സഹവർത്തിത്വാദർശം നേർവഴിക്കു പുരോഗമിക്കുന്നതിനും ശാശ്വതസമാധാനം ലോകത്തിനു പ്രദാനംചെയ്യുന്നതിനും ഇടയാകട്ടെയെന്നു ഹാർദ്ദവമായി നമുക്കു പ്രാർത്ഥിക്കാം.

## പ്രസാധകക്കുറിപ്പുകൾ

### വത്തിക്കാന്റെ അന്താരാഷ്ട്രീയ നയം

കത്തോലിക്കാസഭയുടെ പൊതുനയം, അന്താരാഷ്ട്രീയകാര്യങ്ങളിലുള്ള വിവാദങ്ങളിൽ ഇടപെടാതിരിക്കുക എന്നതാണെന്നു വിദേശപര്യടനം കഴിഞ്ഞു തിരിച്ചെത്തിയ ഇന്ത്യയുടെ അത്യുന്നതകർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ട് ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സിന്റെ ബോംബെശാഖാ മെമ്പന്മാരെ അഭിമുഖീകരിച്ചു നടത്തിയ ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. തിരുമേനി സഭയുടെ നിലപാടിനെ ഇപ്രകാരം വിശദീകരിച്ചു:-

"തിരുസിംഹാസനത്തിന്റെ നയതന്ത്രപ്രവർത്തനങ്ങൾ, കേവലം ഭൗതികമാത്രമായ നയതന്ത്രപരിധിയെ ഉല്ലംഘിക്കുന്നു. ഒരു രാജ്യത്തെ ജനങ്ങൾക്ക് മറെറാരു രാജ്യത്തിൽ ആനുകൂല്യങ്ങൾ (പ്രിവിലേജസ്) കരസ്ഥമാക്കുകയെന്നതാണ് ഭൗതികനയതന്ത്രത്തിന്റെ ലക്ഷ്യം. എന്നാൽ വത്തിക്കാൻ തിരുസിംഹാസനമാകട്ടെ സഭയുടെ സന്താനങ്ങളുടെ ആദ്ധ്യാത്മികതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിലാണ് തല്പരയായിരിക്കുന്നത്. അക്കാരണത്താൽതന്നെ, സഭ എന്നും ഏതെങ്കിലും സിവിൽഗവമ്മെൻറിന്റെ നിയന്ത്രണത്തിൽനിന്നും സ്വതന്ത്രയായിരിക്കണം. അതുപോലെതന്നെ, സഭയുടെ ചുമതല പ്രധാനമായും ആദ്ധ്യാത്മികമാകയാൽ സഭയ്ക്ക് അതിന്റെ പ്രത്യേകപദവിമൂലം, രാഷ്ട്രീയരംഗത്തിടപെടുവാൻ അർഹതയുണ്ടെന്ന് അവകാശപ്പെടാവുന്നതുമല്ല.

"ആകയാൽ സഭയും മററു ഗവമ്മെൻറുകളും തമ്മിലുള്ള ബന്ധം അന്താരാഷ്ട്രീയമല്ല, "ഇൻറർ-സോവറിൻ"ആകുന്നു. ഇവ രണ്ടും വ്യത്യസ്തങ്ങളാണ്. പരമപ്രാധാന്യമർഹിക്കുന്ന ഈ വ്യത്യാസം എല്ലാ വിഷമതകൾക്കും പരിഹാരം പ്രദാനം ചെയ്യുന്നു."

സഭയ്ക്കു രാഷ്ട്രങ്ങളുമായി ഇടപെടുവാനുള്ള അധികാരദൗത്യങ്ങൾ, സഭയുടെ ഭൗതികാധികാരത്തെ ആശ്രയിച്ചുള്ളതല്ലെന്നു തിരുമേനിചൂണ്ടിക്കാണിച്ചു രാഷ്ട്രങ്ങളുടെ ജീവിതത്തിൽ ഇടപെടുവാൻ സഭയ്ക്കുള്ള അവകാശം, സഭയുടെ ഭൗതികാധികാരത്തിൽനിന്നും തികച്ചും സ്വതന്ത്രമാകുന്നു. വത്തിക്കാൻ ഇപ്പോൾ 46 രാഷ്ട്രങ്ങളുമായി നയതന്ത്രബന്ധം പാലിച്ചുപോരുന്നുണ്ടെന്നും തദ്രാജ്യങ്ങൾ മിക്കവയ്ക്കും വത്തിക്കാൻ സിററിയിൽ പ്രതിനിധികളുണ്ടെന്നും തിരുമേനി പ്രസ്താവിച്ചു. ഏതെങ്കിലും ഒരു പ്രത്യേകപ്രശ്നത്തെപ്പററി വിധിതീർപ്പു കല്പിക്കുവാൻ അഭ്യർത്ഥിക്കപ്പെട്ടുവെങ്കിലല്ലാതെ, ഒരൊററ രാഷ്ട്രത്തെയോ അഥവാ ഒന്നിലധികം രാഷ്ട്രങ്ങളെയോ ബാധിക്കുന്ന അത്തരം വിവാദങ്ങളിൽ പങ്കെടുക്കുവാൻ തിരുസിംഹാസനം ഒരിക്കലും ഒരുമ്പെടാറില്ല എന്നും തിരുമേനി ചൂണ്ടിക്കാണിച്ചു.

x x x

### അണുശക്തിശാസ്ത്രജ്ഞ സമ്മേളനം

ഐക്യരാഷ്ട്രസമിതിയുടെ ജനീവായിലുള്ള യൂറോപ്യൻ ഹെഡ് ക്വാർട്ടേഴ്സിലെ ജനറൽ അസംബ്ലിഹാളിൽ ആഗസ്റ്റ് 8-ാംനു ലോകത്തിലെ പ്രമുഖ അണുശക്തിശാസ്ത്രകാരന്മാരായ 1200 വിദഗ്ദ്ധന്മാർ തിങ്ങിക്കൂടി. ഐക്യരാഷ്ട്രസമിതിയുടെ ആഭിമുഖ്യത്തിൽ ഇതുപോലൊരു സമ്മേളനം നടക്കുന്നതു് ഇദംപ്രഥമമാണ്. ആസ്ത്രേലിയ, ബൽജിയം, ബ്രിട്ടൻ, ക്യാനഡ, ഫ്രാൻസ്, ദക്ഷിണാഫ്രിക്ക, അമേരിക്ക എന്നീ രാജ്യങ്ങളുടെ ആഭിമുഖ്യത്തിൽ ഉന്നീതമായ സമാധാനാർത്ഥമുള്ള അണുശക്തിയുടെ വിനിയോഗം സംബന്ധിച്ച നിർദ്ദേശത്തിൽനിന്നാണ് ഇതുടലെടുത്തതു്. ഇങ്ങനെയൊരു കോൺഫറൻസ് നടത്തണമെന്ന് ഐക്യരാഷ്ട്രസമിതി കഴിഞ്ഞ ഡിസമ്പറിൽ തീരുമാനിച്ചു. ഇരുമ്പുമറയുടെ ഇരുവശങ്ങളിൽനിന്നും ഈ കോൺഫറൻസിൽ സംബന്ധിക്കുന്ന ശാസ്ത്രജ്ഞന്മാർ, അണുശക്തിയുടെ സംഹാരാത്മകതയെപ്പററിയല്ല വിചിന്തനം ചെയ്യുന്നതു്. മനുഷ്യബുദ്ധിയുടെ ഏററവും മഹത്തായ വിജയത്തിന്റെ ഫലങ്ങൾ മനുഷ്യരാശിക്ക് അനുഭവവേദ്യമാക്കുന്നതിന് ശാസ്ത്രകാരന്മാർ അവരുടെ തികച്ചും സാങ്കേതികമായ ജ്ഞാനം കേന്ദ്രീഭവിപ്പിക്കുകയാണ്.

അണുശക്തിവിദഗ്ദ്ധന്മാരുടെ അന്താരാഷ്ട്രീയസഹകരണം സംഘർഷാവസ്ഥയ്ക്കു അയവുവരുത്തുമെന്നാണ് അണുശക്തിവിദഗ്ദ്ധന്മാരുടെ ഈ സമ്മേളനത്തിൽ ഐക്യരാഷ്ട്രസമിതി സെക്രട്ടറിജനറൽ ഹമാർഷെൽഡ് 73 രാഷ്ട്രങ്ങളിൽനിന്നുള്ള അണുശക്തിവിദഗ്ദ്ധന്മാർ സംബന്ധിച്ചിരുന്ന പ്രസ്തുത സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു പ്രസ്താവിച്ചതു്. സമ്മേളനം തികച്ചും "രാഷ്ട്രീയേതര"മാണെങ്കിലും അതിപ്രാധാന്യമർഹിക്കുന്ന രാഷ്ട്രീയഭവിഷ്യത്തുകൾ അതിൽനിന്നും ഉത്ഭവിക്കുമെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം ഇപ്രകാരം തുടർന്നു:-

"ശാസ്ത്രജ്ഞന്മാരുടെ ഇടയിലുള്ള ബുദ്ധിപരമായ സഹകരണം ധാർമ്മികമായ ഒരു ഉത്തരവാദിത്വമാണ്. നമ്മുടെ പൊതുനാഗരികതയെ പുരോഗമിപ്പിക്കുവാൻ നാം തുടർന്നു യത്നിക്കുന്നുവെങ്കിൽ ആ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ നമുക്കു സാദ്ധ്യമല്ലെന്നു അതു തെളിയിക്കും. ശാസ്ത്രജ്ഞന്മാരുടെ ചർച്ചാഗതി ജനങ്ങളുടെ ചിന്തയെ യുദ്ധത്തിൽനിന്നു സമാധാനത്തിലേക്കു തിരിച്ചുവിടുമെന്ന് എനിക്കു തീർച്ചയുണ്ട്."

### ഭാഭായുടെ അദ്ധ്യക്ഷപ്രസംഗം

കോൺഫറൻസിൽ ആദ്ധ്യക്ഷംവഹിച്ചുകൊണ്ട് ഇന്ത്യൻ അണുശക്തികമ്മീഷൻ ചെയർമനായ ഡോക്ടർ ഹോമി ജെ. ഭാഭാ ചെയ്ത പ്രസംഗത്തിൽ, അടുത്ത 40 വർഷത്തിനുള്ളിൽ ഹൈഡ്റജൻബോമ്പിന്റെ വിപുലമായ ശക്തിസമ്പത്തു വിദ്യുച്ഛക്തിക്കായുള്ള മനുഷ്യന്റെ ആവശ്യങ്ങൾ എന്നന്നേക്കുമായി നിർവ്വഹിക്കത്തക്കവിധം കേന്ദ്രീഭവിപ്പിക്കപ്പെടുന്നതാണെന്നു പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം തുടർന്നു:- "നമ്മുടെ നാഗരികതയുടെ വിള്ള

ക്ക അണഞ്ഞുപോകാതിരിക്കണമെങ്കിൽ പുതിയൊരു ശക്തികേന്ദ്രം കണ്ടുപിടിക്കേണ്ടതു് അപരിത്യാജ്യമായിത്തീർന്നിരിക്കുന്നു. എന്തെന്നാൽ നാം നമ്മുടെ വിറകും എണ്ണസമ്പത്തും കത്തിയെരിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ വർദ്ധമാനമായിവരുന്ന ശക്തിവിനിയോഗനിരക്ക തുടർന്നാൽ ഒരു നൂററാണ്ടിനുള്ളിൽ കല്ക്കരിയും എണ്ണയും ഗ്യാസുമൊക്കെയായി നമുക്ക റിസർവായുള്ള നമ്മുടെ സമ്പത്തു മുഴുവൻ തീരും. ഇതിനു പരിഹാരം കാണുവാൻ മനുഷ്യൻ അണുശക്തിയിലേക്കാണു് ശ്രദ്ധ തിരിച്ചിരിക്കുന്നതു്. ലോകമെങ്ങും അറിയപ്പെട്ടിട്ടുള്ള ഉറേനിയം, തോറിയം റിസർവുകളെപ്പററി ചർച്ച നടത്തുന്നതാണു്. ലോകത്തിലെ സാർവ്വത്രികമായ അണുശക്തിവ്യവസായം ഒരു അന്താരാഷ്ട്രീയസൊസൈററി ആവശ്യകമാക്കിത്തീർക്കും. സമാധാനപാലനാർത്ഥം അവ്വിധമുള്ള ഒരു സൊസൈററി പാലിച്ചുകൊണ്ടുപോകുവാൻ പ്രധാനരാജ്യങ്ങൾ സമ്മതിച്ചിട്ടുണ്ടു്. ശാസ്ത്രകാരന്മാരെന്നനിലയിൽ നമ്മുടെ പ്രഥമകൃത്യം സത്യം സ്ഥാപിക്കുകയാണു്. ഇക്കാര്യത്തിൽ മനുഷ്യരാശിയോടു നമുക്കുള്ള ഉത്തരവാദിത്വം ഏതെങ്കിലുമൊരു രാഷ്ട്രത്തോടുള്ള വിധേയത്വത്തിനതീതമാകുന്നു.”

12 ദിവസം ദീർഘിക്കുന്ന ഈ കോൺഫറൻസിൽ അണുശക്തിയുടെ സമാധാനപരമായ വിനിയോഗത്തിന്റെ വിവിധ വശങ്ങളെപ്പററി 460 പ്രബന്ധങ്ങൾ പാരായണം ചെയ്യപ്പെടുന്നതാണു്. കോൺഫറൻസ്ഘട്ടത്തിൽ അണുശക്തിയുടെ സമാധാനപരമായ വിനിയോഗത്തെ ക്രോഡീകരിക്കുന്ന രണ്ടു പ്രദർശനങ്ങൾ സന്ദർശിക്കുവാൻ കോൺഫറൻസ് ഡെലിഗേററുകൾക്കും പൊതുജനങ്ങൾക്കും സൗകര്യമുണ്ടായിരിക്കും.

## ഐസനോവറുടെ സന്ദേശം

മനുഷ്യന്റെ അത്ഭുതാവഹമായ കണ്ടുപിടുത്തം അവന്റെ തേജോവധത്തിനല്ല ജീവിതത്തിനുവേണ്ടി വിനിയോഗിക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിലേക്കുള്ള ശ്രമത്തിൽ സഹായം നൽകുവാൻ അമേരിക്ക ഉദ്യുക്തമായിരിക്കുകയാണെന്നു് പ്രസിഡൻറു് ഐസനോവർ കോൺഫറൻസിനയച്ച സന്ദേശത്തിൽ ഉറപ്പുനൽകിയിരിക്കുന്നു. മനുഷ്യൻ അനുവദിക്കമാത്രം ചെയ്താൽ മനുഷ്യന്റെ ഏററവും വിനീത, നിസ്തന്ദ്രഭൃത്യനായിരിക്കുവാൻ അണുശക്തി എത്ര തയ്യാറായിരിക്കുന്നുവെന്നു് അണുശക്തിയുടെ രഹസ്യങ്ങളിലേക്കു ചുഴിഞ്ഞുനോക്കുന്ന പ്രമുഖ ശാസ്ത്രകാരന്മാരും എൻജിനീയർമാരും തീർച്ചയായും മനസ്സിലാക്കുമെന്നു് അദ്ദേഹം തുടർന്നു പ്രസ്താവിച്ചിരിക്കുന്നു.

x x x

## “സ്വതന്ത്രവിദ്യാർത്ഥിസംഘടന” [ഐ. എസ്. ഒ.]

ആലുവാകേന്ദ്രമാക്കി ഉദ്ദേശം രണ്ടുകൊല്ലമായി പ്രവർത്തനം നടത്തിവരുന്ന ഒരു വിദ്യാർത്ഥിസംഘടനയാണു് ഐ. എസ്. ഒ. പല കോളേജുകളിലും ഹൈസ്കൂളുകളിലും ഇതിനു ശാഖകൾ സമാരബ്ധമായിട്ടുള്ളതായി അറിയുന്നു. നിലവിലുള്ള പല വിദ്യാർത്ഥിസംഘടനകളും വിദ്യാർത്ഥിലോകത്തിനു വിനാശകരമാകത്തക്കവിധം അപഥസഞ്ചരണം ചെയ്തുകൊണ്ടിരിക്കുന്നവയാണു്. ഇതു ശിഷ്യന്മാർ തമ്മിൽ ഭിന്നിപ്പുണ്ടാക്കുകയും വിദ്യാലയത്തിൽ ശിക്ഷണം തുടർന്നുപോകുന്നതിനു സാധിക്കാത്തവണ്ണം കുഴപ്പങ്ങൾ സൃഷ്ടിക്കുകയുമാണു അവയുടെ പ്രവർത്തനങ്ങൾ. വിദ്യാർത്ഥികളുടെ നിർമ്മാണപരമായ കഴിവുകൾ സംഘടിപ്പിച്ചു അവക്കുതന്നെയും രാജ്യത്തിനും ഉപകാരപ്രദമായ വിധത്തിൽ വിനിയോഗിക്കുന്നതു് ശ്ലാഘനീയവും ആവശ്യകവുമാണു്. വിദ്യാർത്ഥിസംഘടനകൾ അത്തരത്തിലുള്ളവയാകണം. വിദ്യാർത്ഥികൾതന്നെ അതിന്റെ പ്രവർത്തനം ചുമതലാബോധത്തോടെ ഏറെറടുക്കുകയും വിദ്യാഭ്യാസപ്രവർത്തകർ അവക്കുവേണ്ട നേതൃത്വം നൽകുകയും ചെയ്യണം. പുറമെയുള്ള പാർട്ടികളുടെ ചട്ടുകങ്ങളായി തീരുന്ന ദുരന്തം അതിനെ സ്പർശിക്കാൻ അനുവദിക്കാവുന്നതല്ല. സ്വതന്ത്രവിദ്യാർത്ഥിസംഘടനയുടെ ഭരണഘടനയും ഇതഃപര്യന്തമുള്ള പ്രവർത്തനചരിത്രവും ഈ രീതിയിലുള്ള ഒരു പ്രസ്ഥാനമാണതെന്നു തെളിയിക്കുന്നതു ശുഭോദർക്കമായിരിക്കുന്നു. വിദ്യാഭ്യാസപ്രവർത്തകരും രക്ഷാകർത്താക്കളും അതർഹിക്കുന്ന പ്രോത്സാഹനവും സഹായവും നൽകുന്നുവെങ്കിൽ അതൊരു മാതൃകാ വിദ്യാർത്ഥിസംഘടനയായിരിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. സംഘടനയുടെ ഔദ്യോഗികപ്രസിദ്ധീകരണമാണു്

## “വിദ്യാലോകം”

എന്ന മാസിക. വിദ്യാർത്ഥികളുടെ കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ഒരു മാസിക പ്രത്യേകം ഉണ്ടായിരിക്കുക എന്നതു സർവ്വഥാ അഭിലഷണീയമാണു്. അതുകൊണ്ടാണു് സ്വതന്ത്രവിദ്യാർത്ഥിസംഘടനയുടെ ഭാരവാഹിത്വത്തിൽ ആലുവായിൽനിന്നു് ഒരു വിദ്യാഭ്യാസമാസിക ആരംഭിച്ചിരിക്കുന്നതു്. ശ്രീ കെ. എം. മുൻഷി, ആചാര്യകൃപലാനി മുതലായ അഖിലേന്ത്യാപ്രശസ്തരായ വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ വിദ്യാഭ്യാസവിഷയകമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, വിദ്യാർത്ഥികളുടെ കലാവാസനയെ പ്രോത്സാഹിപ്പിച്ചു വളർത്തുന്ന ലേഖനങ്ങളും കഥകളും കവിതകളും ചിത്രങ്ങളും അതിന്റെ ഓരോ ലക്കങ്ങളേയും മോടിപിടിപ്പിക്കുന്നുണ്ടു്. ഇപ്രകാരം വിദ്യാർത്ഥിലോകത്തെ ആരോഗ്യപരവും അഭിവൃദ്ധ്യുന്മുഖവുമായ മാർഗ്ഗങ്ങളിൽ പുരോഗമിപ്പിക്കുന്നതിനു സഹായകമായസംഘടനയും അതിന്റെ വിവിധപ്രവർത്തനപരിപാടികളും വിജയപ്രദമായിത്തീരുന്നതിനിടയാകട്ടെ എന്നാശംസിക്കുന്നു.

---

വി. പത്താം പീയൂസിന്റെയും പ. അമലോത്ഭവമാതാവിന്റെയും വി. യൂദാസ് തദ്ദേവൂസിന്റെയും വി. അന്തോനീസിന്റെയും മദ്ധ്യസ്ഥതയാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം. Tresa

---

## അടുത്തയാഴ്ചയിൽ

ആഗസ്റ്റ്

18 വ്യാ: വി. അഗാപ്പിത്തോസ്

19 വെ: പാദുവായിലെ വി. അന്തോനീസ്

20 ശ: വി. ബർണർദോസ്

21 ഞാ: പന്തക്കുസ്താ 12-ാംഞാ.

22 തി: മറിയത്തിന്റെ അമലോത്ഭവഹൃദയം

23 ചൊ: വി. പീലിപ്പോസ് ബെനീസി

24 ബു: വി. ബർത്തുൽമൈ

---

### പ്രഥമ ചരമവാർഷികം



## ഷെവലിയർ കാഞ്ഞിരക്കാട്ടു തച്ചിൽ ലോനാ വറിയതു ഭാര്യ മറിയംകുട്ടി

കുത്യതോടു്

ജനനം 2—10—1890

മരണം 22—8—1954

“ദയാപരനായ ഈശോ, ഇയാളുടെ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളണമെ.”

R. I. P.

---

(4-ാംപേജ് തുടർച്ച)

തിനാൽ റോമ്മാസഭയുടെ അദ്ധ്യക്ഷനു് ലോകത്തിലുള്ള ഇതരസഭകളുടെമേൽ പരമാധികാരമുണ്ടെന്നും കാണിക്കുന്ന ന്യായങ്ങൾ, പ്രധാനമായി യാക്കോബായക്കാർ സ്വീകരിച്ചിട്ടുള്ള രേഖകളിൽനിന്നുതന്നെ മുൻലേഖനങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അവ ഒന്നുകൂടി വായിച്ചാൽ, നമ്മുടെ യാക്കോബായസഹോദരൻ ഇവിടെ ഉന്നയിച്ചിട്ടുള്ള വാദമുഖം എത്രയും ബാലിശമാണെന്നു ബോദ്ധ്യമാകുന്നതാണു്.

ഇനിയും കത്തോലിക്കർ (അഥവാ, കാതോലികർ—Catholics) എന്ന നാമം “റോമൻ കത്തോലിക്കർ” സ്വയം സ്വീകരിച്ചതാണോ, മററുള്ളവർ അവക്കു കൊടുത്തിട്ടുള്ളതാണോ എന്നു നോക്കാം. ഞാൻ ഈ ലേഖനം രചിക്കുവാൻ പേനാ എടുക്കുന്നതിനുമുൻപിൽ Chamber's Twentieth Century Dictionary എന്ന ഇംഗ്ലീഷ് നിഘണ്ടുവിൽ Catholic എന്ന നാമപദത്തിന്റെ അർത്ഥം നോക്കിയതിൽകണ്ടതു് An adherent of the Roman Catholic Church (റോമൻ കത്തോലിക്കസഭാംഗം) എന്നു മാത്രമാണു്. അതു പ്രതിപക്ഷം അകത്തോലിക്കരായിട്ടുള്ള ഇംഗ്ലീഷ് ജനങ്ങളുടെ അനുദിനോപയോഗത്തിലുള്ള അർത്ഥമാണു്. Catholic Emancipation Act എന്നുതുടങ്ങി എത്രഎത്ര പദങ്ങൾ “കത്തോലിക്ക”ശബ്ദത്തിന്റെ ഈ അർത്ഥത്തിൽ ഇംഗ്ലീഷ്ഭാഷയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു. പൗരസ്ത്യശീശ്മകളും യവുനായശീശ്മയും ഉണ്ടായി കഴിഞ്ഞിട്ടും, റോമ്മാകേന്ദ്രമായുള്ള സഭ കത്തോലിക്കസഭ ആയിത്തന്നെ പാശ്ചാത്യലോകത്തിൽ അറിയപ്പെട്ടിരുന്നു. പ്രോട്ടസ്റ്റൻറുമതനവീകരണത്തോടുകൂടി ഇംഗ്ലണ്ടിലും ജർമ്മനിയിലും ഫ്രാൻസിലും സ്വീഡനിലും മററും നിന്നു ചിലർ മാതൃസഭയെ വിട്ടകന്നതോടുകൂടി, ആ മാതൃസഭയുടെ കാതോലികത്വത്തിനല്ല വിഘാതം വന്നതു്. പ്രത്യുതസഭാമാതാവിന്റെ മടിയിൽനിന്നും വിരണ്ടോടിയ പാഷണ്ഡജനസമൂഹങ്ങളുടെ കാതോലികത്വത്തിനാണു് ഹാനി പററിയതു്. കാതോലികത്വം, ക്രിസ്തുവിന്റെ സഭയ്ക്കു പണ്ടേ ഉള്ള ലക്ഷണമാണു്. “നിങ്ങൾ പോയി സകല ജാതികളെയും പഠിപ്പിക്കുവാനാ”ണല്ലോ യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരോടു കല്പിച്ചതു്. ആ കല്പനയിൽ അന്തർഭവിച്ചിട്ടുള്ള കാതോലികത്വം ഇന്നാളും പത്രോസിന്റെ അനുഗാമികൾ ഭരിക്കുന്ന സഭയിൽ നിലനിൽക്കുന്നുണ്ടു്. അതു ഇടയ്ക്കാരും അവൾക്കു കൊടുത്തതല്ല, അവൾ അതൊട്ടെങ്ങും സ്വയം സ്വീകരിച്ചതുമല്ല.

“കത്തോലിക്ക” എന്ന പദം ഗ്രീക്കുഭാഷയിൽ നിന്നെടുത്തിട്ടുള്ളതാണു്. സാർവ്വത്രികം എന്നാണതിന്റെ അർത്ഥം. അന്ത്യോഖ്യാ, ഗ്രീസ്, റോം, മുതലായ പ്രദേശങ്ങളിൽ ക്രിസ്തുമതാരംഭകാലത്തിൽ ഗ്രീക്കായിരുന്നു വിദ്വൽഭാഷ. സഭയോടു ചേർത്തു “കത്തോലിക്ക”ശബ്ദം ആദ്യമായി ഉപയോഗിച്ചുകാണുന്നതു്, അന്ത്യോഖ്യാസിംഹാസനത്തിൽ പത്രോസിനുശേഷം വാണിരുന്ന ഇഗ്നാത്തിയോസ് സഹദാ ആണെന്നു കാണുന്നു. 100-ാമാണ്ടിനുശേഷം സ്മർണായിലെ ക്രിസ്ത്യാനികൾക്കു അദ്ദേഹം എഴുതിയ ഒരെഴുത്തിൽ ഇങ്ങനെ ഒരു വാക്യമുണ്ടു്:-“Wheresoever the bishop shall appear, there let the people be, even as where Jesus may be, there is the Catholic Church” (മെത്രാൻ എവിടെ കാണുന്നുവോ അവിടെ ജനങ്ങളും ആയിരിക്കട്ടെ, യേശുഎവിടെയോ അവിടെ സാർവ്വത്രിക (കത്തോലിക്ക)സഭയുമുള്ളതുപോലെ). ഈ ഇഗ്നാത്തിയോസ് സഹദാതന്നെയാണു് റോമ്മാസഭയെപ്പററി (Head of the bond of love) സ്നേഹത്താൽ ബന്ധിക്കപ്പെട്ടവരുടെ തല എന്നു പ്രസ്താവിച്ചിട്ടുള്ളതെന്നും ഓർക്കണം. വിശുദ്ധ അഗസ്തീനോസ് മൂന്നാം ശതകാവസാനത്തിൽ ആഫ്രിക്കാഭൂഖണ്ഡത്തിൽ അന്നു തലയുയർത്തിവന്ന (Donatist) പാഷണ്ഡതയ്ക്കു് എതിരായി എഴുതിയ പ്രബന്ധങ്ങളിൽ ഈ “കത്തോലിക്ക”പദം ധാരാളമായി പ്രയോഗിച്ചുകാണുന്നു. റോമ്മാകേന്ദ്രമായുള്ള സാർവ്വത്രികസഭയെ ഉദ്ദേശിച്ചാണു് ഈ രണ്ടു സഭാപിതാക്കന്മാരും “കത്തോലിക്ക” പദം ഉപയോഗിച്ചുകാണുന്നതു്. പ്രാദേശികമായ പാഷണ്ഡസഭകളുടെ എതിർപദമായിട്ടുകൂടിയാണു് ആ വിശേഷണപദം ആ പ്രാചീനപിതാക്കൾ ഉപയോഗിച്ചുകാണുന്നതു്.

റോമ്മൻ കത്തോലിക്കസഭയിൽനിന്നു വിഭിന്നമായ സഭകൾ ഇന്നും “കത്തോലിക്ക” അഥവാ “കാതോലിക”പദം ഉപയോഗിക്കുന്നുണ്ടാവാം. അതെങ്ങനെ എന്നു് ഒരു ഉദാഹരണംമൂലം വിശദീകരിച്ചുകൊള്ളട്ടെ. സഹ്യാദ്രിയുടെ പടിഞ്ഞാറേ ചരിവിൽനിന്നും ധാരാളം തേക്കുമരങ്ങൾ ആണ്ടുതോറും വെട്ടി എറിച്ചു നദികൾ വഴി വെമ്പനാട്ടുകായലിൽ ഇറക്കി തീരത്തുള്ള ഡിപ്പോകളിൽ വിററഴിക്കാറുണ്ടല്ലോ. ആ തടിച്ചങ്ങാടങ്ങൾ വെമ്പനാട്ടുകായലിലെ തിരമാലകളിൽ തല്ലി ഉലഞ്ഞു കിടക്കുന്ന അവസരത്തിൽപോലും അവ സഹ്യാദ്രിമുകളിലാണെന്നു സ്വപ്നം കണ്ടാലെങ്ങനെയോ അങ്ങനെ മാത്രമാണു്, റോമാബന്ധത്തിൽനിന്നും, തദ്വാരാ സാർവ്വദേശീയ ഐക്യത്തിൽനിന്നും ഛേദിക്കപ്പെട്ടു കിടക്കുന്ന പ്രാദേശികക്രൈസ്തവസഭകളുടെ “കാതോലിക”വാദവും. കത്തോലിക്കസഭയിൽ മാത്രമേ എല്ലാ ദേശങ്ങളിലും ഒരേവിശ്വാസവും ഒരേ കൂദാശകളും ആചരിക്കുന്ന ക്രൈസ്തവസമൂഹങ്ങളെ സാമാന്യം കൂടുതലായി കാണുവാൻ സാധിക്കുകയുള്ളു എന്നുള്ളതു് ലോകപരിജ്ഞാനമുള്ള സകലർക്കും അറിയാവുന്ന കാര്യമാണു്.

### ഉപസംഹാരം

മേൽപ്രസ്താവിച്ച ഭാഗങ്ങളിൽ നിന്നും മനസ്സിലാക്കേണ്ടസംഗതികളെ ഇങ്ങനെസമാഹരിക്കാം.

മാർപ്പാപ്പായുടെ കീഴിലുള്ള കത്തോലിക്കസഭമാത്രമാണു് സാർവ്വത്രികമായ ക്രൈസ്തവസഭ. അതിൽനിന്നു നെസ്തോറിയരും ഏകസ്വഭാവവാദികളും യവുനായരും പ്രോട്ടസ്റ്റൻറുകാരും മാറിപ്പോയതുകൊണ്ടു് മാറിപ്പോയവരുടെ സാർവ്വത്രികസഭാംഗത്വം നഷ്ടപ്പെട്ടുപോയി. എന്നാൽ മാതൃസഭയുടെ സാർവ്വത്രികത്വം,കാതോലികത്വം, നഷ്ടപ്പെട്ടില്ല. മാതൃസഭയെ അനുസരണക്കേടുമൂലം വിട്ടുപോയിട്ടുള്ളവർ അതിനോടു പുനരൈക്യപ്പെട്ടില്ലെങ്കിൽ അവർ സഭയുടെയും സഭാനാഥനായ യേശുമിശിഹായുടേയും ശാപം ഏൽക്കുകതന്നെ ചെയ്യും.

---

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ ” 8—12—0

വാരാന്ത്യവീക്ഷണം

# ഏകീകരണവും നിഷ്പക്ഷരാജ്യക്കമ്മീഷനും

[സി. ഐ. ജോൺ]

കഴിഞ്ഞ ജൂലൈ 20-ാംനു- സെയ്ഗോണിൽ നടന്ന സംഭവങ്ങളും ഇപ്പോൾ കൊറിയായിൽ നടക്കുന്ന പ്രക്ഷോഭണവും ശരിയായി അപഗ്രഥനം ചെയ്യുമ്പോൾ ഒരു സംഗതി മനസ്സിലാകുന്നതാണ്—നിഷ്പക്ഷരാജ്യക്കമ്മീഷൻെറ പ്രവർത്തനം വിജയിക്കണമെങ്കിൽ പ്രവർത്തനങ്ങൾക്കു വിധേയമാകുന്ന സ്ഥലങ്ങളിലുള്ള ജനങ്ങളുടെ സഹകരണം ആവശ്യമാണെന്നും അതു കൂടാതെയുള്ള യാതൊരു പ്രവർത്തനവും വിജയിക്കുവാൻ പോകുന്നില്ലെന്നും. കൊറിയയിലും വിയററ്നാമിലും ആവർത്തിച്ച ഈ പ്രക്ഷോഭണങ്ങളുടെ കാരണമെന്താണെന്ന് സാവകാശം പഠിച്ചിരിക്കേണ്ടതുണ്ട്. വിയററ്നാമിൽ നടന്ന ആക്രമണംതന്നെ എടുക്കാം. കമ്മീഷനിൽ അംഗങ്ങളായ രാജ്യങ്ങളോടോ, കമ്മീഷനംഗങ്ങളോടു വ്യക്തിപരമായോ ഉള്ള എതിർപ്പുകൊണ്ടല്ല വിയററ്നാം സംഭവം നടന്നിട്ടുള്ളത്. കാരണം പ്രസ്തുത ആക്രമണംകൊണ്ട് സന്ധികാര്യക്കമ്മീഷനു വന്നിട്ടുള്ള നഷ്ടം പരിഹരിക്കുവാൻ വിയററ്നാം ഗവൺമെൻറ് സമ്മതിക്കുകയും അങ്ങനെയൊരു സംഭവമുണ്ടായതിൽ ഗവൺമെൻറ് അഗാധമായ ഖേദം പ്രകടിപ്പിക്കുകയും ചെയ്തുകഴിഞ്ഞു.

ഒരു രാജ്യത്തെ ജനങ്ങൾക്ക് ആ രാജ്യത്തിൻെറ ഭാവിയെ സാരമായി സ്പർശിക്കുന്ന സംഗതികളിൽ വ്യക്തമായ നയങ്ങളും, പരിപാടികളുമെല്ലാം ഉണ്ടായിരിക്കും. ദക്ഷിണവിയററ്നാമിൻെറ ഭാവിയെ സംബന്ധിച്ച് അവിടത്തെ ജനങ്ങൾക്ക് ഉണ്ടായിരുന്ന അഭിപ്രായത്തിനും തീരുമാനങ്ങൾക്കും വിരുദ്ധമായുള്ള ഒരു നിലപാട് സന്ധികാര്യക്കമ്മീഷനു ഉണ്ടെന്നറിഞ്ഞതിൽ അവിടത്തെ ജനങ്ങൾക്കുണ്ടായിരുന്ന അമർഷം അതിൻെറ ബാഹ്യരൂപത്തിൽ പ്രകടിപ്പിച്ചതാണ് വിയററ്നാമിൽനടന്ന അനിഷ്ടസംഭവങ്ങളുടെ കാരണം. ദക്ഷിണ ഉത്തരവിയററ്നാമുകൾ ഒന്നിച്ചു ചേരണമെന്നുള്ള തീരുമാനം ദക്ഷിണവിയററ്നാമിലെ ജനങ്ങൾ അവരുടെ സർവ്വശക്തിയുമുപയോഗിച്ച് എതിർത്തതിൽ നിന്നാണ് വിയററ്നാംസംഭവം ഉടലെടുത്തത്. ഒരു രാജ്യത്തെ ജനങ്ങളുടെ ആഗ്രഹത്തിനെതിരായുള്ള തീരുമാനങ്ങൾ ഏതു ഉന്നതനേതൃത്വം കൈക്കൊണ്ടാൽതന്നേയും അതിനെ എതിർക്കുകയെന്നതു് സ്വാഭാവികമാണ്. ഒരു രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളുടെ ആഗ്രഹത്തിനെതിരായി ആ രാജ്യത്തു് നടത്തുവാനുദ്ദേശിക്കുന്ന യാതൊരു ഭരണപരിഷ്കാരങ്ങളും വിജയിക്കുകയില്ലെന്നും അങ്ങനെയുള്ള എന്തെങ്കിലും പരിഷ്കാരങ്ങൾ നിർബന്ധിച്ച് നടപ്പിലാക്കിയാൽത്തന്നെ അടിക്കടി അതു് ആഭ്യന്തരമത്സരങ്ങളിലേക്ക് വഴുതിവീഴുകയേ ചെയ്യുകയുള്ളുവെന്നും രാജ്യതന്ത്രജ്ഞന്മാർക്കു മാത്രമല്ല സാമാന്യജനങ്ങൾക്കും അറിവുള്ളതാണ്. ജർമ്മൻ ഏകീകരണപ്രശ്നത്തെപ്പററി മൗനംദീക്ഷിക്കുന്ന പലരും ഇന്നു് കൊറിയയേയും വിയററ്നാമിനേയും ഏകീകരിക്കണമെന്ന് ശക്തിയുക്തം വാദിക്കുന്നുണ്ട്. ജർമ്മൻ ഏകീകരണത്തെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ തെററോ, ശരിയോ എന്തെങ്കിലുമാകട്ടെ, ജർമ്മനിയിലെ ജനങ്ങളല്ല അതിനെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുന്നതു്, പിന്നെയോ ചില വൻകിടശക്തികളാണ്. എന്നാൽ കൊറിയയിലേയും, വിയററ്നാമിലേയും സ്ഥിതി അതല്ല. അവിടത്തെ ജനങ്ങൾതന്നെയാണ് ഏകീകരണത്തെ എതിർക്കുന്നവർ. ജനസംഖ്യാടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പിൻെറ വിജയപരാജയങ്ങളിരിക്കുന്നതു്. ഡോ. ഹോച്ചിമിനെ നയിക്കുന്ന തത്വത്തിൽ വിശ്വസിക്കുന്നവരായി ഉത്തരവിയററ്നാമിൽ ബഹുഭൂരിപക്ഷം ജനങ്ങളുണ്ട്. ഒരു തിരഞ്ഞെടുപ്പു വന്നാൽ അവർ വിശ്വസിക്കുന്ന തത്വശാസ്ത്രത്തിൻെറ നിലനില്പിനുവേണ്ടിയേ വോട്ടുചെയ്യുകയുള്ളുവെന്നതു് പകൽപോലെ തെളിഞ്ഞുകിടക്കുന്ന പരമാർത്ഥമാണ്. ഹോച്ചിമിനും, ഡിംഡിമും തമ്മിലുള്ള മത്സരമല്ല ഇന്നു വിയററ്നാമിൽ നടക്കുന്നതു്. പിന്നെയോ രണ്ടു വിഭിന്നതത്വശാസ്ത്രങ്ങൾ തമ്മിലുള്ള സന്ധിയില്ലാത്ത സമരമാണ്. ഒരുഭാഗത്തു് വെറും ന്യൂനപക്ഷവും മററൊരുഭാഗത്തു് വലിയ ഭൂരിപക്ഷവും നിന്നുകൊണ്ടു് ഒരു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കേണ്ട ആവശ്യംതന്നെ ഉണ്ടെന്നു തോന്നുന്നില്ല അങ്ങനെ വരുമ്പോൾ അവിടത്തെ ന്യൂനപക്ഷങ്ങളുടെ അവകാശത്തേയും അഭിപ്രായത്തേയും അനാദരിക്കുകയായിരിക്കും ചെയ്യുന്നതു്. അങ്ങനെ സെയ്ഗോണിൽ നടന്ന സംഭവംപോലെതന്നെ പ്രാധാന്യമുള്ള ഒന്നാണ് ഇപ്പോൾ കൊറിയയിൽ നടന്നുകൊണ്ടിരിക്കുന്നതും. "അന്താരാഷ്ട്രീയ കമ്മീഷനെതിരായി ദക്ഷിണകൊറിയൻ ജനങ്ങൾ നടത്തുന്ന പ്രക്ഷോഭണം രാജ്യസ്നേഹം ഒന്നുകൊണ്ടുമാത്രമാണെന്നു് ഡോ. സിംഗ്മാൻ റീ, ഈ ആഗസ്റ്റ് 10-ാംനു- പ്രസ്താവിക്കുകയുണ്ടായി. എന്നാൽ അക്രമബുദ്ധിയോടുകൂടിയാകരുതു് പ്രക്ഷോഭണം എന്നാണ് തൻെറ അഭിപ്രായമെന്ന് അദ്ദേഹം തുടർന്നുപറഞ്ഞു. ഈ ആഴ്ചയുടെ അവസാനത്തോടുകൂടി കമ്മീഷൻ പിൻവാങ്ങിക്കൊള്ളണമെന്നു് ദക്ഷിണകൊറിയ ആവശ്യപ്പെട്ടിരിക്കുകയാണ്. കമ്മ്യൂണിസ്റ്റു് നിരീക്ഷകസംഘം ചാരവൃത്തി നടത്തുന്നുണ്ടെന്നും അവർ ആരോപണം ഉന്നയിച്ചിട്ടുണ്ട്.

ഇങ്ങനെയുള്ള അനിഷ്ടസംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനു് ലോകത്തിലെ ഉന്നതനേതൃത്വം വളരെയേറെ പരിശ്രമിക്കേണ്ടതായിട്ടുണ്ട്. ജനീവാസമ്മേളനംപോലെയുള്ള ഉന്നതനിലയിൽ നടത്തുന്ന സമ്മേളനങ്ങൾക്കും അതിൽവച്ചു സ്വീകരിക്കുന്ന നിലപാടുകൾക്കും ഓരോ നിലപാടു നടപ്പിലാക്കുവാൻ ആവശ്യമായ പരിതസ്ഥിതികൾ സൃഷ്ടിച്ചെങ്കിലല്ലാതെ അവ വിജയിക്കുകയില്ല. ലോകത്തിലെ ഉന്നതശക്തികൾചേർന്നു നടത്തുന്ന ചില തീരുമാനങ്ങൾ രാജ്യാന്തരങ്ങളിലെ എല്ലാജനങ്ങളും അംഗീകരിക്കണമെന്നോ, അവയ്ക്കു കീഴ്പ്പെടണമെന്നോ പറയുന്നതിൽ വലിയ അർത്ഥമില്ല. ഏതു പ്രശ്നത്തെ ആരു കൈകാര്യം ചെയ്താലും ശരി ആ പ്രശ്നത്തോടു ബന്ധമുള്ള എല്ലാവരേയും അതിൽ സംബന്ധിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ അറിയുകയും അതിനെ കഴിയുന്നതും അംഗീകരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. കൊറിയയെ സംബന്ധിച്ചോ, ഇൻഡോചൈനയെ സംബന്ധിച്ചോ, അങ്ങനെ ഏതു രാജ്യത്തെ സംബന്ധിച്ചായാലും മൊളോട്ടോവും, ഈഡനും, ഡള്ളസും, കൃഷ്ണമേനോനുംകൂടി സംസാരിച്ചാൽ അതിനപ്പുറം ഒന്നുമില്ല എന്ന നില വളരെയേറെ തെററാണ്. ഏതു ചെറിയ രാജ്യത്തെ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ചർച്ചചെയ്യുന്നതെങ്കിലും ആ രാജ്യത്തെയും പ്രസ്തുത ചർച്ചകളിൽ പങ്കെടുപ്പിക്കുകയും അങ്ങനെ അവിടത്തെ ജനങ്ങളുടെ വ്യക്തിത്വത്തെ അംഗീകരിക്കുകയുംചെയ്യേണ്ടതാണ്. ജനീവാതീരുമാനങ്ങളിൽ ദക്ഷിണവിയററ്നാം സംബന്ധിച്ചിരുന്നില്ലെന്നും അതുകൊണ്ടു് ആ തീരുമാനങ്ങളെ അംഗീകരിക്കുവാൻ ദക്ഷിണവിയററ്നാമിനു് സാദ്ധ്യമല്ലെന്നും ദക്ഷിണവിയററ്നാം വളരെ വ്യക്തമായി പ്രസ്താവിച്ചതിൻെറ അടിയിൽ കിടക്കുന്ന രഹസ്യവും ഇതുതന്നെയാണ്. അതിനാൽ കൊറിയയിൽ നടക്കുന്നതും വിയററ്നാമിൽ നടന്നതുമായുള്ള അനിഷ്ടസംഭവങ്ങൾക്കു വഴിതെളിക്കത്തക്കതരത്തിലുള്ള തീരുമാനങ്ങളും ആ തീരുമാനങ്ങളുടെ പിറകേപോകുന്ന നിഷ്പക്ഷരാജ്യക്കമ്മീഷൻ പ്രവർത്തനങ്ങളും തുടരുന്നതു് ഇത്തരത്തിലാണെങ്കിൽ സംഘർഷാവസ്ഥയെ വർദ്ധിപ്പിക്കുകയേ ചെയ്യുകയുള്ളു. ലോകനേതൃത്വ സമ്മേളനങ്ങളെ സംബന്ധിച്ചും നിഷ്പക്ഷരാജ്യക്കമ്മീഷൻ പ്രവർത്തനത്തെ സംബന്ധിച്ചും ലോകജനതയിൽ ഒരു വിശ്വാസം വളരണമെങ്കിൽ ഉന്നതനേതൃത്വങ്ങൾ സ്വീകരിക്കുന്ന നിലപാടു് നടപ്പിലാക്കുവാൻ പ്രയാസമുള്ള തരത്തിലായിരിക്കരുതു്.

ഒരെണ്ണയും പിടിക്കാത്തവർക്കു്.
നീരിറക്കം.
എങ്ങൽ.
താരൻ.
മൊരിച്ചൂണങ്ങ്.
പല്ലുവേദന.
പുഴുക്കടി.
എന്നിവക്കും
അമൃതതൈലം.
കാളൻ ആയുർവ്വേദ ഔഷധശാല, നെല്ലായി.




ആദ്ധ്യാത്മികവീഥി

# ആദ്ധ്യാത്മികോപദേഷ്ടാവ്

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

കഴിയുമെങ്കിൽ നമ്മുടെ കുമ്പസാരക്കാരനെത്തന്നെ ആദ്ധ്യാത്മികോപദേഷ്ടാവായിക്കൂടി എടുക്കുന്നതു് നന്നായിരിക്കുമെന്നു കഴിഞ്ഞ ലക്കത്തിൽ പറയുകയുണ്ടായല്ലോ. അങ്ങനെ ചെയ്യുന്ന പക്ഷം അദ്ദേഹത്തെ ആ വിവരം അറിയിക്കയും അദ്ദേഹത്തെ സമീപിക്കുന്നതിനുള്ള ദിവസവും സമയവും നിശ്ചയിക്കയും വേണം. വളരെ അധികം പേർ കുമ്പസാരിക്കാൻ വരുക പതിവുള്ള ദിവസങ്ങളാണെങ്കിൽ നമുക്കുവേണ്ടി വേണ്ടത്ര സമയം നൽകുന്നതിനു അദ്ദേഹത്തിനു സാധിക്കാതെ വരും.

എന്നാൽ സാധാരണ കുമ്പസാരക്കാരനെതന്നെ ആത്മപിതാവുംകൂടി ആയി സ്വീകരിക്കുന്നതിനു ചില വിഷമതകൾ ഉണ്ടാകാൻ പാടുണ്ട്. ഒന്നാമതുതന്നെ എല്ലാ വൈദികർക്കും അതിനുള്ള പാടവം ഉണ്ടായിരിക്കയില്ല. കുമ്പസാരത്തെ സംബന്ധിച്ചിടത്തോളം നമുക്കു വേണ്ട മനസ്താപമുണ്ടായിരിക്കയും പാപങ്ങളെല്ലാം ഏററുപറയുകയും ചെയ്യുന്നപക്ഷം അധികാരമുള്ള ഏതു വൈദികൻ പാപമോചനം നൽകിയാലും അതു ഫലപ്രദമായിരിക്കും. എന്നാൽ പുണ്യപൂർണ്ണതയുടെ ഉയർന്നപടവികളിലേക്കു നയിക്കുന്നതിനു ആദ്ധ്യാത്മികകാര്യങ്ങളെ സംബന്ധിച്ചുള്ള നല്ല ജ്ഞാനവും വിവേകവും പരിചയവും എല്ലാം വൈദികനു ആവശ്യമാണ്.

ഈ ലക്ഷണങ്ങളെല്ലാം ഉണ്ടെങ്കിൽ തന്നെയും എല്ലാവർക്കും എല്ലാവരോടും ഹൃദയം തുറന്നു സംസാരിക്കുന്നതിനുള്ള സ്വാതന്ത്ര്യം തോന്നുകയില്ല. പക്ഷേ, കഴിഞ്ഞ ലക്കത്തിൽ പറഞ്ഞതുപോലെ ആത്മാർത്ഥമായി വളരെ തുറന്നു സംസാരിക്കാത്തപക്ഷം നമ്മെ വേണ്ടവണ്ണം ഗ്രഹിക്കുന്നതിനു സാദ്ധ്യവുമല്ല. അതിനാൽ ദൈവത്തോടു വളരെ പ്രാർത്ഥിച്ചും ആലോചിച്ചുംവേണം ഒരാളെ തെരഞ്ഞെടുക്കാൻ.

അങ്ങനെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ പിന്നെ അദ്ദേഹത്തിനു പരിപൂർണ്ണവിധേയനായിരിക്കേണ്ടതാണ്. അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ നമുക്കു രുചിക്കുന്നതാണെങ്കിലുംശരി അല്ലെങ്കിലുംശരി അദ്ദേഹംവഴി ദൈവം തന്നെയാണ് നമ്മോടുപദേശിക്കുന്നതെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടി അവയെല്ലാം പ്രാവർത്തികമാക്കുന്നതിനു ശ്രമിക്കണം. നമ്മുടെ ഹിതത്തിനു വിരോധമായ കാര്യങ്ങളാണ് പറയുന്നതെന്നുള്ള ന്യായത്താൽ അദ്ദേഹത്തെ ഉപേക്ഷിച്ച വേറൊരാളുടെ പക്കലേക്കു പോകുന്നതു ശരിയല്ല.


ഈ സംഗതിയിൽ പലപ്പോഴുംവീഴ്ചകൾ കാണുന്നുണ്ട്. സ്വന്തഹിതാഹിതങ്ങളെ പരിത്യജിച്ച ആത്മാഭിവൃദ്ധിയേയും ദൈവതിരുമനസ്സിനേയും മാത്രംനോക്കിപ്രവർത്തിക്കുന്നവരുടെഎണ്ണം വളരെ ചുരുക്കമാണ്. തന്നിഷ്ടത്തെയാണ് അധികംപേരും വച്ചു പൂജിക്കുന്നതു്. പുണ്യാഭിവൃദ്ധിക്കു അതൊരു വലിയ വിഘാതമാണ്.

നമുക്കു നമ്മുടെ സ്വാഭാവികമായ ചാച്ചിലുകളെ പരിപൂർണ്ണമായി പരിത്യജിച്ച ആദ്ധ്യാത്മികോപദേഷ്ടാവിൻെറ നിർദ്ദേശാനുസരണംമാത്രം ജീവിക്കുന്നതിനു ശ്രമിക്കാം.

എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

## ഉപകാരസ്മരണ




അസാദ്ധ്യമായ ഒരു കാര്യം സാധിച്ചതിനു ഉപകാരസ്മരണ താമസിച്ചതിനു ക്ഷമാപണം.

വറുഗീസ് വറുഗീസ്
വടയാററുതറ, വടയാർ.

## ചരമവാർത്തകൾ

**തിടനാട്:** ഈ ഇടവക ആനന്ദശ്ശേരിൽ വക്കി ജോസഫ് ഓഗ: 5-ാംനു- 80-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. 6-ാംനു- രാവിലെ റവ. ഫാ. ജോസഫ് പൊരുന്നോലിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരകർമ്മങ്ങൾ യഥാവിധി നടത്തപ്പെട്ടു. പരേതൻ സ്ഥലത്തെ ഫ്റാ: മൂന്നാംസഭയിലെ ഒരു മാതൃകാംഗവും, ഇടവകയിലെ കത്തോലിക്കാപ്രവർത്തനങ്ങളിൽ സജ്ജീവമായ സേവനങ്ങളനുഷ്ഠിക്കുകയും സത്യദീപത്തിൻെറ പ്രചരണത്തിൽ മാതൃകാപരമായി പരിശ്രമിക്കുകയും ചെയ്തുപോരുന്നശ്രീമതി ജെ. ജോസഫ് അവർകളുടെ പിതാവുമാണ് എന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

ഈ ഇടവക കാക്കനാട്ടു വക്കി മറിയം ഓഗ: 4-ാംനു- രാവിലെ 72-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറന്നു് രാവിലെ റവ. ഫാ. ജോസഫ് താഴത്തേൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടെയും അനേകം ജനങ്ങളുടേയും സാന്നിദ്ധ്യത്തിലും ശവസംസ്കാരകർമ്മം യഥാവിധി നടത്തപ്പെട്ടു.

**ചാലക്കുടി:** സ്ഥലത്തെ ഒരു പ്രധാന സ്വർണ്ണവ്യാപാരിയായ വി. സി. കുഞ്ഞുവറിയതിൻെറ

(ശേഷം 5-ാംപേജിൽ)

# അന്ത്യോക്യായോ റോമ്മയോ?

[സാഹിത്യവിശാരദ് വറുഗീസ് കിളിച്ചിമല]

(തുടർച്ച)

## അന്ത്യോക്യാ അന്നും ഇന്നും

"അന്ത്യോക്യാ" എന്നും "അന്ത്യോക്യാപാത്രിയക്കീസ്" എന്നും കേട്ടാൽ യാക്കോബായക്കാർ അഭിമാനംകൊണ്ടു വികസിക്കും. യാക്കോബായ മ യ മാ ണ അന്ത്യോക്യാ എന്നു അവർ ധരിച്ചുവശായിരിക്കുന്നു! അന്ത്യോക്യയുടെ സ്ഥിതി യഥാതഥം അവർ അറിയേണ്ടതാണ്.

ഒന്നും രണ്ടുമല്ല, ആറു പാത്രിയക്കീസന്മാരാണ് ഇന്നു അന്ത്യോക്യയിലുള്ളത്. താനാണ യഥാർത്ഥ അന്ത്യോക്യാപാത്രിയക്കീസെന്നു അവരിൽ ഓരോരുത്തനും വാദിക്കുന്നു. തനി അന്ത്യോക്യയിൽനിന്നു അനേകമൈൽ ദൂരെയാണ ഹോംസ്. അവിടെയാണ ഒരു പാത്രിയക്കീസ്. അദ്ദേഹത്തിൻെറ കീഴിൽ അവിടെ ഇന്നു 28000 ജനവും 33 പള്ളികളും 40 പട്ടക്കാരുമുണ്ട്—അതാണ യാക്കോബായ പാത്രിയക്കീസ്.

ഈ ആറു പാത്രിയക്കീസന്മാരിൽ ആരുടേതാണ് വി. പത്രോസിൻെറ അന്ത്യോക്യാസിംഹാസനം? ഒരു കാര്യംവ്യക്തമാണ്. ആറാം നൂററാണ്ടുവരെ അന്ത്യോക്യയിൽ ഒരു പാത്രിയക്കീസേ ഉണ്ടായിരുന്നുള്ളു. അന്നത്തെ അന്ത്യോക്യാ റോമിൻെറഅധീശത സമ്മതിച്ചിരുന്നു.

അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ് (1-ാം നൂററാണ്ട്), വി. ഇരനേയൂസ് (2-ാം നൂററാണ്ട്), വി. സിപ്രിയാൻ 3-ാം നൂററാണ്ട്), വി. ഇറാനിമോസ് (4-ാം നൂററാണ്ട്), വി. അഗസ്റ്റീനോസ് (5-ാം നൂററാണ്ട്) എന്നിവരെ പരിശുദ്ധ പിതാക്കന്മാരായി യാക്കോബായസഭ സ്വീകരിക്കുന്നു. റോമ്മയുടെ അധീശത ഏററു പറഞ്ഞിട്ടുള്ളവരാണ് ഈ പ. പിതാക്കന്മാരെല്ലാം.

സാർവ്വത്രിക സൂനഹദോസുകളുടെ എല്ലാം നടപടിക്രമം വിളിച്ചറിയിക്കുന്നു റോമാപാത്രിയക്കീസിൻെറ പ്രാമുഖ്യം. അന്ത്യോക്യയുടെ പരിസരങ്ങളിൽ പോലും വിശ്വാസതക്കങ്ങൾ ആവിർഭവിച്ചപ്പോൾ അന്ത്യതീരുമാനം ചെയ്തിട്ടുള്ളതു റോമ്മയത്രേ.

ഒന്നാം ശതകംമുതൽ അന്ത്യോക്യാ പാത്രിയക്കീസ് റോമിനു കീഴ്‌വഴങ്ങിയിരുന്നു. ആ സിംഹാസനം ഇന്നും നിലകൊള്ളുന്നു. ആ സിംഹാസനത്തിൽ യഥാർത്ഥ അന്ത്യോക്യാപാത്രിയക്കീസ് വാണുകൊണ്ടിരിക്കവേയാണ യാക്കോബു ബുർദാന ഒരു പുതിയ പാത്രിയക്കീസിനെ അവരോധിക്കുക. അപ്പോഴാണ്, അന്ത്യോക്യയിൽ ആദ്യമായി രണ്ടു പാത്രിയക്കീസന്മാർ ഉണ്ടാവുക. പുതിയ പാത്രിയക്കീസ് റോമിനെ സ്വീകരിച്ചില്ല. പഴയ പാത്രിയക്കീസ് പൂർവ്വനടപടി തുടന്നു. ഹോംസിലെ യാക്കോബായ പാത്രിയക്കീസിനു വി. പത്രോസിൻെറ അന്ത്യോക്യാസിംഹാസനവുമായി എന്തു ബന്ധം?


ലോകമൊക്കെക്കും വേണ്ടിയുള്ളതാണ്—സാർവ്വത്രികമാണ്—ക്രിസ്തുവിൻെറ സഭ. ഈ തത്വം സമ്മതിക്കുന്നെങ്കിൽ ഹോംസു പാത്രിയക്കീസ് താഴെപ്പറയുന്നതിലൊന്നു സ്വീകരിക്കണം. ഒന്നുകിൽ, സാർവ്വത്രികസഭയുടെ ആധിപത്യം അവകാശപ്പെടുക, അല്ലെങ്കിൽ, റീശ്ശൂപാത്രിയക്കീസിനെ അംഗീകരിക്കുക. ഇവയിലൊന്നും ഹോംസു പാത്രിയക്കീസ് ചെയ്യുന്നില്ല.

പത്രോസിൻെറ യഥാർത്ഥ അന്ത്യോക്യാസിംഹാസനം സഭയുടെ സാർവ്വത്രികതലവനെ—റീശ്ശൂപാത്രിയക്കീസിനെ—സ്വീകരിക്കുന്നു; പത്രോസിൻേറതല്ലാത്ത അന്ത്യോക്യാസിംഹാസനം സാർവ്വത്രികതലവനെ നിഷേധിക്കുന്നു.

സാർവ്വത്രികതലവനോടു യോജിപ്പില്ലാത്ത ഹോംസ് പാത്രിയക്കീസ് മുറിഞ്ഞ ശിഖരമായി കഴിയുന്നു. കാലം ചെല്ലുന്തോറും ആ ശിഖരം ഉണങ്ങുകയാണ്. ആരംഭവേളയിൽ, 15 ലക്ഷം ജനം, 1 ലക്ഷം വൈദികർ, 89 മെത്രാന്മാർ ഇവരുടെ അധിപതിയായിരുന്ന ഹോംസു പാത്രിയക്കീസ്, ഇന്നു പതിമ്മൂന്നു നൂററാണ്ടുകൾക്കുശേഷം, 28000 ജനം, 33 പള്ളി, 43 പട്ടക്കാർ മാത്രമുള്ള ഒരു നേതാവായി തരംതാണിരിക്കുന്നു. ആ മുറിഞ്ഞ ശിഖരം ഇനിയും ഉണങ്ങുകയാണ്.

സഭയുടെ സാർവ്വത്രികത സംരക്ഷിക്കാൻ, ഏകത പാലിക്കാൻ, റീശ്ശൂ പാത്രിയക്കീസിനോടുള്ള ഐക്യംകൊണ്ടേ ഹോംസു പാത്രിയക്കീസിനു സാധിക്കൂ. യാക്കോബായസഭയുടെ ഹൂദായകാ

For favours received



Mrs. Mary Sebastian
Trichur

നോൻ ഇതു വ്യക്തമാക്കുന്നു: "ലോകത്തിൻെറ നാലു ഭാഗങ്ങളുടെ എണ്ണത്തിനൊത്തപോലെ നാലു പാത്രിയക്കീസന്മാർ ഉണ്ടായിരിക്കണം. അവരുടെ എല്ലാവരുടേയും വലിയ തലവൻ റോമ്മിലെ പാത്രിയക്കീസാകുന്നു. (റീശോ റാബോദ് കുലഹ്ഹൻ ഹാവ് ദ്‌റൂമി.)" (ഹൂദായകാനോൻ 7-ാം അദ്ധ്യായം 1-ാം വാക്യം)

എന്താണിതിൻെറ അർത്ഥം? യാക്കോബായ മല്പാനായ വട്ടശ്ശേരി മെത്രാപ്പോലീത്തായുടെ വ്യാഖ്യാനം തന്നെ എടുത്തുകാണിക്കാം. അദ്ദേഹം സമുദായക്കേസിൽ മൊഴികൊടുക്കുന്നു:

"ചോദ്യം:-ഹൂദായകാനോനിൽ "റീശോറാബോദ്കുലഹ്ഹൻഹാവ്ദ്‌റൂമി" എന്നു കാണുന്നതിൻെറ തർജ്ജിമ പറയണം?

ഉത്തരം:- അവരിൽ എല്ലാവരിലും, അല്ലെങ്കിൽ എല്ലാവരുടേയും വലിയ പ്രധാനി അല്ലെങ്കിൽ തലവൻ റോമ്മയുടെ ആൾ അതായതു് പാത്രിയക്കീസ് ആണ്." (വട്ടിപ്പണക്കേസ്, മലയാളമനോരമ പ്രസ്സ്, പുറം 1022)

ഹാ! മനസ്സാക്ഷി എങ്ങനെ അനുവദിക്കും യാക്കോബായക്കാരനു് റീശ്ശൂപാത്രിയക്കീസിനെ നിഷേധിക്കാൻ. നെഞ്ചത്തു കൈവച്ചു ചിന്തിക്കട്ടെ!

### എന്താണ കുഴപ്പത്തിനു ഹേതു?

സഭയുടെ സാർവ്വത്രികതലവനെ, റീശ്ശൂപാത്രിയക്കീസിനെ, ധിക്കരിച്ച കാരണവവിരുദ്ധസംഘക്കാർക്കെല്ലാം സമാധാനക്കേടും നാശവുമായിരുന്നു പരിണതഫലം. യാക്കോബായക്കാർക്കും ഈ കുഴപ്പം പിണഞ്ഞു. ചേപ്പാട്ടു തിരുമേനി, പുലിക്കോട്ടുതിരുമേനി, വട്ടശ്ശേരിതിരുമേനി തുടങ്ങിയ അതിപ്രഗത്ഭ ഭരണസാരഥികളുടെ നേതൃത്വം കേരളത്തിലെ യാക്കോബായസഭയ്ക്കു ലഭിച്ചു; നിലയും വിലയുമുള്ള വ്യക്തികൾ അവിടെ സമാധാനത്തിനു ഭഗീരഥയത്നം നടത്തി. ഗ്രീസിലെ പീററർ രാജകുമാരൻ, ഇൻഡ്യാ വൈസ്രോയി ഇർവിൻപ്രഭു തുടങ്ങിയവർ ആ സഭയെ നേരെയാക്കാൻ കച്ചകെട്ടി പുറപ്പെട്ടു. പതിനാറിലധികം സമാധാന പരിശ്രമസമ്മേളനങ്ങൾനടത്തി. പണം പുളിങ്കുരുപോലെ ചെലവഴിച്ചു. എന്നിട്ടും, സഭ അധപ്പതനത്തിലേക്കുതന്നെ.

ഒന്നുശമിച്ചിടിൽ മറെറാന്നുണ്ടിവ്വണ്ണം
പിന്നെയും പിന്നെയും വിപ്ലവമായ്
പുത്തൻകൂർ നസ്രാണിമാരെത്ര ബീഭത്സ-
ഗർത്തത്തിലേക്കു മറിഞ്ഞുവീണു!

"ഒന്നുകിൽ സമാധാനം, അല്ലെങ്കിൽ മരണം" എന്നു പ്രഖ്യാപിച്ചുകൊണ്ടു സമാധാനപ്രേമികളായ യുവാക്കന്മാർ കോട്ടയത്തേ കുരിശുപള്ളിയങ്കണത്തിൽ എഴുപത്തിയഞ്ചു ദിവസം ഉപവാസയജ്ഞം നടത്തി; അല്ല, എഴുപത്തിയഞ്ചുദിവസം പട്ടിണി കിടന്നുകൊണ്ടു യാക്കോബായ സഭയിൽ സമാധാനം സാദ്ധ്യമല്ലെന്നു തെളിയിച്ചു.

എന്താണീ കുഴപ്പത്തിനു ഹേതു? സാർവ്വത്രികതലവനെ ധിക്കരിച്ചു എന്ന ഒററകുറവേ യാക്കോബായസഭയ്ക്കുള്ളു. സമാധാനത്തിൻെറആമൂലകല്ലുമായുള്ളയോജിപ്പുകൊണ്ടേ സഭയിലെ കുഴപ്പം തീരുകയുള്ളു, അഭിവൃദ്ധി ഉണ്ടാകയുള്ളു. യാക്കോബായസഭയുടെ മർമ്മം ഗ്രഹിച്ചിട്ടുള്ള ശ്രീ എ. പീലിപ്പോസ് എം. എ. ബി. എൽ. കാതോലിക്കാബാവയ്ക്കെഴുതി: "തിരുമേനി, ഇപ്പോൾ സഭയിൽ കാണുന്ന അനിഷ്ടസംഭവങ്ങൾ ഒരു കാതോലികഐക്യത്തിൻെറ ആവശ്യകതയെ നമ്മെ കാണിക്കാനായി ദൈവം നമ്മെ അടിക്കുന്നതാകുന്നു. നാം അതു കാണുകയില്ല എങ്കിൽ ദൈവം നമ്മെ കൂടുതൽ അടിക്കും" എന്ന്.

യഥാർത്ഥ അധികാരിയെ വകവയ്ക്കാത്തതുമൂലം യാക്കോബായസഭയ്ക്കു പിണഞ്ഞ ദോഷങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു ശ്രീ പീലിപ്പോസ് ജഡ്ജി കത്തു തുടരുന്നു: "....മാർത്തോമ്മാക്കാരോടും പ്രോട്ടസ്റ്റൻറുകാരോടും ഉള്ള കൂടുതൽ സമ്പർക്കംകൊണ്ടു സത്യവിശ്വാസവും അതിനടുത്ത ആചാരങ്ങളും സഭയിൽ കുറഞ്ഞുകുറഞ്ഞുവരുന്നു. കൂദാശകളിൽ മനുഷ്യർക്കു വിശ്വാസമില്ല. പട്ടക്കാർക്കു ചക്രം വാങ്ങിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഓരോ കർമ്മങ്ങളായിട്ടുമാത്രം മനുഷ്യർ കൂദാശകളെ വിചാരിച്ചുപോരുന്നു. നിത്യജീവനെ നൽകുന്നതിനായി സഭയിൽ കർത്താവു ഭരമേല്പിച്ചിട്ടുള്ള വി. കുമ്പസാരവും കുർബാനയും അനുഷ്ഠിക്കുന്നവർ കുറഞ്ഞുവരുന്നു. അത്രേനികളിൽ സഭയുടെ നായകന്മാരായിരിക്കുന്നവർക്കു അവകളിൽ വിശ്വാസമില്ല, അവയെ അനുഷ്ഠിക്കുന്നുമില്ല. ആണ്ടുകുമ്പസാരവും കുർബാനയുംപോലും അനുഷ്ഠിക്കാത്തവർ ഓരോ ഇടവകകളിലും അസംഖ്യമുണ്ട്. വികാരിമാർക്കും പട്ടക്കാർക്കും അവരെ അറിയാമെങ്കിലും അവരോടു ചോദ്യം ചെയ്യാൻ ഭയപ്പെടുന്നു. തിരുമേനികളും ആ കാര്യത്തിൽ മൗനം പാലിക്കുന്നു. തിരുമേനികൾക്കു അതിൻെറ ദോഷത്തെപ്പററി അറിവില്ലാഞ്ഞിട്ടല്ല. അങ്ങനെ ഒരു പാരമ്പര്യം നമ്മുടെ ഇടയിൽ നടപ്പില്ലാത്തതുകൊണ്ടും തിരുമേനികളുടെ അധികാരത്തെ പ്രയോഗിച്ചു ചോദ്യംചെയ്യുന്നപക്ഷം, ഇപ്പോഴത്തേതിൽ അധികം കലഹവും സമാധാനക്കുറവും സഭയിൽ ഉണ്ടായെങ്കിലോ എന്നു ഭയപ്പെട്ടിട്ടുമാണ് തിരുമേനികൾ മൗനം ദീക്ഷിക്കുന്നതു്. എങ്ങനെ ആയാലും ഇതു ഒരു വലിയ കുറവാണ്. ഇതിനു ദൈവമുമ്പാകെ ഉത്തരം പറയണമല്ലോ എന്നു വിചാരിക്കുമ്പോൾ, ഈ ദോഷത്തിൻെറ പരിഹാരത്തിനായിട്ടു മാത്രമെങ്കിലും ഈ സഭയെ കാതോലികസഭയോടു ഐക്യപ്പെടുത്തുകയാണു വേണ്ടതു്. കാതോലികഐക്യത്തിൽ ഈ ദോഷത്തിനു പരിഹാരമുണ്ടാകും. കാ


## സ്വർഗ്ഗരാജ്ഞി

ദേവമാതാവിൻെറ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ച് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനുവില 6 ണ മാത്രം.

കച്ചവടക്കാർക്ക് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്, എറണാകുളം-1


തോലിക ഐക്യംകൊണ്ടല്ലാതെ ഈ ദോഷത്തിനു വേറെ ഒരുവിധത്തിലും പരിഹാരമുണ്ടാകയില്ല.

"ദൈവിക അനുസരണം ഇല്ല എന്നുള്ളതാണ ഈ സഭയിലെ ഇപ്പോഴത്തെ വേറൊരു ദോഷം. സഭാപിതാക്കന്മാരുടെ കല്പനകൾ, തങ്ങളുടെ ഹിതത്തിനും കാര്യഗുണത്തിനും ചേരുന്നതാണെങ്കിൽ അനുസരിക്കാമെന്നു മാത്രമേ പട്ടക്കാരും ജനങ്ങളും വിചാരിക്കുന്നുള്ളു. ഈ അടുത്ത കാലത്തു് പസാരം സംബന്ധിച്ചും മററും വലിയ മെത്രാനച്ചൻ അയച്ച കല്പന അനുസരിക്കാത്ത പല പള്ളികൾ ഉണ്ട്. തിരുമേനികൾക്കുതന്നെ അറിയാവുന്നതുകൊണ്ടു ആളും പേരും അടിയൻ പറയുന്നില്ല. അനുസരണം ഇല്ലാതെ ഒരു കാതോലികസഭയ്ക്കും നിലനില്ക്കാൻ കഴികയില്ല. എപ്പിസ്കോപ്പന്മാർദൈവത്തിൻെറ കാണപ്പെടുന്ന സ്ഥാനപതികൾ ആകുന്നു......എല്ലാ പള്ളികളിലും കലഹങ്ങളും വഴക്കുകളും കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എത്രായിരം രൂപാ ഓരോ പള്ളികൾക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ പള്ളികളിലും എത്രയെത്ര വ്യവഹാരങ്ങൾ ഉണ്ടാകുന്നു. സാന്മാർഗ്ഗികമായിട്ടും സാമ്പത്തികമായിട്ടും ഇതുനിമിത്തം ഉണ്ടാകുന്ന നഷ്ടം പറയാൻ പ്രയാസമാണ്. ഈ ദോഷവും കാതോലികഐക്യംകൊണ്ടു പരിഹരിക്കപ്പെടാവുന്നതാകുന്നു.

"കാതോലിക തത്വങ്ങളും കാതോലിക ഭരണരീതിയും നിയന്ത്രിക്കാനുള്ള വാഹനം കോടതിയായിട്ടാണ ഇപ്പോൾ നമുക്കു തീർന്നിരിക്കുന്നതു്. ഈ സംഗതികൾ കോടതിയുടെ കൈകളിൽ ഒരിക്കലും കൊടുക്കാവുന്നതല്ല. ഈ സംഗതികൾ എല്ലാം ദൈവികകാര്യങ്ങളാണ്. ഇവയെല്ലാം മനസ്സാക്ഷിയെ ബന്ധിക്കുന്ന കാര്യങ്ങളാണ്. കോടതികൾ മനസ്സാക്ഷിയെ ബന്ധിക്കുകയില്ല. മനസ്സാക്ഷിയെ ബന്ധിക്കാൻ അധികാരമുള്ള അധികാരികളുടെ കൈകളിലാണ്, ഈ സംഗതികൾ തീരുമാനത്തിനായി വിട്ടുകൊടുക്കേണ്ടതു്. അങ്ങനെ ഒരു അധികാരിയെ നമ്മുടെ സഭ ഗണിച്ചിട്ടില്ല. ഈ ദോഷം കാതോലികഐക്യംകൊണ്ടല്ലാതെ പരിഹരിക്കപ്പെടുകയില്ല.

"സഭയെ സംയോജിപ്പിൽ കാത്തുപരിപാലിക്കുന്നതിനുള്ള ദൈവികശക്തി നമ്മുടെ സഭയിലില്ല. പരദേശത്തു നമ്മുടെ സഭ എത്ര ചുരുങ്ങിപ്പോയി. മലയാളത്തെ കാര്യം നമുക്കു നേരിട്ടറിയാമല്ലോ. കഴിഞ്ഞ ഒരു നൂറു സംവത്സരത്തിനിടയിൽ എത്ര പുതിയ വിപ്ലവങ്ങൾ ഉണ്ടായി സഭ പിരിഞ്ഞുപോയി! ഈ സ്ഥലത്തെ ആംഗ്ലിയാസഭ നമ്മിൽനിന്നും പിരിഞ്ഞുപോയതല്ലയോ? മാർത്തോമ്മാസഭ നമ്മിൽനിന്നും പിരിഞ്ഞുപോയതല്ലയോ? അബ്ദുള്ളാ പാത്രിയക്കീസു വന്നപ്പോൾ ഒരു പിരിവും ഉണ്ടായില്ലയോ? ഇപ്പോൾ ബഥനി മെത്രാനച്ചൻ വഴി ഒരു പിരിവു ആരംഭിച്ചിട്ടില്ലയോ? സഭയെ സംയോജിപ്പിൽ കാത്തുകൊള്ളുന്നതിനുള്ള ദൈവികശക്തി ഈ സഭയിൽ ഇല്ലെന്നല്ലയോ ഇതിൽനിന്നും പ്രത്യക്ഷമാകുന്നതു്? ഈ പിരിവുകൾക്കൊന്നിനും മനുഷ്യരെ കുററം പറഞ്ഞിട്ടാവശ്യമില്ല. കാതോലികഐക്യത്തിൽനിന്നും പിരിഞ്ഞിട്ടുള്ള എല്ലാ സഭകൾക്കും പററിയ ദോഷമാണിതു്. അവയ്ക്കൊന്നിനും സംയോജിപ്പിൽ നില്പാൻ ശക്തിയില്ല. അവയൊന്നും ദൈവികജന്മം ഉള്ളതല്ല. അവയെല്ലാം മനുഷ്യബുദ്ധിയിൽനിന്നും ജനിച്ചിട്ടുള്ളവയാണ്. അതാണ്, ഈ ദൈവികശക്തി ആ സഭകളിൽ ഇല്ലാത്തതു്. സംയോജിപ്പിനുള്ള ഏകമാർഗ്ഗം കാതോലികഐക്യത്തിലാകുന്നു."

ഹാ! ഐക്യത്തിൻെറ കേന്ദ്രമായ സാർവ്വത്രികതലവനോടുള്ള യോജിപ്പിലാണ സഭയിലെ കുഴപ്പങ്ങൾക്കുള്ള ഏക പ്രതിവിധിയെന്നു യാക്കോബായക്കാർ ഗ്രഹിച്ചെങ്കിൽ!

### റീശ്ശൂപാത്രിയക്കീസിനോടു യോജിച്ചാൽ,

നഷ്ടപ്പെട്ട ഓജസ്സു തിരിച്ചുകിട്ടും; വഴക്കും വ്യവഹാരവും പമ്പകടക്കും; അഭിവൃദ്ധിയും ഐശ്വര്യവുമുണ്ടാകും; വിശ്വാസവും സന്മാർഗ്ഗവും അഭംഗം പാലിക്കാം; ശരീദ്മങ്ങളേയും പാഷണ്ഡതകളേയും എതിർത്തു തകക്കാം, ഒററ സേനാധിപൻെറ കീഴിൽ അണിനിരന്നു അന്ധകാരശക്തിയെ തോല്പിക്കാം; ക്രൈസ്തവചൈതന്യം നൂറുമടങ്ങു വർദ്ധിക്കും; ഇന്ത്യയിലെ സുവിശേഷപ്രവർത്തനം ത്വരിപ്പിക്കാം; സർവ്വോപരി "ഒരു തൊഴുത്തും ഒരിടയനും" എന്ന സൗഭാഗ്യം വന്നുചേരും; പിതൃഭവനം വിട്ട പുത്രൻ പിതൃസന്നിധിയിലെത്തിയപ്പോൾ അനുഭവവേദ്യമായ ആനന്ദം ക്രൈസ്തവഭവനത്തിലുണ്ടാകും. ഹാ! ആ ദിനം വേഗം ആഗതമാകണേ! "സഹോദരന്മാർ ഒരുമിച്ചുവസിക്കുന്നതു എത്ര നന്മയും എത്ര സൗന്ദര്യവുമാകുന്നു."

തിരുസഭാചരിത്രം 79

# കിരാതവർഗ്ഗങ്ങളുടെ കുടിയേററവും പാശ്ചാത്യറോമാസാമ്രാജ്യത്തിൻെറ തിരോധാനവും

(പ്രൊഫസർ പി. ററി. തോമസ് എം. എ.)

(തുടർച്ച)

ഹൂണന്മാരുടെ സമ്മർദ്ദം വർദ്ധമാനമായപ്പോൾ റൈൻ നദീതീരത്തു താമസിച്ചിരുന്ന ജർമ്മൻ വർഗ്ഗക്കാരുടെ പല സംഘങ്ങൾ ഗാളിലേക്കു് ഇരച്ചുകയറി. ഇതു എ. ഡി. 406-ാമാണ്ടു് ആണു് നടന്നതു്. ജർമ്മൻവർഗ്ഗങ്ങളുടെ രണ്ടാമത്തെ വലിയ കുടിയേററമായിരുന്നു ഇതു്. ഇവരിൽ ഫ്റാങ്കുകൾ (Franks) റൈൻ, മ്യൂസ് എന്നീ നദികളുടെ തീരപ്രദേശത്തും ബർഗണ്ടിയൻമാർ (Burgundians) റോൺ നദീതടത്തിലും താമസമുറപ്പിച്ചു. ആധുനികഫ്റാൻസ് രാജ്യം ഉൾപ്പെട്ട പ്രദേശം ക്രമേണ ഫ്റാങ്കുകൾക്കു കീഴടങ്ങുകയും അവിടെ അവരുടെ ഭരണം സ്ഥാപിതമാകയും ചെയ്തു. അവരുടെ വർഗ്ഗനാമത്തിൽനിന്നാണു് ആ രാജ്യവിഭാഗത്തിനു് ഫ്റാൻസ് എന്ന പേരു സിദ്ധിച്ചതു്.

ഈ കുടിയേററത്തിൽ ഉൾപ്പെട്ട മറെറാരു വർഗ്ഗമാണു് വാൻഡലുകൾ (Vandals). അവർ യൂറോപ്പിൽനിന്നും ഉത്തരാഫ്റിക്കയിലേക്കു കടന്നു് അവിടെ അവരുടെ ആധിപത്യം സ്ഥാപിച്ചു. അവരുടെ പ്രയാണമദ്ധ്യേ തെക്കേ ഗാളിൽവച്ചു് വിസിഗോത്തുകളുമായുണ്ടായ സമ്പർക്കംമൂലം വാൻഡലുകളുടെ ഇടയ്ക്കും ആരിയൻ പാഷണ്ഡത പ്രചരിക്കുവാൻ ഇടയായി.

ഉത്തരാഫ്റിക്കയിലെ റോമൻ പ്രവിശ്യകളുടെ അധിപന്മാരായിത്തീർന്ന വാൻഡലുകൾ അവിടത്തെ റോമൻ വംശജരായ കത്തോലിക്കാപ്രഭുക്കന്മാരെയും മെത്രാന്മാരേയും അവിടെനിന്നും തുരത്തുവാൻ ദൃഢനിശ്ചയം ചെയ്തു. ആരിയൻ പാഷണ്ഡതയെ ആശ്ലേഷിച്ച വാൻഡലുകൾ മതഭ്രാന്തന്മാരെപ്പോലെ വർത്തിച്ചു. അവർ ആഫ്റിക്കയിൽ കത്തോലിക്കാമതത്തിനെതിരായി രൂക്ഷമായ ഒരു പീഡനം ആരംഭിച്ചു വാൻഡലുകളുടെ നേതാവായ ജനസറിക്കിൻെറ (Geneseric) മതപീഡനംമൂലം അസംഖ്യം ആളുകൾ കത്തോലിക്കാവിശ്വാസം ഉപേക്ഷിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ പിൻഗാമിയായ ഹണ്ണിക്കിൻെറ (Hunnic) മതമർദ്ദനം കുറേക്കൂടി രൂക്ഷമായിരുന്നു. കത്തോലിക്കരെ സർക്കാരുദ്യോഗങ്ങളിൽനിന്നു ബഹിഷ്കരിക്കയും മണലാരണ്യങ്ങളിലേക്കു് അവരെ നാടു കടത്തുകയും ചെയ്തു. ഈ ഹതഭാഗ്യരിൽ 4996 പേർ ചേർന്ന ഒരു സംഘം ആഫ്റിക്കൻ മണൽക്കാടുകളിൽക്കൂടി അലഞ്ഞുതിരിയുകയും അവരിൽ ഭൂരിഭാഗവും വഴിയിൽ തളർന്നു വീണു മൃതിയടയുകയും ചെയ്തു. ഹണ്ണിക്കിൻെറ അനന്തരഗാമിയായ ഹൂണെറിക്കു് (Huneric) ആഫ്റിക്കയിലെ കത്തോലിക്കാമെത്രാന്മാരെയെല്ലാം മതസംബന്ധമായ ഒരു സംവാദം നടത്തുന്നതിനെന്ന വ്യാജേന കാർത്തേജിൽ വിളിച്ചുകൂട്ടിയശേഷം അവരെ ഒന്നടങ്കം നാടുകടത്തി. ഒരു മെത്രാൻപോലും ഈ കെണിയിൽനിന്നു രക്ഷപ്പെട്ടില്ല. അതിനുശേഷം അയാൾ കത്തോലിക്കാവിശ്വാസികളുടെ നേരെ തിരിഞ്ഞു നൂതനങ്ങളായ ദണ്ഡനപരിപാടികൾ പ്രയോഗിക്കുന്നതിൽ അയാൾ അതിസമർത്ഥനായിരുന്നു. ഈ മതപീഡനം അനവധി രക്തസാക്ഷികളെ തിരുസഭയ്ക്കു പ്രദാനം ചെയ്യുകയുണ്ടായി. ആറാം ശതാബ്ദത്തിൻെറ അവസാനംവരെയും മതപീഡനം തുടർന്നുകൊണ്ടിരുന്നു. ഒടുവിൽ കോൺസ്റ്റാൻറിനോപ്പിളിലെ ചക്രവർത്തിയായിരുന്ന ജസ്റ്റീനിയൻെറ സൈന്യം ബെലിസാറിയൂസ് (Belisarius) എന്ന ജനറലിൻെറ കീഴിൽ ആഫ്റിക്കയിൽ വന്നിറങ്ങുകയും ആ പ്രദേശത്തെ വാൻഡലുകളിൽനിന്നു വിമോചിപ്പിക്കയും ചെയ്തു.

റോമാസാമ്രാജ്യത്തിൻെറ മേൽ മൂന്നാമത്തെ ആക്രമണം നടത്തിയതു് ഏഷ്യൻവർഗ്ഗക്കാരായ ഹൂണന്മാർ തന്നെയാണു്. എ. ഡി. 451-ാമാണ്ടു് ആററിലാ (Attila) യുടെ നേതൃത്വത്തിൽ ഹൂണന്മാരുടെ ഒരു വൻപിച്ച സംഘം റൈൻനദി കടന്നു് ഗാളിൽ പ്രവേശിച്ചു. സംഹാരരൗദ്ര്യക്തമായ ഒരു കിരാതപ്രവാഹമായിരുന്നു അതു്. ആററിലാ പാരീസ്നഗരത്തെ സമീപിക്കുന്നു എന്നു കേട്ടു് നഗരവാസികൾ ഭയവിഹ്വലരായിത്തീർന്നു. പ്രാണരക്ഷാർത്ഥം നഗരം വിട്ടോടുവാൻ അവർ തീരുമാനിച്ചു. എന്നാൽ കിരാതന്മാർ പാരീസിൽ പ്രവേശിക്കാതെ അവരുടെ പ്രയാണം തുടരുകയാണുണ്ടായതു്. ഒടുവിൽ ആററിലാ ഓർലീൻസ് (Orleans) നഗരത്തിൻെറ കവാടത്തിൽ എത്തിച്ചേർന്നു. അവിടത്തെ മെത്രാനായ വി. അനിയാനൂസിൻെറ (St. Anianus) അഭ്യർത്ഥനയനുസരിച്ചു് ഒരു റോമൻ ജനറൽ നഗരസംരക്ഷണത്തിനായി അദ്ദേഹത്തിൻെറ സൈന്യത്തെ നിയോഗിച്ചു. റോമൻസൈന്യവുമായുണ്ടായ യുദ്ധത്തിൽ ആററിലാ പരാജയമടയുകയാൽ അദ്ദേഹം നേരേ ഇററലിയിലേക്കു തിരിഞ്ഞു. എ. ഡി. 452-ൽ ആററിലാ ഇററലിയിൽ പ്രവേശിച്ചു നിഷ്ഠുരന്മാരായ ഹൂണന്മാരുടെ ആക്രമണംമൂലം രാജ്യത്തിനു സംഭവിച്ചേക്കാവുന്ന നാശത്തെപ്പററി ഓർത്തു് ഉൽകണ്ഠാകുലനായിത്തീർന്ന വി. ലിയോ മാർപ്പാപ്പാ പോ (Po) നദീതടത്തിൽവച്ചു് ആററിലായെ നേരിട്ടു. അവർ തമ്മിലുണ്ടായ അഭിമുഖദർശനവേളയിൽ ലിയോ പ്രകടിപ്പിച്ച വ്യക്തിപ്രഭാവവും നിശ്ചയദാർഢ്യവും മൂലം നഷ്ടധൈര്യനായിത്തീർന്ന ആററിലാ കപ്പമായി ഒരു തുക സ്വീകരിച്ചുകൊണ്ടു മടങ്ങിപ്പോകുവാൻ സമ്മതിച്ചു. അങ്ങിനെ ലിയോമാർപ്പാപ്പായുടെ സുധീരമായ ഇടപെടൽ ഇററലിയെ ഭയങ്കരമായ ഒരു വിപത്തിൽനിന്നു രക്ഷിച്ചു.

ഈ കാലഘട്ടത്തിൽ പശ്ചിമറോമാസാമ്രാജ്യത്തിലെ ചക്രവർത്തിമാരുടെ അധികാരവും ശക്തിയും നാമാവശേഷമായിത്തീർന്നിരുന്നു. എ. ഡി. 476-ൽ ഒഡോസർ (Odoacer) എന്നയാൾ കേവലം ഒരു ശിശുവും അവസാനത്തെ റോമാചക്രവർത്തിയുമായിരുന്ന റോമുലസ് ആഗസ്റ്റുലസ്സിനെ (Romulus Augustulus) സ്ഥാനഭ്രഷ്ടനാക്കിക്കൊണ്ടു് ഭരണാധികാരം കരസ്ഥമാക്കി. എന്നാൽ എ. ഡി. 489-ൽ ഹൂണന്മാരും ഓസ്ട്രോഗോത്തു് (Ostrogoths) എന്ന വർഗ്ഗക്കാരുംകൂടി ഒരുമിച്ചു ചേർന്നു് ഇററലിയെ വീണ്ടും ആക്രമിച്ചു. ഓസ്ട്രോഗോത്തുകളുടെ നേതാവായ തിയോഡൊറിക്കു് (Theodoric) ഒഡോസറിനെ വധിക്കുകയും ഇററലിയുടെ രാജാവായി സ്വയം പ്രഖ്യാപിക്കയും ചെയ്തു. ഇദ്ദേഹം വളരെ സഹിഷ്ണുതയോടുകൂടിയ ഒരു ഭരണനയമാണു സ്വീകരിച്ചതു്. എന്നാൽ ഗോത്തുവർഗ്ഗത്തിൽപ്പെട്ട മററു രാജാക്കന്മാരെപ്പോലെ തിയോഡൊറിക്കും ആരിയൻ പക്ഷക്കാരനായിരുന്നു.

തിയോഡൊറിക്കിനുശേഷം ഓസ്ട്രോഗോത്തുകളുടെ ഏററം പ്രമുഖനേതാവായി രംഗപ്രവേശം ചെയ്യുന്നതു് ടോട്ടിലാ (Totila) യാണു്. സന്ന്യാസശ്രേഷ്ഠനായ വി. ബനദിക്തോസും ടോട്ടിലായും തമ്മിൽ ശ്രദ്ധേയമായ ഒരു കൂടിക്കാഴ്ച നടക്കുകയുണ്ടായി. കസ്സീനോ (Cassino) മലമുകളിൽ സ്ഥാപിക്കപ്പെട്ടിരുന്ന തൻെറ ആശ്രമത്തിൻെറ പടിവാതിൽക്കൽ ഒരു ദിവസം വി. ബനദിക്തോസ് ഇരിക്കുകയായിരുന്നു. അപ്പോൾ രാജവേഷധാരിയായ ഒരാൾ തന്നെ സമീപിക്കുന്നതായി അദ്ദേഹം കണ്ടു. ഓസ്ട്രോഗോത്തുകളുടെ നേതാവായ ടോട്ടിലായായിരുന്നു അതു്. ദൈവം തനിക്കായി ഒരുക്കിവച്ചിട്ടുള്ള ഭാവിഭാഗധേയത്തെപ്പററി ത്രികാലജ്ഞനായ ആ മഹർഷീന്ദ്രനിൽനിന്നും മനസ്സിലാക്കണമെന്നുള്ളതായിരുന്നു അയാളുടെ ആഗമനോദ്ദേശ്യം. ടോട്ടിലായുടെ ആവേശപൂർവ്വമുള്ള ചോദ്യത്തിനു് പുണ്യവാൻ ഇപ്രകാരം മറുപടി നൽകി: "നീ വളരെയധികം തിന്മ പ്രവർത്തിച്ചിരിക്കുന്നു. ഇന്നും നീ അതു തുടരുകയാണു്. നിൻെറ ദുഷ്കർമ്മങ്ങൾ അവസാനിക്കേണ്ട കാലമായി. റോമാനഗരത്തിൽ നീ പ്രവേശിക്കും. സമുദ്രം തരണംചെയ്യുകയും ചെയ്യും. ഒൻപതുവർഷം ഭരിച്ചശേഷം പത്താംവർഷം നീ കഥാവശേഷനാകും." ഈ പ്രവചനം അക്ഷരംപ്രതി നിറവേറിയെന്നുള്ളതിനു് അനന്തരസംഭവങ്ങൾ സാക്ഷ്യംവഹിക്കുന്നു. എ. ഡി. 552ൽ നാർസെസു (Narses) മായുള്ള യുദ്ധത്തിൽ ടോട്ടിലാ മരിച്ചു. അദ്ദേഹത്തിൻെറ അനന്തരവനായ ടെയ്ആസിൻെറ (Teias) പതനത്തോടുകൂടി ഗോത്തുകളുടെ സാമ്രാജ്യംപര്യവസാനിക്കയുംചെയ്തു.

എന്നാൽ ഇററലിയുടെ ദുർദ്ദശ അതുകൊണ്ടും അവസാനിച്ചില്ല. എ. ഡി. 568-ൽ ലംബാർഡുകൾ (Lombards) ഇററലിയെ ആക്രമിച്ചു. ജർമ്മൻകാരായ കിരാതന്മാരുടെ അവസാനത്തെ ആക്രമണമായിരുന്നു ഇതു്. ഹൂണന്മാരും, വാൻഡലുകളും, ഓസ്ട്രോഗോത്തുകളും ഏല്പിച്ചിരുന്ന ക്ഷതങ്ങൾകൊണ്ടു് തീർത്തും അവശയായിരുന്ന ഇററലിയുടെ നാശം പൂർത്തിയാക്കുന്നതിനു് ലംബാർഡുകൾക്കു അധികസമയം വേണ്ടിവന്നില്ല. ആൽപ്സ് പർവ്വതനിരയുടെ മുകളിൽക്കൂടി ഇരച്ചുപാഞ്ഞുവന്ന ആ കിരാതക്കൊടുങ്കാററു് ഇററലിയുടെ സുന്ദരങ്ങളായ പ്രവിശ്യകളെയെല്ലാം ക്ഷണേന ശൂന്യമാക്കി.

വിവിധകിരാതവർഗ്ഗങ്ങളുടെ വിനാശകരമായ ആഘാതമേൽക്കാത്തതായി റോമാസാമ്രാജ്യത്തിൽ അധികം പ്രവിശ്യകൾ ശേഷിച്ചിരുന്നില്ല. ഗോത്തുകൾ ഏഷ്യാമൈനറിലും ഹൂണന്മാർ കപ്പഡോച്യാ, സിലിഷ്യാ, സിറിയാ എന്നീ പ്രദേശങ്ങളിലും ആക്രമണങ്ങൾ നടത്തി. ഗ്രീസ്, ഇല്ലീറിയാ (Illyria) പാനോണിയാ (Pannonia), നോറിക്കം (Noricum) എന്നീ പ്രദേശങ്ങൾ ഗോത്തുകളുടേയും ഹൂണന്മാരുടേയും ഭീകരമായ സംഹാരക്രിയകൾക്കു ഇരയായിത്തീർന്നു. ഈ രണ്ടു കിരാതവർഗ്ഗങ്ങൾ ബർഗണ്ടിയൻമാർ (Burgundians), ഫ്റാങ്കുകൾ (Franks) വാൻഡലുകൾ മുതലായവരെ ഗാളിലേക്കും സ്പെയിനിലേക്കും ഓടിച്ചശേഷം അവരെ പിൻതുടർന്നുചെന്നു് ആ പ്രദേശങ്ങളിൽ അവർ വരുത്തിവച്ച നാശം പൂർത്തിയാക്കി. വാൻഡലുകൾ യൂറോപ്പുഭൂഖണ്ഡം കൊണ്ടു തൃപ്തിയടയാതെ ആഫ്റിക്കൻ വൻകരയിലേക്കു അവരുടെ വിനാശകരമായ പ്രയാണം തുടർന്നതും അവിടെ അധികാരം സ്ഥാപിച്ചതും മേൽവിവരിച്ചിട്ടുണ്ടല്ലോ. ഈ കാലഘട്ടത്തിൽ ആംഗിൾസ് (Angles), ജൂട്സ് (Jutes), സാക്സൺസ് (Saxons) എന്നീ ജർമ്മൻവർഗ്ഗങ്ങൾ ഇംഗ്ലണ്ടിൻെറ തെക്കേതീരത്തു ചെന്നിറങ്ങുകയും അവിടത്തെ ആദിമനിവാസികളായ കെൽററുകളെ (Celts) വെയിത്സിലേയും (Wales) കോൺവാളിലേയും (Cornwall) വനാന്തരങ്ങളിലേക്കു പലായനം ചെയ്യിക്കുകയും ചെയ്തു. ക്രമേണ ഈ ജർമ്മൻവർഗ്ഗങ്ങളുടെ ആധിപത്യം അവിടെ സ്ഥാപിതമാകയുംചെയ്തു.

കിരാതവർഗ്ഗങ്ങളുടെ പ്രവാഹം ക്രമേണ നിലച്ചു. അപ്പോഴേക്കും യൂറോപ്പിൻെറ ആകൃതി പാടെ മാറിക്കഴിഞ്ഞിരുന്നു. അനശ്വരമെന്നു കരുതപ്പെട്ടിരുന്ന റോമാസാമ്രാജ്യത്തിൻെറ സ്ഥാനത്തു് സ്വതന്ത്രങ്ങളായ ജർമ്മൻരാജ്യങ്ങൾ പ്രത്യക്ഷപ്പെട്ടു. ഇററലിയിൽ ലംബാർഡുകളുടേയും സ്പെയിനിൽ വിസിഗോത്തുകളുടേയും ഗാളിൽ ഫ്റാങ്കുകളുടേയും അധികാരത്തിനു പ്രതിഷ്ഠ ലഭിച്ചു. ബ്രിട്ടനിൽ ആംഗ്ലോസാക്സൺ വർഗ്ഗക്കാരുടേതായ ഏഴു ഭരണകൂടങ്ങൾ രൂപംപ്രാപിച്ചു.

Thanksgiving



For favours received

K. P. Thoma

# പുസ്തകാഭിപ്രായം

## "പ്രതിദിന സുവിശേഷം"

(സെൻറ് ജോസഫ്സ് പ്രസ്സ്, എൽത്തുരുത്തു്. പേജ് 340. വില 1-8-0)

ഈ യുഗത്തിലെ ഏററവും വലിയ ന്യൂനത, ക്രിസ്തുവിൻെറ ധർമ്മോപദേശങ്ങളെപ്പററിയുള്ള അവജ്ഞയാണെന്നു കാണുന്നു. ക്രിസ്തുവിനേയും ക്രിസ്തുവിൻെറ തത്വോപദേശങ്ങളേയും സമഗ്രമായി പഠിക്കുകയെന്നുള്ളതാണു് ഇന്നത്തെ വഴിപിഴച്ച ഇസങ്ങളിൽനിന്നു് മോചനം പ്രാപിക്കാനുള്ള ക്ഷിപ്രമാർഗ്ഗം.

കേരളീയകത്തോലിക്കാ കുടുംബങ്ങളിൽ ഭക്തിപൂർവ്വം ജപമാല എത്തിക്കുന്നുണ്ടെന്നുള്ളതു അഭിമാനകരമാണു്. നമ്മുടെ അമ്മയുടെ അനുഗ്രഹം തദ്വാരാ നമുക്കു് തീർച്ചയായും ലഭിക്കുകയുംചെയ്യും. എന്നാൽ, അതോടു യോജിപ്പിച്ചുകൊണ്ടു് മറെറാരു ഭക്തകൃത്യവും, എല്ലാ കുടുംബങ്ങളിലും മുടക്കം വരുത്താതെ ആചരിക്കേണ്ടതാണു്. അതാണു സുവിശേഷപാരായണം.

കൊന്ത ജപിക്കുന്നതിനുമുമ്പു്, കുടുംബാംഗങ്ങളെല്ലാവരും ഒരുമിച്ചുകൂടി, ഗൃഹനാഥനോ, നാഥയോ, വിദ്യാർത്ഥികളോ, വിദ്യാർത്ഥിനികളോ ആരായിരുന്നാലും, സുവിശേഷത്തിലെ ഒരുഭാഗം, നിറുത്തിനിറുത്തി, ഉച്ചാരണസ്ഫുടതയോടുകൂടി വായിക്കുക. മററുള്ളവർ ശ്രദ്ധാപൂർവ്വം കേട്ടു ധ്യാനിക്കുക. അനന്തരം ജപമാല ആരംഭിക്കുക.

ഈ മുറ ചില കുടുംബങ്ങളിലുണ്ടു്. പക്ഷെ എല്ലാ കുടുംബങ്ങളിലുമായിട്ടില്ല. ഈ ഭക്തകൃത്യം എല്ലായിടത്തും നടപ്പിലാക്കാൻ ഇതാ കൂടുതലൊരു സൗകര്യം സംജാതമായിരിക്കുന്നു.

ഭക്തകൃത്യങ്ങളും ഭക്താചാരങ്ങളും കേരളത്തിൽ പ്രചുരപ്രചാരമാക്കാൻ പണ്ടുമുതലേ ത്യാഗപൂർവ്വം പ്രവർത്തിച്ചുവരുന്ന കർമ്മെലീത്താ സന്ന്യാസികളാണു് ഇതും ചെയ്തതു്. എൽത്തുരുത്തു കർമ്മെലീത്താശ്രമംവക ഇൻഡസ്ട്രിയൽ സ്കൂൾ പ്രസ്സ് സൂപ്രണ്ടു് ഫാദർ ഒലിവർ ടി. ഒ. സി. ഡി. അവർകൾ, "പ്രതിദിനസുവിശേഷം" എന്ന പുസ്തകം പ്രസാധനം ചെയ്തിരിക്കുന്നു. 340 ഓളം പേജുകളുള്ളതും മിശിഹായുടേയും ഏവൻഗേലിസ്തന്മാരുടേയും ചിത്രങ്ങൾ പുറംചട്ടയിലുള്ളതും ഭംഗിയായി ഖണ്ഡികകളും മാറും തിരിച്ചു്, വിവിധ അച്ചുകളിൽ പതിച്ചു് ഓപ്പൺബയണ്ടായി കുത്തിക്കെട്ടിയതുമായ പുസ്തകം, എല്ലാവരുടേയും കോശസ്ഥിതിക്കു അനുയോജ്യമാക്കാൻവേണ്ടി ഒന്നര രൂപ വിലയ്ക്കും, ഡസനു് രണ്ടു കമ്മീഷനോടുകൂടിയും വിററുവരുന്നു.

പാലാരൂപതയുടെ വന്ദ്യ മെത്രാനച്ചൻ തിരുമേനിയുടെ അവതാരിക, തിരുവനന്തപുരം, തിരുവല്ലാ മെത്രാപ്പോലീത്താമാർ, എറണാകുളം സഹായമെത്രാൻ, കൊല്ലം, കോട്ടയം, ചങ്ങനാശ്ശേരി, തൃശ്ശിവപേരൂർ, തലശ്ശേരി തുടങ്ങിയുള്ള രൂപതാദ്ധ്യക്ഷന്മാരുടെ ആശീർവ്വാദങ്ങൾ ഇവ പ്രസ്തുത പുസ്തകത്തിൻെറ പ്രാമാണ്യത്തെ സ്പഷ്ടീകരിക്കുന്നു. പ്രതിദിനസുവിശേഷം, ആധുനികഭാഷാരീതിയിൽ വിരചിതമാണെന്നു മാത്രമല്ല, അർത്ഥസ്ഫുടതയും പദലാളിത്യവും ആശയസൗഷ്ഠവവും മുൻനിറുത്തി സജ്ജമാക്കിയിട്ടുള്ളതാണെന്നു്, മുൻതർജ്ജമകളുമായി ഒത്തുനോക്കിയാൽ ആർക്കും കാണാവുന്നതാണു്. "ഇതിലെ വാക്യങ്ങൾ ഉത്തമമായ ഗദ്യകവിതയ്ക്കു മാതൃകകളാണു്" എന്നുപോലും വടക്കുംകൂർ പറയുന്നു. വള്ളത്തോളും ശൂരനാട്ടും പ്രതിദിനസുവിശേഷത്തിലെ ഭാഷാരീതിയെ സ്വാഗതം ചെയ്തിട്ടുണ്ടു്. പ്രതിദിനസുവിശേഷത്തിനു മറെറാരുപേരു കൂടിയുണ്ടു്, "ഗുരുഗീത"യെന്നു്. ഈ ഗുരുഗീത തിരുകൊച്ചി ഗ്രന്ഥശാലാസംഘം ബുക്കുകമ്മിററിയിൽനിന്നു വായനശാലകളുടെ ഉപയോഗത്തിനു് അംഗീകരിച്ചിട്ടുള്ളതുമാണു്. പുസ്തകം എൽത്തുരുത്തു് ഇൻഡസ്ട്രിയൽ സ്കൂൾ പ്രസ്സ് സൂപ്രണ്ടിൽനിന്നു കിട്ടും. ഏജൻസികൾക്കും അദ്ദേഹത്തിനെഴുതുക.

(12-ാംപേജ് തുടർച്ച)

നിങ്ങൾക്കുണ്ടായിരിക്കുവാൻ ശ്രമിക്കുക. ചെറിയ കുടിൽവ്യവസായങ്ങളായ പായ്നെയ്ത്ത്, നൂൽനൂൽപ്പ്, ചൂരൽ വരിച്ചിൽ, ചൂരൽക്കൊട്ടനിർമ്മാണം, മരപ്പണി, ഇരുമ്പുപണി, മൺപാത്രനിർമ്മാണം, സോപ്പുണ്ടാക്കുന്ന വിധം, തീപ്പെട്ടിനിർമ്മാണം, ചിത്രമെഴുത്ത്, തുന്നൽപ്പണികൾ, കുടയുണ്ടാക്കൽ, വിശറിയുണ്ടാക്കൽ, കളിപ്പാട്ടനിർമ്മാണം ഇങ്ങനെ ധാരാളം ചെറിയ തൊഴിലുകൾ ശീലിക്കാൻ നമ്മുടെ നാട്ടിൽ പ്രയാസമില്ല. പത്തോ നൂറോ ഇമ്മാതിരി തൊഴിലുകളുടെ പേരെഴുതിയിട്ട് നിങ്ങൾക്കേററവും ഇഷ്ടപ്പെട്ടതും പഠിക്കുന്നതിനു സൗകര്യമുള്ളതുമായ തൊഴിൽ തിരഞ്ഞെടുക്കണം. തെരഞ്ഞെടുക്കുന്ന തൊഴിൽ പരിശീലിക്കുന്നതിനു് ദിവസം ഒന്നോ രണ്ടോ മണിക്കൂർവീതമെങ്കിലും നിങ്ങൾ ചെലവാക്കണം. അങ്ങനെ ചെയ്താൽ നിങ്ങളുടെ വിദ്യാലയജീവിതം അവസാനിച്ചു് ബിരുദം നേടി പുറത്തുവരുന്നതോടെ ഏതു ജോലി നിങ്ങൾ ആദ്യം ശീലിച്ചുതുടങ്ങിയോ അതേജോലിയിൽ കൂടുതൽ ഗവേഷണങ്ങൾ നടത്താനും അതു കൂടുതൽ ലാഭകരമാക്കിക്കൊണ്ടുപോകാനും നിങ്ങൾ പ്രാപ്തരാകുന്നതാണു. ഏതു തൊഴിൽ സ്വീകരിച്ചാലും ആ തൊഴിലിൽ ഏററവും സാമർത്ഥ്യമുള്ളവനായിത്തീരാൻ ശ്രമിക്കണം.

നിങ്ങൾ എന്തു ചെയ്യണമെന്നു ഉടനെ തീരുമാനിക്കുക. ചിലർ വളരുകയും മററു ചിലർ വൃഥാ വൃദ്ധന്മാരാകയും ചെയ്യുകയാണെന്നു മനസ്സിലാക്കണം.

ഒരു തോട്ടംസൂപ്രണ്ടിന്റെ ക്ലാർക്കായിരുന്ന രാമൻകുട്ടിയുടെ കഥ ഇതിനുദാഹരണമാണു്. രാമൻകുട്ടി ക്ലാർക്കുവേല തുടങ്ങിയിട്ട്

---

വി. പത്താംപീയൂസിന്റെ മാദ്ധ്യസ്ഥതാലും, ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Excuse delay
Mrs· Lily Antony
Thuravoor

---

ഏതാണ്ട് ഇരുപതു സംവത്സരമായിരുന്നു. അയാൾക്കു കിട്ടിയിരുന്ന ശമ്പളം വെറും 60 രൂപയും. ആ ശമ്പളം വളരെ അതൃപ്തിയോടെയാണു് രാമൻകുട്ടി വാങ്ങാറുണ്ടായിരുന്നതു്. അയാൾക്കു കൂടുതൽ ശമ്പളം വേണമെന്നു് സൂപ്രണ്ടിനോട്ട് മുറവിളി കൂട്ടാൻതുടങ്ങി. എത്ര പറഞ്ഞിട്ടും രാമൻകുട്ടിക്കു് ശമ്പളം കൂട്ടുന്നതിനു് സൂപ്രണ്ടിനു മനസ്സില്ലായിരുന്നു. ശമ്പളം കൂട്ടാത്തതിന്റെ കാരണം ചോദിച്ചപ്പോൾ സൂപ്രണ്ടു പറഞ്ഞതു്, തന്റെ ക്ലാർക്കിനു് വാസ്തവത്തിൽ ഒരുകൊല്ലത്തെ സർവ്വീസേയുള്ളുവെന്നും അതു് ഇരുപതുപ്രാവശ്യം ആവർത്തിക്കുകമാത്രമേ അയാൾ ചെയ്തിട്ടുള്ളുവെന്നുമാണു്.

ഒരു ജോലി യാതൊരു പുതുമയോ അഭിവൃദ്ധിയോ കൂടാതെ ആവർത്തിക്കപ്പെടുന്നതുകൊണ്ടു ശമ്പളക്കൂടുതലിനു് അവകാശമില്ലെന്നാണു രാമൻകുട്ടിക്കു കിട്ടിയ മറുപടിയുടെ അർത്ഥം.

നാമും ഇങ്ങനെയായാൽ വൃഥാ വയസ്സുകൾ നമ്മുടെമേൽ കേറിനിരങ്ങിപ്പോകയേ ഫലമുണ്ടാകയുള്ളു. അതിനാൽ ഏതു തൊഴിൽ തിരഞ്ഞെടുത്താലും അവയുടെ നാനാവശങ്ങളെക്കുറിച്ചു പഠിക്കയും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളാരായുകയും വിജയത്തിൽനിന്നും വിജയത്തിലേക്കു നിങ്ങളുടെ ചെറിയ തൊഴിലിനെ എത്തിക്കാൻ സദാ ശ്രമിക്കയും ചെയ്യണം. നിങ്ങളുടെ മുമ്പിൽക്കൂടി വരുന്ന അവസരങ്ങളെ വൃഥാ വിട്ടുകളയരുതു്. നിങ്ങൾ വളരുന്നതോടെ ഒരു നല്ല തൊഴിലും നിങ്ങളൊന്നിച്ചു വളരുന്നുണ്ടായിരിക്കണം. ചുററും കാണുന്ന പ്രകൃതിയിൽനിന്നുതന്നെ നിങ്ങൾക്കതു നോക്കി തിരഞ്ഞെടുക്കാം. ഇപ്പോൾ ചെറിയ ക്ലാസ്സിൽ പഠിക്കുന്ന നിങ്ങൾ ബിരുദധാരികളായി പുറത്തുവരുമ്പോൾ സ്വന്തമായൊരു നല്ല തൊഴിൽകൂടി നിങ്ങൾ പൂർണ്ണമായി പഠിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ
സ്വന്തം കുഞ്ഞമ്മാവൻ

---




## അദ്ധ്യായം 8 (തുടർച്ച

## ഒരു വ്യാപാരം

(വി. സി. ജോർജ് ബി. എ. എൽ.റ്റി)

കുറച്ചുസമയം ചിന്താബദ്ധനായി കഴിച്ചശേഷം ബറാബാസ് പറഞ്ഞു: "മുഖം എവിടെയെന്നുള്ളതിലല്ല, അധികാരം ആരു പ്രയോഗിക്കുന്നുവെന്നുള്ളതിലാണു് സാരം എന്നാകുന്നു എനിക്കു തോന്നുന്നതു്."

"ശരിയാണു്", ഞാൻ സമ്മതിക്കുന്നു. ഏതായാലും ഈ കാര്യവും പിന്നീടുള്ള ചർച്ചയ്ക്കായി നമുക്കു മാററിവയ്ക്കാം. ഇപ്പോൾ പ്രധാനമായി അറിയേണ്ടതു് വിപ്ലവം വിജയിച്ചാൽ അടുത്തപടി നിങ്ങൾ എന്തു ചെയ്യുമെന്നുള്ളതാണു്."

ബറാബാസ് ഏതാനും നിമിഷങ്ങൾ ഗാഢാലോചനയിൽ വിനിയോഗിച്ചു. അതിനിടയിൽ പുരോഹിതന്റെ കഴുകൻമുഖത്തേക്കു ചോദ്യഭാവത്തിൽ അയാളുടെ കണ്ണുകൾ തിരിച്ചിരുന്നു. "നഥാനിയേൽ റാബി, അതെളുപ്പത്തിൽ പറയാവുന്നതല്ല. സംഗതികൾ ഏതു വഴിക്കെല്ലാം പായുമെന്നു് നമുക്കിപ്പോൾ അറിഞ്ഞുകൂടാ. സാക്ഷാൽ സമരം ചെയ്യുകയും രക്തം ചൊരിയുകയും ചരമമടയുകയും ചെയ്യുന്നവർ പ്രായേണ നിസ്വരാണല്ലോ."

"എല്ലാവരും കഴിവതെല്ലാം ചെയ്യുമെന്നാണു് എന്റെ വിശ്വാസം" പുരോഹിതൻ പറഞ്ഞു.

"കഴിവതെല്ലാം! മററുള്ളവർ പണംനൽകും, ആയുധങ്ങൾ ശേഖരിക്കും, ആശ്വാസവാക്കുകൾ ഉച്ചരിക്കും, ശുപാർശകൾ ചെയ്യും, ആപൽശങ്കകൊണ്ടു് മറെറാന്നിനും തുനിയുകയില്ല. യുദ്ധം ജയിച്ചുകഴിഞ്ഞിട്ടു് എന്റെ ഭടന്മാർ മററുള്ളവർക്കിടംകൊടുത്തു് പിന്മാറി പൂർവ്വസ്ഥാനങ്ങളിൽ മറയുമെന്നു് റാബി വിചാരിക്കുന്നുണ്ടോ? അവർ അനന്തരം ദാരിദ്ര്യത്തിന്റെ സഖിത്വത്തിനായി പിന്തിരിയുമോ? യുദ്ധാനന്തരംഞാൻതന്നെ മരുഭൂമിയിലെ വിവാസം സഹിക്കുമോ? അങ്ങയുടെ ചോദ്യത്തിനു് വേറൊന്നുകൊണ്ടു ഞാൻ മറുപടിപറയാം. വിജയാനന്തരം എന്തു സംഭവിക്കുമെന്നാണു് അങ്ങു്, പുരോഹിതവൃന്ദം, പ്രധാനാചാര്യൻതന്നെ, കരുതുന്നതു്?"

റാബി നഥാനിയേൽ തറയിലേക്കു നോക്കിക്കൊണ്ടു മറുപടി നൽകി: "ഇസ്രായേലിന്റെ ചരിതം നിങ്ങൾക്കറിയാമല്ലോ. പ്രധാനാചാര്യൻ രാജാവും ഉന്നതന്യായാധിപനുംകൂടി ആയിരുന്ന കാലത്തു നമ്മുടെ ജനം അത്യധികം സുഭഗാവസ്ഥയിൽ കഴിഞ്ഞകാര്യം നിങ്ങൾക്കജ്ഞാതമല്ല. രാജപദം പ്രധാനാചാര്യസ്ഥാനത്തിനു നഷ്ടമായപ്പോൾ അധോഗതി ആരംഭിച്ചു. വിദേശിഭരണത്തിൽനിന്നുണ്ടായതിലധികം അനർത്ഥങ്ങൾ രാജസ്ഥാനത്തുനിന്നാണു് ഇസ്രായേലിനുണ്ടായതു്."

ബറാബാസ് അക്ഷമനായി തടുത്തുപറഞ്ഞു: "റാബി, ക്ഷമിക്കണം; ഇസ്രായേലിന്റെ ചരിത്രം സംബന്ധിച്ചു ഒരു പാഠം പഠിക്കുവാനല്ല ഞാൻ ഇവിടെ വന്നതു്."

"ബറാബാസ് ധൃതിപ്പെടാതിരിക്കു. ഞാൻ പറയുന്നതു് നമ്മുടെ വാദവിഷയത്തെ സ്പർശിക്കുന്നു. നിങ്ങൾ ഒരു ചോദ്യം ചോദിച്ചു. അതിനു സമാധാനം നൽകുവാൻ ഞാൻ ശ്രമിക്കുന്നുവെന്നേയുള്ളു."

"ചുരുക്കി പറഞ്ഞാട്ടെ."

"അങ്ങനെതന്നെ. രാജാക്കന്മാരുടെ പാപത്തിനു ജനങ്ങൾ പരിഹാരം ചെയ്യേണ്ടതുണ്ടെന്നു പറയുവാൻ ഭാവിക്കുകയായിരുന്നു. സർവ്വപ്രധാനമായി ഇസ്രായേലിനെ വിഷമിപ്പിച്ച സംഗതി അയൽരാജ്യങ്ങളുമായുണ്ടായ ഇടപാടുകൾ അല്ലായിരുന്നു. ഈശ്വരനോടുള്ള അതിന്റെ വർത്തനമായിരുന്നു. ഈ സംഗതിയിൽ രാജാക്കന്മാർ തങ്ങളെത്തന്നെ അത്യധികം ആക്ഷേപഭാരത്തിനർഹരാക്കി. ആധുനികകാലത്തു ഇസ്രായേലിലുള്ള രാജാധികാരം സംബന്ധിച്ചു് ഒന്നും പറയേണ്ടതില്ല. അതു് നിങ്ങൾക്കെല്ലാവർക്കും നേരിട്ടറിയാവുന്നതാണല്ലോ."

"റാബി എന്തുദ്ദേശ്യത്തോടുകൂടി പറയുകയാണു്?" ബറാബാസ് ഇടയ്ക്കു ചോദിച്ചു.

"പുരോഹിതവൃന്ദം ഒരു പുതിയ രാജാധികാരസ്ഥാപനം ആഗ്രഹിക്കുന്നില്ലെന്നു വിശദമാക്കുവാൻ. കുറേക്കൂടി വിശദമാക്കാം. പുരോഹിതവൃന്ദമാസകലം നിങ്ങളുടെ പ്രസ്ഥാനത്തിൽ സഹകരിക്കുന്നപക്ഷം, പണംകൊണ്ടും ജനങ്ങളുടെയിടയിലുള്ള സ്വാധീനശക്തി ഉപയോഗിച്ചും പ്രസ്ഥാനത്തെ വിജയിപ്പിക്കുവാൻ സഹായിക്കുന്നുവെങ്കിൽ, അതു് വിജയാനന്തരം ഇസ്രായേലിലുള്ള ഭരണാധികാരം പ്രധാനാചാര്യനിൽ നിക്ഷിപ്തമാകേണമെന്നുള്ള ഏകവ്യവസ്ഥയിന്മേൽ മാത്രമായിരിക്കും. പഴയകാലത്തെപ്പോലെ വീണ്ടും ഇസ്രായേലിനൊരു പുരോഹിതരാജാവിനെ ലഭിക്കുവാനായിട്ടുമാത്രം."

ബറാബാസ് എണീററു: "നഥാനിയേൽ റാബി, ഞാൻ അങ്ങേക്കു നന്ദിപറയുന്നു. നിങ്ങൾ സുവിശദമായ ഒരു മറുപടി നൽകി. ആത്മാർത്ഥത ഞാൻ ഇഷ്ടപ്പെടുന്നുണ്ടു്. നമ്മുടെ നില നാം പരസ്പരം മനസ്സിലാക്കേണമല്ലോ. ഞങ്ങൾക്കു സമരവും ചരമവും; നിങ്ങൾക്കു അധികാരബലവും പ്രതാപവും. സമരമെല്ലാം അവസാനിക്കുമ്പോൾ ഞങ്ങൾക്കു സമാധാനപൂർവ്വം മരുഭൂമിയിലേക്കു മടങ്ങുകയും ചെയ്യാം. ഇപ്പോൾത്തന്നെ മടങ്ങുകയാണു ഭേദമെന്നു എനിക്കു തോന്നുന്നു."

ചർച്ചകളും ആലോചനകളുമെല്ലാം തള്ളിത്താഴെയിട്ടിട്ടു് ബറാബാസ് കടന്നുകളയുമെന്ന ഭീതി പുരോഹിതനെ ഗ്രസിച്ചു. കുറേക്കൂടെ അവിടെയിരുന്നു തുടർന്നുള്ള വിശദീകരണംകൂടി കേൾക്കണമെന്നദ്ദേഹമയാളെ നിർബന്ധിക്കുകയുംചെയ്തു.

"ബറാബാസ്, നിങ്ങൾ എന്നെ പരിപൂർണ്ണം തെററിദ്ധരിച്ചു. അഥവാ എനിക്കു പറയാനുള്ളതു മുഴുവൻ പറയുവാൻ നിങ്ങൾ എന്നെ അനുവദിച്ചില്ല. പുരോഹിതവൃന്ദത്തിനു കൃതഘ്നത കാണിക്കുവാൻ സ്വാഭാവികമായും താല്പര്യമില്ല. രാജാവെന്ന നിലയിൽ പ്രധാനാചാര്യനു ഒരു സൈന്യം ആവശ്യമാണല്ലോ. പരമാർത്ഥത്തിൽ വിദേശികളുടെ ആക്രമണങ്ങളിൽനിന്നു് രാജ്യത്തെ സംരക്ഷിക്കുന്നതിലേക്കു് ഒരു പ്രബലസൈന്യമാണു് അദ്ദേഹത്തിനുവേണ്ടതു്. ഇസ്രായേലിനു സ്വാതന്ത്ര്യം സമ്പാദിച്ച വീരയോദ്ധൃസംഘം എന്തുകൊണ്ടു സൈന്യത്തിൽ ഉൾപ്പെടുകയില്ലാ? ഈ വീരന്മാരുടെ നേതാവു് എന്തുകൊണ്ടു് സർവ്വസൈന്യാധിപനായി നിയമിക്കപ്പെടുകയില്ലാ? ഇങ്ങനെ പ്രധാനാചാര്യൻ ഇസ്രായേലിന്റെ ഹൃദയമാകുമെങ്കിൽ സൈന്യാധിപൻ സമുദായത്തിന്റെ വലംകൈയായി വിരാജിക്കും. ഈ അവസ്ഥ, നിങ്ങൾക്കഭികാമ്യമല്ലേ ബറാബാസ്?"

ബറാബാസ് മൂകനായിത്തീർന്നു. സഹചരന്മാരുടെ ദൃഷ്ടി നിർദ്ദയം തന്റെമേൽ പതിഞ്ഞതായി അയാൾ കണ്ടു. തന്റെ മേലധികാരികളുടെ നാമത്തിൽ റാബി നഥാനിയേൽ ചെയ്ത ഈ നിവേദനം കവർച്ചക്കാരനും കാന്ദിശീകനുമായി കാലയാപനംചെയ്ത ഒരാൾക്കു തീർച്ചയായും സമാകർഷകമായിരുന്നു. അനുയായികൾക്കും മററുപ്രകാരമായിരുന്നില്ല. എന്നാൽ മക്കാബ്യൻ, യൂദാ ബെൻ ജേക്കബിന്റെ നാമം പ്രയോഗിച്ചതു് ബറാബാസിൽ സംശയങ്ങൾ മുളപ്പിച്ചു. റാബിയുടെ ചക്കരവാക്കുകൾ അയാളെ മയക്കിയില്ല. പുരോഹിതന്മാർ അധികാരബലംകൊണ്ടുമാത്രം തൃപ്തിപ്പെട്ടില്ല, സൈനികമായ കീർത്തിയും തങ്ങളിൽപ്പെട്ട ഒരാൾക്കുതന്നെയായിരിക്കണമെന്നും അവർ കരുതി, എന്നിപ്രകാരമായിരുന്നു അയാളുടെ ചിന്താഗതി.

ഒരു മൃദുമന്ദഹാസം അയാളുടെ മുഖത്തു സ്ഫുരിച്ചു റാബി നഥാനിയേൽ അതു കണ്ടുവെങ്കിലും അതിന്റെ സാരം ഗ്രഹിക്കാതെ അദ്ദേഹം കുഴങ്ങി. ബറാബാസ് ചിന്ത തുടർന്നു. ചില ആത്മഗതചോദ്യങ്ങൾ പൊന്തിവന്നു. ഒരു വിപ്ലവത്തിന്റെ സാക്ഷാൽ നേതാവിനെ അനാദരിക്കുക സുസാദ്ധ്യമായി പുരോഹിതർ കരുതിയോ? പുരോഹിതരാജാവിനെ സംബന്ധിച്ച ജല്പനത്തിന്റെ കഥ ചിന്തിച്ചാൽവിജയാനന്തരം യഥാർത്ഥമായഅധികാരംഎവിടെയിരിക്കും"ഹൃദയ"ത്തിലോ"കൈ"യിലോ? സായുധസേന ആർ നിയന്ത്രിക്കുന്നുവോ ആ ആളായിരിക്കുകയില്ലേ സാക്ഷാൽ ഭരണകർത്താവു്? ഈ വസ്തുത മനസ്സിലാക്കുവാൻ സാധിക്കാത്ത ഭോഷനാണോ റാബി നഥാനിയേൽ? അദ്ദേഹത്തിനു മററു വല്ല ഉദ്ദേശ്യവുമുണ്ടോ? വിജേതാക്കളായ സൈന്യാധിപന്മാർ വിജയാനന്തരം പെട്ടെന്നു അപ്രതീക്ഷിതമായി മൃതിയടയാറുള്ള സ്ഥിതികൾ! ക്ഷണികമായി ബറാബാസ് കൂട്ടുകാരെ നോക്കി. അടുത്തിരുന്നതു് എസ്രായായിരുന്നു. അയാളിലും കൂടെയുണ്ടായിരുന്ന മററാളുകളിലും അന്യൂനമായി വിശ്വസിക്കുവാൻ ബറാബാസിനു സാധിച്ചു. റാബി, ബറാബാസിന്റെ മറുപടി പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഏതായാലും തല്ക്കാലം റാബിയുടെ നിവേദനം സമ്മതിച്ച വാക്കുകൊടുക്കാം. തന്റെ പ്രസ്ഥാനത്തിനു പണവും ആയുധങ്ങളും അത്യാവശ്യമാണു്. അവ ലഭിക്കാത്തപക്ഷം അനുയായികളുടെ സംഖ്യ കുറയുകയും സ്വന്തം ശക്തി ക്ഷയിക്കുകയുംചെയ്യും. ആകയാൽ അനുകൂലമറുപടിക്കായി ബറാബാസ് തയ്യാറെടുക്കുകയായിരുന്നു. അപ്പോഴേക്കും മേശയ്ക്കുസമീപം ചിത്രയവനിക ആകസ്മികമായി ഇളകുന്നതയാൾ കണ്ടു. ചതിയോ? രണ്ടടിവെച്ചു് യവനികയെ സമീപിച്ച ബറാബാസ് അതിനെ വലിച്ചുമാററി. ഉടൻതന്നെ ഇളിഭ്യനായവിധം അവിടെ നിലകൊണ്ടു. (തുടരും)

## വിനോദവേദി

അദ്ധ്യാപകൻ:- "കുട്ടികളേ, നിങ്ങൾക്കു ആയിരം രൂപാ കിട്ടുകയാണെങ്കിൽ അതുകൊണ്ടു നിങ്ങൾ എന്തുചെയ്യുമെന്നു ഒരു പ്ലാൻ ആസൂത്രണം ചെയ്തുപന്യസിക്കുക."

എല്ലാവരും അവരവരുടെ മനോധർമ്മമനുസരിച്ചു ഉപന്യാസങ്ങൾ രചിച്ചു. ജോണിമാത്രം ഒന്നും എഴുതാത്ത ഒരു വെള്ളക്കടലാസ് അദ്ധ്യാപകനെ ഏല്പിച്ചു.

അദ്ധ്യാപകൻ:- "എന്താ, മണ്ടനൊന്നും തോന്നിയില്ലേ, എഴുതാൻ?"

ജോണി:- "തോന്നാതിരുന്നില്ല. പക്ഷെ, ഒററക്കാശുപോലും ചിലവാക്കണ്ട എന്നു തീരുമാനിച്ചു."

x x x




"കാരണവരേ, നല്ലോരു അലാറം ടൈംപീസു വാങ്ങ്. വെളുപ്പിനെന്നുമെണീററു പള്ളീപ്പോകാമല്ലോ."

"അതിനു നമ്മടെ എളേകൊച്ചോണ്ടു്. അവനെന്നും വെളുപ്പിനു മുന്നിനുതന്നെ ഉണന്നു കരഞ്ഞോളും."

x x x



"മാത്തുച്ചേട്ടനഞ്ചുരൂപേടെ ഒരു ഡ്റാമാട്ടിക്കററെടുക്കണം."

"പൊന്നു ജോസേ, ഞാനാ ഡ്റാമാ കണ്ടതാണേ, എന്നെ വിട്, ഞാൻ പോട്ടെ."

Reg. M. No. 2293

# Sathya Deepam

Vol. 29 Ernakulam, August 17, 1955 No. 2

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

കഴിഞ്ഞ ആഴ്ചയിൽ ദോമിനിയുടെ ചെറിയ ചെറിയ പ്രേഷിതപ്രവർത്തനങ്ങളുടെ ചില മാതൃകകളാണല്ലോ നാം കണ്ടതു്. ഓറട്ടറിയിൽനിന്നു ഒഴിവുകാലത്തു വീട്ടിൽ ചെന്ന ബാലൻ മടിപിടിച്ചു സമയം കളയുന്നതിനല്ല തുടങ്ങിയതു്. സ്വന്തവീട്ടിൽ വേദപുസ്തകവായന, ജ്ഞാനവായന, പ്രാർത്ഥന മുതലായ ഭക്തപരിപാടികൾക്കു ഒരു ക്രമീകരണം വരുത്തി. ദോമിനിതന്നെ അതിന്റെ നേതൃത്വം വഹിച്ചു. കൂട്ടുകാരെ ആദ്ധ്യാത്മികകാര്യങ്ങളിൽ ഉന്മേഷമുള്ളവരാക്കുന്നതിനു ചില മത്സരപരീക്ഷകളും സമ്മാനദാനങ്ങളും നടത്തി. അലഞ്ഞുതിരിഞ്ഞു തെരുവുതെണ്ടികളായി നടന്ന കുട്ടികളെ സ്നേഹപൂർവ്വം സമീപിച്ചു അവർക്കു നല്ല കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും പ്രാർത്ഥനകൾ ഭക്തിയായി ചൊല്ലുന്നതിനു പരിശീലിപ്പിക്കുകയും ചെയ്തു. ഈ കുഞ്ഞുപ്രേഷിതന്റെ മാതൃക കുഞ്ഞനുജന്മാരേയും കുഞ്ഞനിയത്തികളേയും ഉത്തേജിപ്പിക്കുന്നില്ലയോ? വല്യേട്ടൻ.




**34-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം**

കള്ളന്മാർ മോഷ്ടിച്ച തുക—301 ക.

**പ്രശ്നം നമ്പ്ര് 35**

(കെ. പി. ഡേവീസ്, കുരിയച്ചിറ)

ഞാൻ നിങ്ങളെ ചിരിപ്പിക്കുന്ന ഒരു സ്നേഹിതനാണു്. എന്റെ പേരിനു അഞ്ചക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം ജീവിതത്തിലുണ്ടു്, മരണത്തിലില്ല. രണ്ടാമത്തെ അക്ഷരം നോട്ടത്തിലുണ്ടു്, കാഴ്ചയിലില്ല. മൂന്നാമത്തെ അക്ഷരം സഹോദരനിലുണ്ടു്, സ്നേഹിതനിലില്ല. നാലാമത്തെ അക്ഷരം വീട്ടിലുണ്ടു്, കുടുംബത്തിലില്ല. അഞ്ചാമത്തെ അക്ഷരം അതിഥിയിലുണ്ടു്, വിരുന്നുകാരനിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## ബാലരംഗത്തിൽ അംഗമായി ചേരുന്നതിനുള്ള വ്യവസ്ഥകൾ

1. 16 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാർക്കും അംഗമായിച്ചേരാം. 16 വയസ്സു കഴിഞ്ഞിരുന്നാലും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടില്ലാത്തവർക്കു സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്നിടത്തോളംകാലം അംഗത്വം തുടരാവുന്നതാണു്.

2. "ബാലരംഗ"ത്തിൽ അംഗമായിച്ചേരുന്നതിനും, ഓരോ വർഷവും അംഗത്വം പുതുക്കുന്നതിനും സത്യദീപത്തിനു ഒരു പുതിയ വരിക്കാരനെ ചേർത്തു ഒരുകൊല്ലത്തെ വരിസംഖ്യ (Rs 6-8-0) വാങ്ങി വല്യേട്ടന്റെപേർക്കു അയച്ചുതരണം. മേൽവിലാസക്കാരനു പത്രം ആപ്പീസിൽനിന്നും അയച്ചുകൊടുക്കുന്നതാണു്.

3. മേൽപ്പറഞ്ഞ വ്യവസ്ഥകൾ നിറവേറുന്നവരെ ക്രമപ്രകാരം അംഗങ്ങളായി സ്വീകരിക്കുന്നതും അവരുടെ പേരുകൾ സത്യദീപം ബാലരംഗത്തിൽ പ്രസിദ്ധപ്പെടുത്തുന്നതും, വല്യേട്ടന്റെ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതുമാണു്. പേരിനോടു ചേർത്തു പ്രസിദ്ധീകരിക്കുന്ന ക്രമനമ്പറാണു് അംഗത്തിന്റെ രജിസ്റ്റർ നമ്പർ. എഴുത്തുകുത്തുകളിലും ബാലരംഗത്തിലേക്കു ലേഖനങ്ങൾ, ചെറുകഥകൾ, പ്രശ്നങ്ങൾ മുതലായവ അയക്കുന്നതിലും ഈ നമ്പർ കാണിച്ചിരിക്കണം.

അംഗങ്ങളുടെ ലേഖനങ്ങൾക്കും മററുമായിരിക്കും ബാലരംഗത്തിൽ മുൻഗണന നൽകപ്പെടുക. കൂടാതെ അംഗമായി ചേരുന്നവർ അവരുടെ നല്ല ഫോട്ടോ അയച്ചുതന്നാൽ വല്യേട്ടൻ അതു ബ്ലോക്കെടുപ്പിച്ചു ബാലരംഗത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.


N. B. ബാലരംഗം സംബന്ധിച്ച എഴുത്തുകുത്തുകൾ മുതലായവ:

വല്യേട്ടൻ, "ബാലരംഗം"
സത്യദീപം ആപ്പീസ്
എറണാകുളം 1

എന്ന മേൽവിലാസത്തിൽ അയക്കണം.

# ബാലപാഠം

വർഷാവസാനപ്പരീക്ഷ കഴിഞ്ഞു വളരെപ്പേരെ ബിരുദധാരികളായി വിട്ടിരിക്കയാണു്. വളരെ വളരെ സ്കൂൾഫൈനൽക്കാരേയും വളരെയേറെ ബി. എ. ക്കാരേയും കുറെയധികം മററു വലിയ പരീക്ഷക്കാരേയും. ഇപ്പോഴുള്ളവർക്കുതന്നെ തൊഴിൽ കൊടുക്കാൻ നമ്മുടെ ഭരണാധികാരികൾക്കു കഴിയാതെ വന്നിരിക്കുമ്പോൾ ഇനിയും പരീക്ഷയ്ക്കു പഠിക്കുന്നവരുടെ




സ്ഥിതി എന്തായിരിക്കുമെന്നു പലർക്കും ഭയപ്പാടുണ്ടാകുന്നതായി കാണാം. ഇനിയുള്ളകാലം സർക്കാർജോലിയോ മററെതെങ്കിലും ജോലിയോ കിട്ടണമെന്ന ആഗ്രഹം മാററിവെച്ചിട്ടു് പഠിക്കുന്നതായിരിക്കും കൂടുതലാശ്വാസം.

കുഞ്ഞുങ്ങൾ ഇപ്പോൾ സ്വന്തമായി ഏതെങ്കിലും ജോലികൂടി പരിശീലിക്കുന്നുണ്ടോയെന്നു സ്വയം ചോദിച്ചുനോക്കു. ഇല്ല എന്നാണുത്തരമെങ്കിൽ ഉടനെ സ്വന്തമായൊരു തൊഴിൽകൂടി ഇപ്പോഴേ ശീലിച്ചുതുടങ്ങുന്നതു നന്നായിരിക്കും.

ഏതു തൊഴിലാണു കുട്ടികളായിരിക്കുന്ന ഞങ്ങൾ പഠിക്കേണ്ടതു് എന്നൊരു സംശയം അധികംപേർക്കുമുണ്ടായിരിക്കും. ആ സംശയനിവൃത്തി വരുത്തുന്നതിനു് നിങ്ങളുടെ അദ്ധ്യാപകന്മാരും, അഭ്യസ്തവിദ്യരായ മാതാപിതാക്കന്മാരും സഹായിക്കാതിരിക്കയില്ല.

ഭൂമിയിൽനിന്നും കൃഷിമൂലം കൂടുതൽ ആദായമുണ്ടാക്കുന്നതിനുള്ള പ്രായോഗികപരിശീലനം

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1